
# സത്യദൂതൻ

2019 ജൂലൈ | ലക്കം 07

വില ₹ 30



## ഈ പ്രപഞ്ചത്തിൽ നാം തനിച്ചോ? ഖുർആൻ എന്ത് പറയുന്നു?

## ആർക്കും വേണ്ടാത്ത പെൺകുട്ടികൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy
Yassarnal Quran Font

**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages

**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2019 ജൂലൈ
ഹി.ശ.1399 - വഫാ
1440 ശവ്വാൽ - ദുൽഖഅദ്
പുസ്തകം 91 ലക്കം 7
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 ജൂൺ 7ന് മുബാറക്ക് മോസ്ക്, ഇസ്‌ലാമാബാദ്, ലണ്ടനിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി ഹാശിം അശ്റഫ്

**12**
**ഈ പ്രപഞ്ചത്തിൽ നാം തനിച്ചോ? ഖുർആൻ എന്ത് പറയുന്നു?**
എ. എം. മുഹമ്മദ് സലീം

**17**
**ശ്രീകൃഷ്ണൻ മഹാനായ ഒരു ദൈവദൂതൻ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**20**
**ഈസാനബിയുടെ മരണം മുസ്‌ലിംകൾ താലോലിക്കുന്ന അന്ധവിശ്വാസം**
മുഹമ്മദ് അബുൽ വഫാ

**23**
**ത്വലാഖ് : ഇന്ത്യയിലെ അനാചാരങ്ങൾ**
ഡോ. കൗസർ എടപ്പകത്ത്

**27**
**യേശുവിന്റെ ഭാര്യയെ പറ്റിയുള്ള പാപ്പിറസ് കൃത്രിമമല്ല**
ലൗറീ ഗൂഡ്സ്റ്റൺ

**29**
ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ - 4
**ദിമ്മികളുടെ മൗലികാവകാശങ്ങൾ ഭരണകൂടത്തിന്റെ ഉത്തരവാദിത്തം**
മാലിക്ക് സൈഫുർറഹ്മാൻ

**33**
**അല്ലാഹുമാത്രമാണ് ശമനദായകൻ: പ്രാർത്ഥനയുടെ അത്ഭുതസിദ്ധി**
എം എ മുഹമ്മദ് സാഹിബ് (മർഹൂം)

**36**
അനുസ്മരണം
**എം. എ. അണഞ്ഞു പോയ നാടിന്റെ സ്നേഹ ദീപം**
എ. എം. മുഹമ്മദ് സലീം

**40**
കുറിപ്പുകൾ
**ആർക്കും വേണ്ടാത്ത പെൺകുട്ടികൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അല്ലാഹു നിങ്ങളിൽനിന്ന് വിശ്വസിക്കുന്നവരെയും അറിവ് നൽകപ്പെട്ടവരെയും പല പദവികളിലേക്ക് ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങളുടെ പ്രവർത്തി കളെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനാണ്.(58:12)





## നബിവചനം

ജ്ഞാന വിജ്ഞാനങ്ങൾ സത്യവിശ്വാസിയുടെ നഷ്ടപ്പെട്ട വസ്തുവാണ്. അത് എവിടെ കണ്ടാലും അവൻ അത് എടുത്ത് കൊള്ളട്ടെ അതിന്റെ യഥാർത്ഥ ഉടമ അവനത്രെ (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ജീവിതം നശ്വരമാണ്



നശ്വരവും അഗണ്യവുമായ കാര്യങ്ങൾ മോഹച്ച് നിങ്ങൾ ദിനരാത്രങ്ങൾ തലയിട്ടടിക്കുന്നു. നിങ്ങളുടെ ജീവിതത്തിനും നിങ്ങളുടെ സകല ആശകൾക്കും ഒറ്റയടിക്ക് അവസാനമിടുന്ന ഒരു വേള ഏതായാലും വന്നെത്താനുണ്ടെന്ന് നിങ്ങൾക്കറിയാമോ? എതൊരാശ്ചര്യം! എന്തൊരു ഹൃദയ കാഠിന്യം! ഈ അറിവ് ഉണ്ടായിട്ടും കാലമത്രയും ദുനിയാവ് നേടുന്നതിന് വേണ്ടി തന്നെ നശിപ്പിച്ചു കളഞ്ഞല്ലോ!....... അലാഹുവിന്റെ ദിവ്യ പ്രസ്ഥാനത്തെ വളരെ ദുർബ്ബലം എന്ന് നിങ്ങൾ കരുതിയിരുന്നിരിക്കയാണ്. അതിനെ പറ്റി പറയുമ്പോൾ നിങ്ങളുടെ നാവുകൾ നിന്ദാഭരിതമായ വാക്കുകളിൽ അഹങ്കാരത്തോടും അവജ്ഞയോടും കൂടി ചലിപ്പിക്കുകയും അപഹസിക്കുകയും ചെയ്യാൻ നിങ്ങൾ ധൃഷ്ടരാകുന്നു. ഈ പ്രസ്ഥാനം അല്ലാഹുവിൽ നിന്നുള്ളതാണെന്ന് എന്തിന് കരുതണം എന്ന് നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് ചോദിക്കുന്നു. ഞാനതിനുള്ള മറുപടി നൽകിക്കഴിഞ്ഞു. ഈ വൃക്ഷത്തെ അതിന്റെ ഫലങ്ങൾ നോക്കിയും ഈ നക്ഷത്രത്തെ അതിന്റെ തിളക്കംനോക്കിയും തിരിച്ചറിഞ്ഞു കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ള മറുപടി. (ഫത്ഹെ ഇസ്‌ലാം)

എഡിറ്റോറിയൽ

# മുസ്‌ലിം അവസ്ഥ


***'നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർമാത്ര ണെന്ന് അവർ പറയും അറിയുക! തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ. പക്ഷേ ഈ യാഥാർത്ഥ്യം അവർ ഗ്രഹിക്കുന്നില്ല. മറ്റു ജനങ്ങൾ വിശ്വസിച്ചത് പോലെ നിങ്ങളും വിശ്വസിക്കുകയെന്ന് അവരോട് പറയപ്പെടുമ്പോൾ, ആ ഭോഷന്മാർ വിശ്വസിച്ചത് പോലെ ഞങ്ങൾ വിശ്വസിക്കുകയോ എന്നവർ പറയും. അറിയുക! നിശ്ചയമായും അവർ തന്നെയാണ് ഭോഷന്മാർ എന്നാൽ അവർ ഇക്കാര്യം അറിയുന്നില്ല.' (2: 12-14)***

മഹല്ല് മുതൽ ആഗോള തലം വരെ മുസ്‌ലിം ലോകത്തെ ഗ്രസിച്ച ശൈഥില്യത്തിന്റെയും ജീർണ്ണതയുടെയും ആഴം ഭയാനകമാണ്. ഇസ്‌ലാമിനെ സ്നേഹിക്കുന്ന സാധാരണക്കരായ മുസ്‌ലികകൾ ഈ അവസ്ഥയിൽ അങ്ങേയറ്റം ദുഃഖിതരാണ്. കേരളത്തിലേക്ക് നോക്കൂ. ഉൽപതിഷ്ണുക്കളെന്ന് അവകാശപ്പെട്ട് ഒരേ അഖീദയിൽ വിശ്വസിച്ച് ഒരേ സംഘടനയിൽ പ്രവർത്തിച്ചിരുന്നവർ തന്നെ പറയത്തക്ക കാരണങ്ങളില്ലാതെ ഭിന്ന ചേരിയിൽ നിന്ന് കൊണ്ട് ബദറിലും ഉഹ്ദിലും കണ്ട ആവേശത്തോടെ പരസ്പരം പട പൊരുതുകയാണ്. ഇരു ചേരിയിലുമുള്ള മത പണ്ഡിതന്മാർക്കെതിരെ അസഭ്യങ്ങളും അഴിമതിക്കഥകളും ജുഗുപ്സയുളവാക്കുന്ന ആരോപണങ്ങളും പൊതു വേദികളികളിൽ ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സഹായത്തോടെ പൊടിപ്പും തൊങ്ങലും വെച്ച് വിശദീകരിക്കപ്പെടുന്നു. കാലഹരണപ്പെട്ട നിരർത്ഥക വാദങ്ങൾ അന്ധവിശ്വാസത്തിന്റെ അകമ്പടിയോടെ എഴുന്നള്ളിക്കപ്പെടുന്നു. രാഷ്ട്രീയ പാർട്ടികളെ വെല്ലുന്ന രീതിയിൽ ഗ്രൂപ്പു തിരിഞ്ഞുള്ള അണികളുടെ ശക്തി പ്രകടനങ്ങൾ. ഗ്രൂപ്പിസത്തിന്റെ പേരിൽ വഴക്കും വക്കാണങ്ങളും അരങ്ങേറുന്ന ആരാധനാലയങ്ങൾ! പോലീസ് സീൽ ചെയ്ത് പൂട്ടിപ്പോവുന്ന അല്ലാഹുവിന്റെ ഭവനങ്ങൾ!! എന്തൊരു ലജ്ജാകരവും ഭയാനകവും വേദനാജനകവുമാണ് ഈ അവസ്ഥ. ഇവരുടെ മതപരമായ പ്രവർത്തനങ്ങളിൽ ഇസ്‌ലാമിന്റെ ആസ്വാദ്യകരമായ എന്തെങ്കിലും ആത്മീയ വിഭവങ്ങൾ ഇവർക്ക് നൽകാനുണ്ടോ? റസൂൽ തിരുമേനി (സ) യുടെ ജീവിത സംസ്ക്കാരത്തിന്റെ എന്തെങ്കിലുമൊരു സ്ഫുരണങ്ങൾ ഇവരുടെ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നുണ്ടോ? ഇവരുടെ ഏറ്റവും വലിയ പ്രതിയോഗി എങ്ങനെ സ്വന്തം മതത്തിലെ സഹോദരനായി മാറി? മാംസളമായ ഭാഗങ്ങളെല്ലാം കെട്ടളിഞ്ഞ് അസ്ഥി പഞ്ജരമായിക്കഴിഞ്ഞ ഒരു സമുദായത്തിന്റെ ദാരുണാവസ്ഥയല്ലേ ഇത്.

ഇത് ആത്മ പരിശോധനയുടെ സമയമാണ്. എവിടെയാണ് പിഴച്ചത്? അല്ലാഹു ചോദിക്കുന്നു:
***'അല്ലാഹുവിനേയും (അവനിൽ) നിന്ന് അവതരിച്ച സത്യത്തേയും ഓർത്ത് തങ്ങളുടെ ഹൃദയങ്ങൾ ഭയപ്പെടാനും മുമ്പൊരുകൂട്ടർക്ക് ഗ്രന്ഥം നൽകപ്പെട്ടിട്ട് അവർ കാലം ദീർഘിക്കുകയും അങ്ങനെ, അവരിലധികം പേരും ആജ്ഞാലംഘകരായിരിക്കെ അവരുടെ ഹൃദയങ്ങൾ കടുത്തു പോവുകയും ചെയ്തവരെ പോലെയാകാതിരിക്കാനും സത്യവിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ?'***
*(57: 17)*

മുസ്‌ലിം സമൂഹത്തിൽ ആത്മീയ പുനരുദ്ധാരണത്തിന് വേണ്ടി ആഗതനാവുമെന്ന് ഏറ്റവും ശക്തിയായി റസൂൽ തിരുമേനി(സ) സുവിശേഷം നൽകിയ വാഗ്ദത്ത മഹ്ദി മസീഹ് (അ) യഥാകാലം ആഗതനായി. ലോക മുസ്‌ലിം ബഹുഭൂരിപക്ഷം ആ ഭാഗത്തേക്ക് തിരിഞ്ഞു നോക്കിയില്ല. ബനീ ഇസ്റായേല്യർക്ക് മസീഹായി വന്ന ഹദ്റത്ത് ഈസാ നബി(അ)യെ യഹൂദർ അന്ന് നിഷേധിച്ചത് പോലെ ഉൽപതിഷ്ണുക്കളും യാഥാസ്ഥിതികരുമെല്ലാം വാഗ്ദത്ത മസീഹിനെ നിഷേധിക്കുകയും രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മൺമറഞ്ഞു പോയ യഹൂദികളുടെ അതേ ഇസ്റായേലീ മസീഹ് തന്നെ ആകാശത്ത് നിന്ന് വരണമെന്ന് ശഠിക്കുകയും ചെയ്യുന്നു. ജനമനസ്സുകളിൽ ദുർബോധനം ചെയ്യുന്ന പിശാച് ഒരു ദൈവനിയുക്തവാദിയിൽ നിന്നും സമൂഹത്തെ അകറ്റി ഇത്തരത്തിൽ അധപതിപ്പിക്കുന്നു എന്ന യാഥാർത്ഥ്യം മുസ്‌ലിം സമൂഹത്തിന് തിരിച്ചറിയുമാറാകട്ടെ. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

***'ഞാൻ ഒറ്റക്കല്ല. ആ മഹത്ത്വമാർന്ന എന്റെ നാഥൻ എന്നോടൊപ്പമുണ്ട്. അവനുമായി എന്നെക്കാളുമടുത്തവൻ ആരുമില്ല. അവന്റെ അനുഗ്രഹാതിരേകത്താൽ തന്നെയാണ് എനിക്ക് സ്നേഹമയമായ ഒരാത്മാവ് പ്രദാനം ചെയ്യപ്പെട്ടത്.....സത്യവിശ്വാസത്തിന്റെ കാര്യത്തിൽ തീവ്രതയോടും പൂർണ ഹൃദയത്തോടും കൂടി സേവനങ്ങളർപ്പിക്കാനും ഇസ്‌ലാമിന് വേണ്ടിയുള്ള മഹത്തായ ആത്മീയ സമരത്തെ വിജയത്തിലെത്തിക്കാനുമുള്ള ശ്രമങ്ങളിൽ ഞാൻ നേതൃത്വം നൽകുന്നതിന് തന്നെ'(ആയിനെ കമാലാത്തെ ഇസ്‌ലാം)***



ഹദ്റത്ത് അഹ്മദ് (അ)

# ഖുർആന്റെ അതുല്യത

ഇസ്ലാമിന്റെ ചില എതിരാളികൾ ഉന്നയിക്കുന്ന വാദം എന്തെന്നാൽ ദൈവത്തിന്റെ വചനങ്ങൾ യുക്തിയിലൂടെ മാത്രം അതുല്യമാണെന്നത് കാണുകയാണെങ്കിൽ തന്നെ ഒരു ഗ്രന്ഥത്തിന്റെ അതുല്യത്വം എങ്ങനെയാണ് കേവലം യുക്തിയിലുടെ മാത്രം സ്ഥാപിക്കപ്പെടുക?. വിശുദ്ധ ഖുർആൻ അതുല്യമാണെങ്കിൽ ഈ ഗുണം, ബോദ്ധ്യമാവുന്ന ചില വാദങ്ങൾകൊണ്ട് സ്ഥാപിക്കപ്പെടണം. അറബി മാതൃഭാഷയായുള്ള ഒരാൾക്ക് മാത്രമേ അതിന്റെ ഭാഷാപരമായ മഹത്വം വിലയിരുത്താനാവൂ. അറബി മാതൃഭാഷയല്ലാത്ത ഒരാളെ സംബന്ധിച്ചിടത്തോളം ഖുർആൻ അതുല്യമാണെന്നതിന്ന് അത് തെളിവാകുന്നില്ല. മറ്റുള്ളവർക്ക് അതിൽ നിന്ന് പ്രയോജനവും ലഭിക്കുന്നില്ല. ഇതിനുള്ള മറുപടി വിശുദ്ധ ഖുർആന്റെ അതുല്യതയെ സംബന്ധിച്ച് നിഷേധവാദം പുറപ്പെടുവിക്കുന്നവർ ഒരിക്കലും തന്നെ ഖുർആനെ പറ്റി വിവരമുള്ളവരിൽ നിന്നും ആ കാര്യങ്ങൾ ഗ്രഹിക്കാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടില്ല. അതിന് പകരം വിശുദ്ധ ഖുർആന്റെ പ്രകാശം അവർ ഒഴിവാക്കുന്നു. ഇങ്ങനെ അവർ ചെയ്യാതിരുന്നെങ്കിൽ അവർക്ക് വിശുദ്ധ ഖുർആന്റെ പ്രകാശം കാണാൻ കഴിഞ്ഞേനെ. ഖുർആന്റെ അതുല്യത ഏറ്റവും സ്പഷ്ട മാണ്. സത്യാന്വേഷികളുടെ വിലയിരുത്തലിൽ അത് സത്യവുമായിരിക്കും അതിന്റെ പ്രകാശം സൂര്യനെ പോലെ നാലു ഭാഗത്തും പ്രസരിക്കുന്നു. അത് മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്ക് നിസ്സംശയം അത് ബോധ്യമാവും. പക്ഷപാതിത്വമോ അന്ധകാരമോ പകയോ ബാധിചിട്ടില്ലെങ്കിൽ ചെറിയ ഒരു ശ്രദ്ധ കൊണ്ട് പോലും അതിന്റെ സമ്പൂർണ്ണ പ്രകാശം ഗ്രഹിക്കാവുന്നതാണ്. വിശുദ്ധ ഖുർആന്റെ അതുല്യതയുടെ ചില വശങ്ങൾ ഗ്രഹിക്കാൻ അറബി ഭാഷാജ്ഞാനം ആവശ്യമാണ് എന്നത് ശരി തന്നെ. പക്ഷേ വിശുദ്ധ ഖുർആന്റെ ദിവ്യാത്ഭുത സാകല്യം മുഴുവൻ അറബി ഭാഷാ ജ്ഞാനം മാത്രം ആശ്രയിച്ചാണ് എന്ന നിഗമനം അജ്ഞതയുടെ ഫലമാണ്. ഖുർആനികമായ എല്ലാ അത്ഭുതങ്ങളും ഈ വിവേചന ഗ്രന്ഥത്തിന്റെ എല്ലാ മഹിത ഗുണങ്ങളും അറബികൾക്ക് മാത്രമേ വിലയിരുത്താൻ കഴിയൂ എന്നും അനറബികളെ അതിൽ നിന്നും തടയപെട്ടിരിക്കുന്നു എന്ന വാദവും തികച്ചും തെറ്റാണ്. വിശുദ്ധ ഖുർആന്റെ മിക്ക ഗുണങ്ങളും വളരെ ലളിതവും എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്നതുമാണ്. ഉദാഹരണത്തിന് അതിന്റെ അതുല്യതയുടെ ഒരു വശം മിതത്വമാണ്. ഖുർആൻ വിവരിച്ച ഒരു കാര്യം ഒരു സാധാരണ എഴുത്തുകാരൻ എഴുതുകയാണെങ്കിൽ അത് ഏതാനും പേജുകളോളം വരും. പൂർവ്വ പ്രവാചകന്മാരുടെ വിവിധ മതഗ്രന്ഥ ഗ്രന്ഥങ്ങളിൽ ചിതറിക്കിടക്കുന്ന വൈവിധ്യങ്ങളെയെല്ലാം വിശുദ്ധ ഖു ർ ആൻ ഉൾക്കൊള്ളുന്നു. കൂടാതെ ഒരാൾ തന്റെ ധിഷണാശേഷിയും സംവേദനത്വവും ഉപയോഗിച്ച് മതരംഗത്ത് അതീവ ശുഷ്കാന്തിയോടെ നടത്തുന്ന ശ്രമകരമായ ഗവേഷണങ്ങളാകട്ടെ , അല്ലെങ്കിൽ ഒരാളുടെ യുക്തി ഉപയോഗിച്ച് കൊണ്ടുള്ള നവീന രീതികളും ഉൾക്കാഴ്ച്ചകളും തെളിവുകളും വാദങ്ങളുമാകട്ടെ, അല്ലെങ്കിൽ താരതമ്യത്തിന് വേണ്ടി പുരാതന തത്വവാദികൾ കഠിനമായ പരിശ്രമങ്ങളിലൂടെ കണ്ടെത്തിയ അതിസൂക്ഷ്മ ങ്ങളായ യാഥാർത്ഥ്യങ്ങളാകട്ടെ, അല്ലെങ്കിൽ നിരവധി ആളുകൾ അനുഭവിക്കുന്ന ആന്തരികമായ ക്രമരാഹിത്യത്തിനും ആത്മീയമായ രോഗങ്ങൾക്കും ഖുർആനിൽ നിന്ന് ശമനം കണ്ടെത്തണമെന്ന് ആഗ്രഹിക്കുന്ന ഏതെരാളും അയാൾ ഇഛിക്കുന്ന ഏത് രീതിയിലും ഏത് വിധേനയുമുള്ള പരിശോധ നകളക്കൾക്കും വിശുദ്ധ ഖുർആനെ വിധേയമാക്കു കയും ചെയ്യട്ടെ അങ്ങനെ ചെയ്യുന്ന ഒരാൾക്ക് അതിന്റെ ജ്ഞാനവും യാഥാർത്ഥ്യവും വിവരിക്കു മ്പോൾ വിശുദ്ധ ഖുർആൻ എല്ലാറ്റിനേയും ഒരു വൃത്തം പോലെ വലയം ചെയ്ത് നിൽക്കുന്നതായി കാണാം. മതത്തിന്റെ ഒരു ഭാഗത്തെയും അത് വിട്ട് കളഞ്ഞിട്ടില്ല. തത്വജ്ഞാനികൾ അവരുടെ വികലമായ യുക്തികൊണ്ടും പരിമിതമായ അറിവ് കൊണ്ടും നടത്തുന്ന ന്യൂനതയാർന്ന പ്രസ്താവന കളുടെ ഗുണനിലവാരം വിശുദ്ധ ഖുർആൻ ഉയർത്തുകയും അത് തിരുത്തുകയും ചെയ്യുന്നു. (ബറാഹീനെ അഹ്മദിയ്യ. പേ. 247-277).

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 ജൂൺ 7ന് മുബാറക്ക് മോസ്ക്, ഇസ്ലാമാബാദ്, ലണ്ടനിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി ഹാശിം അശ്റഫ്

# ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് മുതൽ ഞാൻ വീണ്ടും ബദരീ സഹാബാക്കളെ കുറിച്ച് പ്രതിപാദിക്കുന്നതാണ്. ഇന്ന് വിവരിക്കുന്ന സഹാബാക്കളിൽ ആദ്യത്തെ പേര്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ താരിഖ് എന്നാണ്. ഹദ്റത്ത് മുഅതബ് ബിൻ ഉബയ്ദ് (റ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ താരിഖിന്റെ മാതാവിന്റെ ഭാഗത്ത് നിന്നുള്ള സഹോദരനായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ താരിഖും ഹദ്റത്ത് മുഅതബ് ബിൻ ഉബയ്ദും ബദർ, ഉഹദ് യു

ദ്ധങ്ങളിൽ പങ്കെടുത്തു. റജീഅ് സംഭവത്തിൽ ഈ രണ്ട് സഹോദരൻമാരും ശഹീദാക്കപ്പെട്ടു. നബി (സ) ഹിജ്റ മൂന്നാം വർഷം അവസാനത്തിൽ അസൽ, ഖാര ഗോത്രത്തിലെ ചില ആളുകൾക്ക് ദീനിന്റെ അറിവ് നല്കുന്നതിനും വിശുദ്ധ ഖുർആന്റെയും ശരീഅത്തിന്റെയും അധ്യാപനങ്ങൾ പഠിപ്പിക്കുന്നതിനും വേണ്ടി ആറ് സഹാബാക്കളെ അയച്ചിരുന്നു. ഇവരിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ താരിഖും ഉൾപ്പെടുന്നു. ചില നിവേദനങ്ങളിൽ ഇവർ പത്ത് പേരുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. അങ്ങനെ ഈ ആളുകൾ ഹിജാസിന്റെ ഒരു നീരുറവയായിരുന്ന റജീഅ് എന്ന സ്ഥലത്ത് എത്തി. അതിന്റെ ഉടമസ്ഥാവകാശം ഹസീൽ ഗോത്രത്തിനായിരുന്നു. അതിക്രമം കാണിച്ച് കൊണ്ട് അസീൽ ഗോത്രം, സഹാബാക്കളെ വളഞ്ഞു. കലാപം നടത്തി കൊണ്ട് അവരോട് യുദ്ധം ചെയ്യുകയും ചെയ്തു. അവരിൽപ്പെട്ട ഏഴ് സഹാബാക്കളുടെ പേരുകൾ ഇപ്രകാരമാണ്:

ഹദ്റത്ത് ആസിം ബിൻ സാബിത്, ഹദ്റത്ത് മുർസിദ് ബിൻ അബൂ മുർസിദ്, ഹദ്റത്ത് ഹുബയ്ബ് ബിൻ ആദി, ഹദ്റത്ത് ഖാലിദ് ബിൻ ബുകയ്ർ, ഹദ്റത്ത് സയ്ദ് ബിൻ ദസ്ന, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ താരിഖ്, ഹദ്റത്ത് മുഅത്വബ് ബിൻ ഉബയ്ദ്. അവരിൽൽ ഹദ്റത്ത് മുർസിദ്, ഹദ്റത്ത് ഖാലിദ്, ഹദ്റത്ത് ആസിം, ഹദ്റത്ത് മുഅത്വബ് ബിൻ ഉബയ്ദ് അവിടെ വെച്ച് തന്നെ ശഹീദാക്കപ്പെട്ടു. ഹദ്റത്ത് ഹുബയ്ബ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ താരിഖ്, ഹദ്റത്ത് സയ്ദ് എന്നിവർ ആയുധം താഴെവെച്ചപ്പോൾ അവിശ്വാസികൾ അവരെ ബന്ധികളാക്കുകയും മക്കയിലേക്ക് കൊണ്ടുപോകാനും തുടങ്ങി. അങ്ങനെ അവർ മക്കയിൽ നിന്ന് 5 മൈൽ ദൂരത്ത് സ്ഥിതി ചെയ്യുന്ന സഹ്റാൻ എന്ന സ്ഥലത്ത് എത്തിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ താരിഖ്, കയറിൽ നിന്ന് കരങ്ങൾ മോചിപ്പിച്ച് തന്റെ വാൾ കൈകലാക്കി. ഈ ദൃശ്യം കണ്ട്, ശത്രുക്കൾ അദ്ദേഹത്തെ വിട്ട് പിന്നിലേക്ക് മാറി. അദ്ദേഹത്തെ കല്ലുകൾ കൊണ്ട് എറിയാൻ തുടങ്ങി. അങ്ങനെ അദ്ദേഹം ശഹീദാക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഖബർ സഹ്റാൻ എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. റജീഅ് സംഭവം ഹിജ്റത്തിന് 36 മാസങ്ങൾക്ക് ശേഷം, സഫർ മാസത്തിലാണ് നടന്നത്.

റജീഅ് സംഭവത്തെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: നബി(സ)തിരുമേനി നാലാം വർഷം പത്ത് സഹാബാക്കളുടെ ഒരു സംഘത്തെ തയ്യാറാക്കി. ആസിം ബിൻ സാബിത്തിനെ അതിന്റെ അമീറായി നിശ്ചയിച്ചു. രഹസ്യമായി മക്കയുടെ സമീപത്ത് പോയി ഖുറൈശികളുടെ അവസ്ഥ അറിഞ്ഞ് വരുന്നതിനായി അവർക്ക് കല്പനയും നല്കി. ഈ സംഘം പുറപ്പെടുന്നതിന് മുമ്പ് തന്നെ അസൽ, ഖാറ ഗോത്രത്തിലെ കുറച്ചാളുകൾ അങ്ങയുടെ സമക്ഷം ഹാജറായി. എന്നിട്ട് പറഞ്ഞു: ഞങ്ങളുടെ ഗോത്രത്തിലെ ഒരുപാട് പേർ ഇസ്ലാമിലേക്ക് ആകൃഷ്ടരായിരിക്കുന്നു. അതുകൊണ്ട് ഞങ്ങളെ ഇസ്ലാമിനെ കുറിച്ച് പഠിപ്പിക്കുന്നതിനും അങ്ങനെ ഞങ്ങൾ മുസ്ലിമാകുന്നതിനും വേണ്ടി, ഞങ്ങളോടൊപ്പം കുറച്ച് ആളുകളെ അയച്ച് തരണം. നബി(സ)തിരുമേനി മക്കയിൽ നിന്ന് വാർത്തകൾ അറിഞ്ഞ് വരുന്നതിനായി തയ്യാറാക്കിയ ഈ സംഘത്തെ ഇവരോടൊപ്പം അയച്ചു. എന്നാൽ പിന്നീട് ഇവർ പറഞ്ഞത് കളവാണെന്ന് മനസിലായി. ഇവർ ബനൂ ലഹ്യാനിന്റെ പ്രേരണയാലായിരുന്നു മദീനയിൽ വന്നത്. അവർ തങ്ങളുടെ നേതാവായ സുഫിയാൻ ബിൻ ഖാലിദിന്റെ വധത്തിന് പ്രതികാരം ചെയ്യുന്നതിനായി നടത്തിയ ഒരു ഗൂഢതന്ത്രമായിരുന്നു അത്. മേൽ കാരണം പറഞ്ഞ് കുറച്ച് മുസ്ലിംകളെ മദീനക്ക് പുറത്ത് കൊണ്ട് വരികയും അവരെ ആക്രമിക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. ബനൂ ലഹ്യാൻ ഈ പ്രവൃത്തിക്ക് പ്രതിഫലം എന്ന നിലയിൽ അസൽ, ഖാര എന്നീ ഗോത്രത്തിലെ ആളുകൾക്ക് ഒരുപാട് ഒട്ടകങ്ങൾ സമ്മാനമായി നല്കാൻ നിശ്ചയിച്ചിരുന്നു. അസൽ, ഖാര എന്നീ ഗോത്രത്തിലെ വഞ്ചകരായ ആളുകൾ അസ്ഫാനും മക്കയ്ക്കും ഇടയിൽ എത്തിചേർന്നപ്പോൾ, മുസ്ലിംകൾ ഞങ്ങളോടൊപ്പം വരുന്നുണ്ടെന്നും പ്രതികാരം ചെയ്യാൻ വന്ന് കൊള്ളുകയെന്നും ബനൂ ലഹ്യാന് രഹസ്യമായി അവർ അയച്ചു. അങ്ങനെ ബനൂ ലഹ്യാന്റെ നൂറ് അമ്പെയ്ത്തുകാർ ഉൾക്കൊള്ളുന്ന 200 യുവാക്കൾ മുസ്ലിംകളെ പിൻതുടർന്ന് കൊണ്ട് പുറപ്പെട്ടു. അതായത് ഇവരുടെ അറിയിപ്പ് കിട്ടി പുറപ്പെട്ടു. റജീഅ് എന്ന സ്ഥലത്ത് അവർ പരസ്പരം ഏറ്റ് മുട്ടുകയും ചെയ്തു. അടുത്തൊരു കുന്നിൻ മുകളിലേക്ക് കയറുന്നതാണ് യുക്തി എന്ന് മനസ്സിലാക്കിയ സഹാബാക്കൾ അവിടേക്ക് മാറി. അങ്ങനെ യുദ്ധത്തിന് തയ്യാറെടുത്തു. അവിശ്വാസികളെ സംബന്ധിച്ചിടത്തോളം വഞ്ചന കാണിക്കുകയെന്നത് അവർക്കൊരു കുറ്റമായിരുന്നില്ല. അതുകൊണ്ട് അവർ ഉച്ചത്തിൽ വിളിച്ച് പറഞ്ഞു: നിങ്ങൾ മലമുകളിൽ നിന്ന് ഇറങ്ങി വരിക. ഞങ്ങൾ നിങ്ങളെ വധിക്കുകയില്ലായെന്ന് പ്രതിജ്ഞ ചെയ്യുന്നു. ആസിം അതിന് മറുപടി നല്കി കൊണ്ട് പറഞ്ഞു: ഞങ്ങൾക്ക് നിങ്ങളുടെ പ്രതിജ്ഞയിലും വാഗ്ദാനത്തിലും യാതൊരു വിശ്വാസവുമില്ല. പിന്നെ ആസിം ആകാശത്തിലേക്ക് മുഖം ഉയർത്തി കൊണ്ട് പറഞ്ഞു: ഞങ്ങളുടെ നാഥാ! നീ ഞങ്ങളുടെ അവസ്ഥ കാണുന്നവനാകുന്നു. നിന്റെ റസൂലിന് ഞങ്ങളുടെ അവസ്ഥയെ കുറിച്ച് വിവരം നല്കിയാലും. അങ്ങനെ ആസിമും അദ്ദേഹത്തിന്റെ കൂട്ടാളികളും പോരാടി. അവസാനം പൊരുതി ശഹീദായി. ഏഴ് സഹാബാക്കൾ വധിക്കപ്പെട്ടു. പിന്നെ ഖുബയ്ബ് ബിൻ അദി, സയ്യ്ദ് ബിൻ ദസ്ന, അബ്ദുല്ലാഹ് ബിൻ താരിഖ് എന്നിവർ മാത്രമായി അവശേഷിച്ചു. അവിശ്വാസികളുടെ യഥാർത്ഥ ഉദ്ദേ

ശ്യം, ഇവരെ ജീവനോടെ പിടിക്കൂടുകയെന്നതായിരുന്നു. അവർ ശബ്ദം ഉയർത്തി പറഞ്ഞു: ഇപ്പോഴെങ്കിലും താഴേക്ക് ഇറങ്ങി വരിക. നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഏല്പ്പിക്കുകയില്ലായെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. തദവസരത്തിൽ അവർ ഇവരുടെ വാക്കുകളിൽ വിശ്വാസം അർപ്പിച്ച് താഴേക്ക് ഇറങ്ങി. എന്നാൽ താഴെ എ ത്തിയ ഉടൻ അവിശ്വാസികൾ ഇവരെ പിടികൂടുകയും വില്ലി ന്റെ ചരട് കൊണ്ട് അവരെ ബന്ധിക്കുകയും ചെയ്തു. ഇത് നിങ്ങളുടെ വഞ്ചനയെന്നും ഇനി അങ്ങോട്ട് എന്താണ് നിങ്ങൾ ചെയ്യുന്നതെന്ന് അറിയില്ലായെന്നും അവർ വിളിച്ച് പറഞ്ഞ് കൊണ്ടിരുന്നു. അബ്ദുല്ലാഹ് അവരോടൊപ്പം പോകാൻ കൂട്ടാക്കിയില്ല. അപ്പോൾ അവിശ്വാസികൾ കുറച്ച് ദൂരത്തേയ്ക്ക് അബ്ദുല്ലായെ വലിച്ച് ഇഴച്ചു. അദ്ദേഹത്തെ അവിടെ വെച്ച് കൊന്നുകളഞ്ഞു. ഒരു നിവേദനത്തിൽ വരുന്നത്, അബ്ദുല്ലാഹ് ബിൻ താരിഖ് സ്വന്തം കൈകൾ മോചിപ്പിച്ച് ഏറ്റുമുട്ടാൻ തയ്യാറായി. അവർ കല്ലുകൾ കൊണ്ട് എറിഞ്ഞ് അദ്ദേഹത്തെ ശഹീദാക്കി. ഖുബയ്ബിനെയും സയ്യ്ദിനെയും കൊണ്ട് മക്കയിലേക്ക് അവർ പുറപ്പെട്ടു. അവിടെ എത്തി ഖുറൈശികൾക്ക് അവരെ വിറ്റു. എന്തായാലും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ താരിഖ് റജീഅ് സംഭവത്തിൽ ശഹീദായി. അദ്ദേഹം അവിശ്വാസികളോടൊപ്പം പോകുവാൻ തയ്യാറായില്ല. അവിടെ വെച്ച് പൊരുതിക്കൊണ്ട് ശഹീദാവുകയായിരുന്നു.

രണ്ടാമത് വിവരിക്കുന്ന സഹാബിയുടെ പേര്, ഹദ്റത്ത് ആഖിൽ ബിൻ ബുകയ്ർ എന്നാണ്. ഹദ്റത്ത് ആഖിലിന്റെ ബന്ധം ബനൂ സഅദ് ബിൻ ലയ്സുമായാണ്. ഹദ്റത്ത് ആഖിലിന്റെ ആദ്യത്തെ പേര്, ഗാഫിൽ എന്നായിരുന്നു. അദ്ദേഹം ഇസ്ലാം സ്വീകരിച്ചപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ പേര് ആഖിൽ എന്നുവെച്ചു. അദ്ദേഹത്തിന്റെ പിതാവ് ബുകയ്ർ ജാഹിലിയ്യത്ത് കാലഘട്ടത്തിൽ ഹദ്റത്ത് ഉമറിന്റെ പിതൃഗോത്രമായ നഫീൽ ബിൻ അബ്ദുൽ ഗുസായുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നു. അങ്ങനെ ബുകയ്റും അദ്ദേഹത്തിന്റെ എല്ലാ മക്കളും ബനൂ നഫീലിന്റെ സഖ്യകക്ഷികളിൽ ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് ആഖിൽ, ഹദ്റത്ത് ആമിർ, ഹദ്റത്ത് അയാസ്, ഹദ്റത്ത് ഖാലിദ് എന്നീ നാല് സഹോദരൻമാരും ബുകയ്റിന്റെ മക്കളായിരുന്നു. ഇവർ ഒരുമിച്ചാണ് ദാറുൽ അർഖമിൽ ഇസ്ലാം സ്വീകരിച്ചത്. ദാറുൽ അർഖമിൽ വെച്ച് ഇസ്ലാം സ്വീകരിച്ചവരുടെ പ്രഥമ ശ്രേണിയിൽ ഇവർ എല്ലാവരും ഉൾപ്പെടുന്നു. ഹദ്റത്ത് ആഖിൽ, ഹദ്റത്ത് ആമിർ, ഹദ്റത്ത് അയാസ്, ഹദ്റത്ത് ഖാലിദ് എന്നിവർ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ എല്ലാ കുടുംബാംഗങ്ങളെയും കൂടെ കൂട്ടിയാണ് യാത്രയായത്. മക്കയിലെ അവരുടെ വീടുകളിൽ ആരും തന്നെ ബാക്കിയായി ഉണ്ടായില്ല. ഏതുവരെയെന്നാൽ അതിന്റെ വാതിലുകൾ പൂട്ടിയിടപ്പെട്ടു. അവരെല്ലാവരും മദീനയിൽ ഹദ്റത്ത് റഫാഅ ബിൻ അബ്ദുൽ മുൻസിറിന്റെ അടുക്കൽ താമസിച്ചു. റസൂൽ കരീം (സ) ഹദ്റത്ത് ആഖിലിനും ഹദ്റത്ത് മുബശിർ ബിൻ അബ്ദുൽ മുൻസിറിനും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. അവർ രണ്ട്പേരും ബദർ യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു. ഹദ്റത്ത് ആഖിൽ ബദർ യുദ്ധദിവസം 34-ാം വയസ്സിൽ ശഹീദായി. അദ്ദേഹത്തെ മാലിക് ബിൻ സഹീർ ജോശിമിയാണ് ശഹീദാക്കിയത്. ഇബ്നു ഇസ്ഹാഖ് പറയുന്നു: ഹദ്റത്ത് അയാസും അദ്ദേഹത്തിന്റെ സഹോദരൻമാരായ ഹദ്റത്ത് ആഖിൽ, ഹദ്റത്ത് ഖാലിദ്, ഹദ്റത്ത് ആമിർ എന്നിവരെക്കൂടാതെ മറ്റേതെങ്കിലും നാല് സഹോദരന്മാർ ബദർ യുദ്ധത്തിൽ ഒരുമിച്ച് പങ്കെടുത്തതായി ഞങ്ങൾക്ക് അറിയില്ല.

സയ്യ്ദ് ബിൻ അസ്ലം നിവേദനം ചെയ്യുന്നു: അബൂ ബുകയ്റിന്റെ മക്കൾ നബി(സ)തിരുമേനിയുടെ സമക്ഷം ഹാജറായി. എന്നിട്ട് പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! ഞങ്ങളുടെ സഹോദരിയുടെ വിവാഹം ഇന്ന വ്യക്തിയുമായി നടത്തിയാലും. നബി(സ)തിരുമേനി പറഞ്ഞു: ബിലാലിനെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്? അവർക്ക് ഹദ്റത്ത് ബിലാലിൽ തൃപ്തി കൈവന്നില്ല. അതിനാൽ അവർ തിരിച്ച് പോയി. അവർ വീണ്ടും നബി (സ) തിരുമേനിയുടെ സമക്ഷം വന്നു. എന്നിട്ട് പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ! ഞങ്ങളുടെ സഹോദരിയുടെ വിവാഹം ഇന്ന വ്യക്തിയുമായി നടത്തിയാലും. നബി(സ)തിരുമേനി പറഞ്ഞു: ബിലാലിനെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്? അതിൽ അവർ വീണ്ടും തിരിച്ച് പോയി. ശേഷം മൂന്നാം തവണയും അവർ നബി(സ)തിരുമേനിയുടെ സമീപത്ത് വന്നു. എന്നിട്ട് പറഞ്ഞു: ഞങ്ങളുടെ സഹോദരിയുടെ നിക്കാഹ് ഇന്ന വ്യക്തിയുമായി നിർവഹിച്ചാലും. നബി(സ) തിരുമേനി പറഞ്ഞു: ബിലാലിനെ കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? കൂടുതലായി അവിടുന്ന് ഇതും പറഞ്ഞു: സ്വർഗവാസിയായ ഒരു വ്യക്തിയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്? അതിൽ അവർ ഹദ്റത്ത് ബിലാലുമായി തങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തി.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് സയ്ദ് ബിൻ ഹാരിസ എന്നാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹാരിസ ബിൻ ശർഹീലെന്നും ഹാരിസ ബിൻ ശർഹബീലെന്നും പറയപ്പെടുന്നു. അദ്ദേഹത്തിന് ബനൂ ഖളാഅയുമായാണ് ബന്ധം. ഹദ്റത്ത് സയ്ദ് നന്നെ ചെറുതായിരുന്നപ്പോൾ അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തെയും കൂട്ടി തന്റെ വീട്ടിലേക്ക് പുറപ്പെട്ടു. യാത്രയിൽ അവർ തമ്പടിച്ചിരുന്ന കൂടാരത്തിന്റെ മുന്നിലൂടെ ബനൂ ഖയ്നിന്റെ സവാരികൾ കടന്ന് പോകവെ, അവർ അവിടെ നിന്ന് ഹദ്റത്ത് സയ്ദിനെയും എടുത്ത്

കൊണ്ട് പോകുകയും അടിമയാക്കി ഔകാസിന്റെ അങ്ങാടിയിൽ വെച്ച് ഹകീം ബിൻ ഹസാമിന് 400 ദർഹമിന് വില്ക്കുകയും ചെയ്തു. ഹകീം ബിൻ ഹസാം തന്റെ പിതൃസഹോദരി ഹദ്റത്ത് ഖദീജ ബിൻത് ഖുവയ്ലിദിന്റെ സമക്ഷം ഹദ്റത്ത് സയ്ദിനെ സമർപ്പിക്കുകയും ചെയ്തു. പിന്നീട് ഹദ്റത്ത് ഖദീജ തന്റെ എല്ലാ അടിമകളോടൊപ്പം ഹദ്റത്ത് സയ്ദിനെയും നബി(സ)തിരുമേനിക്ക് നല്കി. ഹദ്റത്ത് സയ്ദ് നഷ്ടപ്പെട്ടതിൽ അദ്ദേഹത്തിന്റെ പിതാവ് ഹാരിസയ്ക്ക് വലിയ ദുഃഖമുണ്ടായി. കുറച്ച് കാലങ്ങൾക്ക് ശേഷം ബനൂ കലബിലെ ആളുകൾ ഹജ്ജിന് വേണ്ടി മക്കയിലെത്തി. അവർ ഹദ്റത്ത് സയ്ദിനെ തിരിച്ചറിഞ്ഞു. ഹദ്റത്ത് സയ്ദ് അവരോട് പറഞ്ഞു: എന്റെ കുടുംബത്തോട് എന്നെ കുറിച്ച് പറയുക. ഞാൻ കഅ്ബ മന്ദിരത്തിനടുത്ത് ബനൂ മആദിന്റെ ഒരു ഉന്നത കുടുംബത്തിലാണ് താമസിക്കുന്നത്, അതുകൊണ്ട് വ്യസനിക്കേണ്ടതില്ല. ബനൂ കലബിലെ ആളുകൾ അദ്ദേഹത്തിന്റെ പിതാവിന്റെ അടുക്കൽ ചെന്ന് വിവരങ്ങൾ ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: കഅ്ബയുടെ നാഥനെ കൊണ്ട് സത്യം! നിങ്ങൾ കണ്ടത് എന്റെ മകനെ തന്നെയാണോ? ആളുകൾ അടയാളങ്ങളും വിശദീകരണവും സമർപ്പിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് ഹാരിസയും പിതൃവ്യൻ കഅബും മക്കയിലേക്ക് പുറപ്പെട്ടു. മക്കയിൽ നബി(സ)തിരുമേനിയുടെ അടുക്കൽ എത്തി. ഫിദിയ വാങ്ങി തന്റെ മകൻ അതായത് ഹദ്റത്ത് സയ്ദിന്റെ മോചിപ്പിക്കണമെന്ന് അപേക്ഷിച്ചു. നബി (സ) ഹദ്റത്ത് സയ്ദിനെ വിളിച്ച് അഭിപ്രായം ചോദിച്ചു. ഹദ്റത്ത് സയ്ദ് തന്റെ പിതാവിന്റെയും പിതൃവ്യന്റെയും കൂടെ പോകാൻ വിസമ്മതിച്ചു.

ഈ സംഭവത്തിന്റെ വിശദീകരണം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നത് ഇപ്രകാരമാണ്: നബി(സ) എല്ലാ അടിമകളെയും മോചിപ്പിക്കുന്നുവെന്ന് വിളംബരം ചെയ്തപ്പോൾ എല്ലാ അടിമകളും അദ്ദേഹത്തെ വിട്ട് പോയെങ്കിലും പിന്നീട് അദ്ദേഹത്തിന്റെ ദത്തുപുത്രൻ എന്നറിയപ്പെട്ട ഹദ്റത്ത് സയ്ദ് മാത്രം അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു: അങ്ങ് എന്നെ മോചിപ്പിച്ചു. എന്നാൽ ഞാൻ മോചനം ആഗ്രഹിക്കുന്നില്ല. ഞാൻ അങ്ങയോടൊപ്പം തന്നെ താമസിക്കുന്നതാണ്. എന്നാൽ, നീ സ്വതന്ത്രനാണെന്നും അതുകൊണ്ട് സ്വന്തം നാട്ടിലേക്ക് പോകണമെന്നും ബന്ധുക്കളെ കാണണമെന്നും അവിടുന്ന് നിർബന്ധം ചെലുത്തി. എന്നാൽ ഹദ്റത്ത് സയ്ദ് പറഞ്ഞു: നബി(സ)തിരുമേനിയിൽ ഞാൻ ദർശിച്ച സ്നേഹവും വാത്സല്യവും കാരണത്താൽ അങ്ങ് എനിക്ക് ഏറ്റവും കൂടുതൽ പ്രിയങ്കരനായിരിക്കുന്നു. സയ്ദ് ഒരു സമ്പന്ന കുടുംബത്തിലെ അംഗമായിരുന്നു. ചെറുപ്രായത്തിൽ കൊള്ളക്കാർ തട്ടികൊണ്ട് പോകുകയും വില്ക്കപ്പെടുകയും ചെയ്തു. പിന്നെ കൈമാറി കൈമാറി ഹദ്റത്ത് ഖദീജയുടെ അടുത്തെത്തിയതായിരുന്നു. അദ്ദേഹത്തിന്റെ പിതാവും പിതൃവ്യനും അദ്ദേഹത്തെ അന്വേഷിച്ച് കൊണ്ട് നബി(സ)തിരുമേനിയുടെ അരികിലുമെത്തി. പറ ഞ്ഞു: അങ്ങയുടെ കുലീനതയും സഹാനുഭൂതിയും കേട്ട് കൊണ്ടാണ് ഞങ്ങൾ അങ്ങയുടെ അടുത്ത് വന്നിരിക്കുന്നത്. അങ്ങയുടെ പക്കൽ ഞങ്ങളുടെ മകനുണ്ട്. താങ്കൾ ആവശ്യപ്പെടുന്നത് ഞങ്ങൾ നല്കാൻ തയ്യാറാണ്. അവനെ മോചിപ്പിച്ചാലും. റസൂൽ കരീം(സ) പറഞ്ഞു: നിങ്ങളുടെ മകൻ എന്റെ അടിമയല്ല. ഞാൻ അവനെ മോചിപ്പിച്ചതാണ്. പിന്നീട് അവിടുന്ന് സയ്ദിനെ വിളിച്ചു. എന്നിട്ട് പറഞ്ഞു: നിന്റെ പിതാവും പിതൃവ്യനും നിന്നെ തിരിച്ച് കൊണ്ടുപോകാനായി വന്നിരിക്കുന്നു. ഞാൻ നിന്നെ മോചിപ്പിച്ചതാണ്. നീ എന്റെ അടിമയുമല്ല. നിനക്ക് ഇവരോടൊപ്പം പോകാവുന്നതാണ്. ഹദ്റത്ത് സയ്ദ് മറുപടി നല്കികൊണ്ട് പറഞ്ഞു: അങ്ങ് എ

നിന്റെ മാതാവ് വലിയ ബുദ്ധിമുട്ടിലാണ്. നിന്റെ പിതാവും പിതൃവ്യനും എത്ര ദൂരത്ത് നിന്നും എത്രമാത്രം ബുദ്ധിമുട്ട് സഹിച്ചുമാണ് നിന്നെ കൂട്ടികൊണ്ട് പോകാൻ ഇവിടെ വന്നിരിക്കുന്നതെന്ന് നോക്കുക. അതുകൊണ്ട് നീ അവരോടൊപ്പം പോകുക. സയ്ദിന്റെ പിതാവും പിതൃവ്യനും മനസിലാക്കി കൊടുക്കുവാൻ ശ്രമിച്ചു. എന്നാൽ ഹദ്റത്ത് സയ്ദ് അവരോടൊപ്പം പോകാൻ വിസമ്മതിച്ചു. പറഞ്ഞു: നിങ്ങൾ എന്റെ പിതാവും പിതൃവ്യനും തന്നെയാണ്. നിങ്ങൾക്ക് എന്നോട് വളരെ സ്നേഹവുമുണ്ട്. എന്നാൽ ഏതൊരു ബന്ധമാണോ ഇദ്ദേഹവുമായി ഉണ്ടായിരിക്കുന്നത് അത് ഒരിക്കലും തന്നെ മുറിഞ്ഞ് പോകുന്നതല്ല. അദ്ദേഹത്തെ ഉപേക്ഷിച്ച് എനിക്ക് ജീവിക്കാനും സാധ്യമല്ല. സയ്ദ് ഈ കാര്യങ്ങൾ പറഞ്ഞപ്പോൾ നബി(സ)തിരുമേനി കഅ്ബ മന്ദിരത്തിലേക്ക് പോകുകയും ഇപ്രകാരം വിളംബരം ചെയ്യുകയും ചെയ്തു, സയ്ദ് പ്രകടിപ്പിച്ച സ്നേഹവായ്പിനാൽ ഇന്ന് മുതൽ അവൻ എന്റെ മകനാകുന്നു. അതിൽ സയ്ദിന്റെ പിതാവും പിതൃവ്യനും സന്തോഷിച്ചു. സന്തോഷത്തോടെ തിരിച്ച് പോകുകയും ചെയ്തു. കാരണം, അദ്ദേഹം അങ്ങേയറ്റം സുഖത്തോ ടും സമാധാനത്തോടും കൂടിയാണ് ജീവിക്കുന്നതെന്ന് അവർ കണ്ടു. ചുരുക്കത്തിൽ, സയ്ദ് ആത്മാർത്ഥത പ്രകടിപ്പിച്ചപ്പോൾ നബി(സ)തിരുമേനി കാഴ്ചവെച്ച അസാധാരണ മായ സഹാനുഭൂതി മുഹമ്മദ് റസൂലുല്ലാഹ്(സ)തിരുമേനിയുടെ ഉന്നത ധാർമിക ഗുണത്തിനുള്ള തെളിവാണ്.

ന്നെ മോചിപ്പിരിക്കുന്നു. എന്നാൽ
ഞാൻ മോചിതനാകാൻ ആഗ്രഹി
ക്കുന്നില്ല. ഞാൻ എന്നെ അങ്ങയു
ടെ അടിമയായി മനസ്സിലാക്കുന്നു.
അവിടുന്ന് വീണ്ടും പറഞ്ഞു: നിന്റെ
മാതാവ് വലിയ ബുദ്ധിമുട്ടിലാണ്. നി
ന്റെ പിതാവും പിതൃവ്യനും എത്ര
ദൂരത്ത് നിന്നും എത്രമാത്രം ബുദ്ധി
മുട്ട് സഹിച്ചുമാണ് നിന്നെ കൂട്ടികൊ
ണ്ട് പോകാൻ ഇവിടെ വന്നിരിക്കു
ന്നതെന്ന് നോക്കുക. അതുകൊണ്ട്
നീ അവരോടൊപ്പം പോകുക. സ
യ്ദിന്റെ പിതാവും പിതൃവ്യനും മ
നസിലാക്കി കൊടുക്കുവാൻ ശ്ര
മിച്ചു. എന്നാൽ ഹദ്റത്ത് സയ്ദ് അ
വരോടൊപ്പം പോകാൻ വിസമ്മ
തിച്ചു. പറഞ്ഞു: നിങ്ങൾ എന്റെ പി
താവും പിതൃവ്യനും തന്നെയാണ്.
നിങ്ങൾക്ക് എന്നോട് വളരെ സ്നേ
ഹവുമുണ്ട്. എന്നാൽ ഏതൊരു ബ
ന്ധമാണോ ഇദ്ദേഹവുമായി ഉണ്ടായി
രിക്കുന്നത് അത് ഒരിക്കലും തന്നെ
മുറിഞ്ഞ് പോകുന്നതല്ല. അദ്ദേഹ
ത്തെ ഉപേക്ഷിച്ച് എനിക്ക് ജീവി
ക്കാനും സാധ്യമല്ല. സയ്ദ് ഈ കാ
ര്യങ്ങൾ പറഞ്ഞപ്പോൾ
നബി(സ)തിരുമേനി കഅ്ബ മന്ദിര
ത്തിലേക്ക് പോകുകയും ഇപ്രകാരം
വിളംബരം ചെയ്യുകയും ചെയ്തു,
സയ്ദ് പ്രകടിപ്പിച്ച സ്നേഹവായ്പി
നാൽ ഇന്ന് മുതൽ അവൻ എന്റെ
മകനാകുന്നു. അതിൽ സയ്ദിന്റെ പി
താവും പിത്യവ്യനും സന്തോഷിച്ചു.
സന്തോഷത്തോടെ തിരിച്ച് പോകു
കയും ചെയ്തു. കാരണം, അദ്ദേഹം
അങ്ങേയറ്റം സുഖത്തോ ടും സമാ
ധാനത്തോടും കൂടിയാണ് ജീവിക്കു
ന്നതെന്ന് അവർ കണ്ടു. ചുരുക്ക
ത്തിൽ, സയ്ദ് ആത്മാർത്ഥത പ്രക
ടിപ്പിച്ചപ്പോൾ നബി(സ)തിരുമേനി
കാഴ്ചവെച്ച അസാധാരണ മായ സ
ഹാനുഭൂതി മുഹമ്മദ് റസൂ
ലുല്ലാഹ്(സ)തിരുമേനിയുടെ ഉന്നത
ധാർമിക ഗുണത്തിനുള്ള തെളി
വാണ്.

ഈ സംഭവത്തെ കുറിച്ച്
സീറത്ത് ഖാത്തമുന്നബിയ്യീനിൽ
ഇങ്ങനെയും എഴുതിയിരിക്കുന്നു:
നബി(സ)തിരുമേനി പറഞ്ഞു: ഇ
വൻ എന്റെ അനന്തരാവകാശി ആ
യിരിക്കും. ഞാൻ അവന്റെയും അ
നന്തരാവകാശിയായിരിക്കും. ആ
ദിവസം മുതൽ സയ്ദിനെ സയ്ദ്
ബിൻ മുഹമ്മദ് എന്ന് വിളിക്കാൻ തു
ടങ്ങി. എന്നാൽ ഹിജ്റത്തിന് ശേഷം
ദത്തുപുത്രന് സ്വന്തം പേര് നല്കി
വിളിക്കുന്നത് അനുവദനീയമല്ലെന്ന
കല്പന അല്ലാഹുവിൽ നിന്ന് ലഭി
ച്ചപ്പോൾ വീണ്ടും സയ്ദ് ബിൻ ഹാ
രിസയെന്ന് വിളിച്ച് തുടങ്ങി. എ
ന്നാൽ നബി(സ)തിരുമേനിയ്ക്ക് ത
ന്റെ ആത്മാർത്ഥനായ സേവകനോ
ട് ഉണ്ടായിരുന്ന പെരുമാറ്റത്തിനും
സ്നേഹത്തിനും യാതൊരു വ്യത്യാ
സവും സംഭവിച്ചില്ലെന്ന് മാത്രമല്ല,
അനുദിനം അത് വർധിച്ച് കൊണ്ടി
രുന്നു. സയ്ദിന്റെ വഫാത്തിന് ശേ
ഷവും തന്റെ സേവകയായ ഉമ്മെ
അയ്മനിൽ സയ്ദിന് ജനിച്ച മകൻ
ഉസാമ ബിൻ സയ്ദിനോടും
നബി(സ)തിരുമേനി അതേ പെരുമാ
റ്റവും സ്നേഹവും പ്രകടിപ്പിച്ചി
രുന്നു. സയ്ദിന്റെ പ്രത്യേകതകളി
ലെ ഒരു പ്രത്യേകത എല്ലാ സഹാ
ബാക്കളിലും വെച്ച് അദ്ദേഹത്തിന്റെ
പേര് മാത്രമാണ് വിശുദ്ധ ഖുർആ
നിൽ വ്യക്തമായ നിലയിൽ പ്രതി
പാദിച്ചിരിക്കുന്നത് എന്നതാണ്. ഹ
ദ്റത്ത് ജബല ഹദ്റത്ത് സയ്ദിന്റെ
മൂത്ത സഹോദരനായിരുന്നു. ഒരി
ക്കൽ അദ്ദേഹത്തോട് നിങ്ങളിൽ
ആർക്കാണ് പ്രായകൂടുതലെന്ന് ചോ
ദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: സ
യ്ദ് എന്നേക്കാൾ മുതിർന്ന വ്യക്തി
യാണ്. എന്നാൽ ഞാൻ അദ്ദേഹ
ത്തെക്കാൾ മുമ്പ് ജനിച്ചുവെന്ന് മാ
ത്രം. അദ്ദേഹം ഉദ്ദേശിച്ചത്, ഹദ്റത്ത്
സയ്ദ് ഇസ്ലാം സ്വീകരിച്ചതിൽ മുൻ
കടന്നതിനാൽ ഇദ്ദേഹത്തെക്കാൾ
ശ്രേഷ്ഠനായിരുന്നുവെന്നാണ്. ഹദ്റ
ത്ത് ബറാഅ് വിവരിക്കുന്നു,
നബി(സ)തിരുമേനി ഹദ്റത്ത് സയ്യ്ദി
നോട് പറഞ്ഞു: നീ എന്റെ സഹോ
ദരനും എന്റെ സുഹൃത്തുമാകുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗ
ഊദ്(റ) വിവരിക്കുന്നു: നാല് വ്യ
ക്തികൾക്ക് നബി(സ)യുമായി അടു
ത്ത ബന്ധം പുലർത്താൻ അവസ
രം ലഭിച്ചു. അങ്ങയുടെ പത്നിയാ
യിരുന്ന ഹദ്റത്ത് ഖദീജ, അങ്ങയു
ടെ പിതൃവ്യപുത്രനായിരുന്ന ഹദ്റ
ത്ത് അലി, അവിടുന്ന് മോചിപ്പിച്ച
അടിമ ഹദ്റത്ത് സയ്ദ്, അങ്ങയുടെ
സുഹൃത്തായിരുന്ന ഹദ്റത്ത് അബൂ
ബക്കർ. അങ്ങയ്ക്ക് ഒരിക്കലും കള
വ് പറയാൻ സാധിക്കില്ലെന്നുള്ള
തായിരുന്നു അക്കാലത്ത് ഇവരുടെ
വിശ്വാസത്തിനുള്ള തെളിവ്

തായിഫിലേക്കുള്ള യാത്ര
യിലും ഹദ്റത്ത് സയ്ദ്, നബി(സ)
തിരുമേനിയെ അനുഗമിച്ചിരുന്നു.
അവിടെയാണ് സഖീഫ് ഗോത്രക്കാ
ർ താമസിച്ചിരുന്നത്. ഹദ്റത്ത് അ
ബൂ താലിബിന്റെ വഫാത്തിന് ശേ
ഷം ഖുറൈശികൾ നബി(സ)തിരു
മേനിയുടെ മേൽ വീണ്ടും
പീഢനമുറകൾ ആരംഭിച്ചപ്പോൾ
നബി (സ) ഹദ്റത്ത് സയ്യ്ദ് ബിൻ
ഹാരിസയോടൊപ്പം തായിഫിലേക്ക്
യാത്രയായി. നുബുവ്വത്തിന്റെ 10-ാം
വർഷമാണ് ഈ സംഭവം. ശവ്വാൽ
മാസത്തിന്റെ കുറച്ച് ദിവസങ്ങൾ
ബാക്കിയായിരുന്നു. ആ വേളയിൽ
അവിടുന്ന് തായിഫിലെ എല്ലാ നേ
താക്കൻമാരുടെയും അടുത്ത്
ചെന്നു. എന്നാൽ ആരും തന്നെ അ
ങ്ങയുടെ ക്ഷണം സ്വീകരിച്ചില്ല. യു
വാക്കൾ അങ്ങയുടെ ക്ഷണം സ്വീ
കരിക്കുമോ എന്ന ഭയം അവരിൽ
ജനിച്ചു. അപ്പോൾ അവർ പറഞ്ഞു:
അല്ലയോ മുഹമ്മദ് (സ)! ഞങ്ങളു
ടെ പട്ടണത്തിൽ നിന്ന് പുറത്ത് പോ
കുക. താങ്കളുടെ ക്ഷണം സ്വീകരി
ക്കുന്ന സ്ഥലത്ത് പോയി താമസിച്ച്
കൊളളുക. പിന്നീട് അവർ
തെമ്മാടികളായ ആളുകളെ ഇളക്കി
വിടുകയും അദ്ദേഹത്തെ കല്ലെറിയി
ക്കുകയും ചെയ്തു. അങ്ങനെ അ
ങ്ങയുടെ ഇരുപാദങ്ങളിലൂടെ രക്തം
ഒഴുകാൻ തുടങ്ങി. ഹദ്റത്ത് സയ്ദ്
ബിൻ ഹാരിസ റസൂലുല്ലാഹ് (സ)
ന്റെ മേൽ എറിയപ്പെടുന്ന കല്ലുകൾ
സ്വന്തം ദേഹം കൊണ്ട് തടയാൻ ശ്ര
മിച്ചു കൊണ്ടിരുന്നു. അങ്ങനെ സ
യ്ദിന്റെ ശിരസ്സിലും നിരവധി മുറി
വുകൾ ഉണ്ടായി.

# ഈ പ്രപഞ്ചത്തിൽ നാം തനിച്ചോ? ഖുർആൻ എന്ത് പറയുന്നു?

ഏകാന്തതയുടെ അപാര തീരത്തിലൂടെ ഭൂമി തന്റെ ജീവിപരിവാരങ്ങളുമായി പ്രപഞ്ചത്തിൽ ഒറ്റക്ക് കറങ്ങി തിരിയുകയാണോ? മനുഷ്യ സമൂഹത്തിന്റെയും അവന്റെ സഹജീവികളുടെയും സുഖദുഃഖങ്ങളും ചിന്തകളും അനുഭൂതികളും പങ്കിടാൻ അന്യഗ്രഹ ജീവികളോ മറ്റു ഭൗമേതര നാഗരികതളോ നമ്മുടെ പ്രപഞ്ചത്തിലുണ്ടോ? ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആനും ശാസ്ത്രവും എന്തു പറയുന്നു എന്ന് നോക്കാം.

എ. എം. മുഹമ്മദ് സലീം

സാധാരണ ഒരു മത ഗ്രന്ഥം പോലെയല്ല വിശുദ്ധ ഖുർആൻ. ഭൗതിക പ്രപഞ്ചത്തിലെ യാഥാർത്ഥ്യങ്ങളിലേക്കും പ്രതിഭാസങ്ങളിലേക്കും മനുഷ്യന്റെ ശ്രദ്ധ ക്ഷണിച്ചു കൊണ്ട് ദൈവത്തിന്റെ അസ്തിത്വത്തെപറ്റി ചിന്തിക്കാൻ ആഹ്വാനം ചെയ്യുന്ന ഒരു ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അത്തരം വചനങ്ങൾ ഖുർആനിൽ ഉടനീളം കാണാം. നോബൽ സമ്മാന ജേതാവ് ഡോ. അബ്ദുസ്സലാം തന്റെ പ്രസംഗങ്ങളിൽ ഡമാസ്ക്കസ് യൂണിവേഴ്സിറ്റിയിലെ ഡോ. അഅ്ജാസുൽ ഖാത്തിബിനെ ഉദ്ധരിക്കാറുണ്ട്. ഡോ. ഖാത്തിബിന്റെ പഠനത്തിൽ വിശുദ്ധ ഖുർആനിൽ പ്രകൃതി ശാസ്ത്രങ്ങളെക്കുറിച്ച് പഠിക്കാൻ ആഹ്വാനം ചെയ്തു കൊണ്ട് 750 വചനങ്ങളാണുള്ളത്. അത് ഖുർആന്റെ എട്ടിലൊന്ന്(1/8) വരും. അതേസമയം കർമ്മശാസ്ത്രങ്ങളെ പറ്റി വിശുദ്ധ ഖുർആനിൽ 250 വചനങ്ങൾ മാത്രമേയുള്ളൂ! അപ്പോൾ വിശുദ്ധ ഖുർആൻ ശാസ്ത്ര പഠനത്തിന് നൽകുന്ന പ്രാധാന്യം വ്യക്തമാണല്ലോ. പ്രപഞ്ചത്തിൽ മനുഷ്യന് അജ്ഞാതമായ നിരവധി സത്യങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആൻ സൂചന നൽകുന്നു. അതിലൊന്നാണ് അന്യ ഗ്രഹങ്ങളിൽ ജീവികളുണ്ടെന്ന ഖുർആന്റെ പ്രസ്താവന.

ഭൂമിയിൽ മാത്രമേ ജീവനുള്ളുവെന്നും ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്നുമുള്ള ഭൂകേന്ദ്ര പ്രപഞ്ച വീക്ഷണം (Geocentrism) മദ്ധ്യകാലഘട്ടത്തിലധിഷ്ഠിതമായ ഒരു ക്രിസ്തുമത വീക്ഷണമായിരുന്നു. ക്രിസ്തുവിന് തൊട്ടുമുമ്പുള്ള നൂറ്റാണ്ടുകളിൽ ജീവിച്ച ഗ്രീക്ക് ചിന്തകന്മാരായ അരിസ്റ്റോട്ടിലും ടോളമിയും മുന്നോട്ടുവെച്ച ഈ പ്രപഞ്ച സങ്കൽപ്പം (Ptolemaic System) ക്രിസ്തുമത ദർശനത്തിനനുയോജ്യമായിരുന്നത് കൊണ്ടാണ് മദ്ധ്യകാലഘട്ടത്തിൽ ക്രിസ്തുസഭ അതിന്റെ വക്താക്കളായി മാറിയത്. അതായത് പ്രപഞ്ച സ്രഷ്ടാവിലൊരാളായ ദൈവപുത്രൻ അവതരിച്ച സ്ഥലം ഭൂമിയാണെന്നും അതിനാൽ ഭൂമി സവിശേഷമായ ഒരു സ്ഥലമാണെന്നും പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്നുമായിരുന്നു ക്രൈസ്തവ വീക്ഷണം. ഭൂമി ചലിക്കാത്ത ഒരു സ്ഥലമാണെന്നും ഭൂമിയെന്ന തിരിക്കുറ്റിയിൽ ആകാശ ഗോളങ്ങൾ കറങ്ങിക്കൊണ്ടിരിക്കയാണെന്നതും ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള ക്രിസ്തു സഭയുടെ ഔദ്യോഗിക വിശ്വാസമായിരുന്നു. ഭൂക്രേന്ദ്ര സിദ്ധാന്തത്തിന് അനുകൂലമായ ബൈബിൾ വചനങ്ങൾ ഇപ്രകാരമാണ്.***'ഭൂമിയെ ഒരിക്കലും ഇളകിപ്പോകാത്ത വിധം അതിന്റെ അസ്തിവാരത്തിൽ നീ പ്രതിഷ്ഠിച്ചു. (സങ്കീർത്തനം:104:5) 'അതേ, ഭൂലോകം സുസ്ഥാപിതമാണ് അത് ഇളകുകയില്ല.' (ദിനവൃത്താന്തം 16:30) 'കർത്താവ് ഭരണം നടത്തുന്നു. അവൻ പ്രതാപമണിഞ്ഞിരിക്കുന്നു. കർത്താവ് ശക്തി ധരിച്ച് അര മുറുക്കിയിരിക്കുന്നു. ലോകം സുസ്ഥാപിതമാക്കിയിരിക്കുന്നു അത് ഒരിക്കലും ഇളകുകയില്ല. നിന്റെ സിംഹാസനം പണ്ടേ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്' (സങ്കീർത്തനം 93:1) 'കർത്താവ് ഭരണം നടത്തുന്നു എന്ന്***

***ജനതകൾക്കിടയിൽ പറയു. അതേ, ഭൂലോകം സുസ്ഥാപിതമാണ്. അത് ഇളകുകയില്ല.'(സങ്കീർത്തനം 96:10)*** ഭൂമി പ്രപഞ്ചത്തിന്റെ ഇളകാത്ത അസ്തിവാരമാണെന്ന ക്രിസ്തുസഭയുടെ തീർപ്പിനെതിരെ ആർക്കും യാതൊന്നും പറയാൻ അവകാശമില്ലായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ നവോത്ഥാന ഭൗതിക ശാസ്ത്രജ്ഞനായിരുന്ന കോപ്പർനിക്കസ് (1473–1543) സൂര്യകേന്ദ്ര സിദ്ധാന്തം (Heliocentrism) അവതരിപ്പിച്ചു കൊണ്ട് ഭൂകേന്ദ്ര സിദ്ധാന്തം തിരുത്തിക്കുറിക്കുകയുണ്ടായി. വാസ്തവത്തിൽ പത്താം നൂറ്റാണ്ടിൽ തന്നെ അറബ് ലോകത്തെ ബസറയിൽ ജീവിച്ച ശാസ്ത്ര പ്രതിഭ ഇബ്നു ഹൈത്തം, ടോളമിയുടെ പ്രപഞ്ച സങ്കൽപ്പത്തെ ചോദ്യം ചെയ്തു കൊണ്ട് രചിച്ച ***'അൽ ശുക്കുകു അലാ ബത്തലാമിയൂസ് '*** (Doubts Concerning Ptolemy -ടോളമിയെ സംബന്ധിച്ച സംശയങ്ങൾ) എന്ന പുസ്തകത്തിൽ ടോളമിയുടെ ഭുകേന്ദ്ര സിദ്ധാന്തം തിരുത്തിക്കുറിച്ചിരുന്നു. അതിൽ അരിസ്റ്റോട്ടലിന്റെയും ടോളമിയുടെയും ഗോള സിദ്ധാന്തങ്ങളെ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രീയമായി തെറ്റാണെന്ന് തെളിയിക്കുകയും ഭൂമി സൂര്യനുചുറ്റും ചലിക്കുന്നുണ്ടെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഏതായാലും കോപ്പർനിക്കസിന്റെ ആശയങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ വിലക്കപ്പെട്ട പുസ്തകങ്ങളുടെ*(Index Librorum Prohibitorum = List of Prohibited Books) പട്ടികയിൽ ഉൾപ്പെടുത്തി ക്രിസ്തു സഭ വിളംബരപ്പെടുത്തുകയാണുണ്ടായത്. നൂറ് വർഷങ്ങൾക്ക് ശേഷം ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ഗലീലിയോ ഗലീലി (1564–1642) കോപ്പർ നിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തം അവതരിപ്പിച്ചതിന്റെ പേരിലാണ് മഹാനായ ആ ശാസ്ത്രജ്ഞനെ വേദവിപരീതം (Heresy) ആരോപിച്ച് ക്രിസ്തു സഭ ഇങ്ക്വിസിഷന്ന് വിധേയമാക്കി ജയിലിലടച്ചത് എന്ന കാര്യം നാം ഓർക്കണം.

## ഖുർആന്റെ പ്രപഞ്ച വീക്ഷണം

പ്രപഞ്ചത്തിൽ ഭൂമിയെ കൂടാതെ അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ എന്നതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ എന്ത് പറയുന്നു എന്ന് ചർച്ച ചെയ്യുന്നതിന് മുമ്പായി മറ്റു മതഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായി വിശുദ്ധ ഖുർആന്റെ അതിഗഹനവും ഉന്നത നിലവാരത്തിലുമുള്ള പ്രപഞ്ച വീക്ഷണം ചുരുക്കത്തിൽ പ്രതിപാദിക്കാം. ബൈബിൾ അടിസ്ഥാനമാക്കിയുള്ള ഭൂകേന്ദ്രിത പ്രപഞ്ച സിദ്ധാന്തവും ഭൂമിയിൽ മാത്രമേ ജീവനുള്ളൂ എന്ന വാദവും, ഭൂമി നിശ്ചലമാണ് എന്ന വിശ്വാസവും വിശുദ്ധ ഖുർആൻ നിരാകരിക്കുന്നു. ഖുർആന്റെ പ്രപഞ്ച വീക്ഷണത്തിന്റെ അഞ്ച് പ്രത്യേകതകൾ ഇവയാണ്. 1) അതിബൃഹത്തായ ഈ പ്രപഞ്ചം ഒരു മഹാവിസ്ഫോടനത്തിലൂടെയാണ് നിലവിൽ വന്നത്. 2) വിസ്ഫോടന ശേഷം അത് വികസിച്ചുകൊണ്ടിരിക്കുന്നു. 3) ഒരു നിശ്ചിത പരിധിയിലെത്തിയാൽ വികസനം നിലച്ച് പ്രപഞ്ചം സങ്കോചിക്കുകയും പൂർവ സ്ഥിതി പ്രാപിക്കുകയും ചെയ്യും 4)പ്രപഞ്ച ഗോളങ്ങളെല്ലാം ചലിച്ചുകൊണ്ടിരിക്കുന്നു 5) സൂര്യൻ നമ്മുടെ ഗാലക്സിയിൽ ഒരു പ്രത്യേക ഭ്രമണപഥത്തിലൂടെ സഞ്ചരിക്കുന്നു (Solar Apex).

**1–മഹാവിസ്ഫോടനം:–** വിശുദ്ധ ഖുർആൻ പറയുന്നു: ***'അവിശ്വാസി കൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും സംഘനിതമായ ഒരു പിണ്ഡ (രത്ഖൻ)മായിരുന്നു. പിന്നീട് നാം അതിനെ പിളർത്തു കയും (ഫത്ഖൻ) ചെയ്തു. ജീവനുള്ള എല്ലാറ്റിനേയും നാം ജലത്തിൽനിന്ന് ഉണ്ടാക്കുകയും ചെയ്തു.' (21:31)*** ഭൗതികവാദികളായ അവിശ്വാസികളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഈ ഖുർആൻ വചനത്തിലെ *'രത്ഖൻ'* (സംഘനിത പിണ്ഡം) *'ഫത്ഖൻ'*(പിളർത്തൽ-മഹാവിഭേദനം) എന്നീ രണ്ട് പദങ്ങളും നമ്മുടെ പ്രപഞ്ചം ഉത്ഭവിച്ച രീതികളിലേക്ക് വെളിച്ചം വീശുന്നു. മഹാവിസ്ഫോടനത്തി (Big Bang) ലൂടെയാണ് പ്രപഞ്ചം നിലവിൽ വന്നതെന്ന ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തൽ ഖുർആന്റെ അർത്ഥപൂർണ്ണമായ ഈ വചനത്തെ പിന്തുണക്കുന്നു. ഈ ബ്രഹ്മാണ്ഡം പ്രാഥമികാവസ്ഥയിൽ ഒരു കണരൂപത്തിലായിരുന്നു. അതി സാന്ദ്രവും അത്യുന്നത താപവുമുള്ള അവസ്ഥയിൽ ആ പ്രാഥമിക കണത്തിന്റെ സമമിതി (Symetry) തകർന്ന് സ്ഫോടനത്തിന് വിധേയമാവുന്നു. സ്പോടനത്തിന് ശേഷം പ്രപഞ്ചം തണുക്കുവാൻ തുടങ്ങുകയും വിമോചിതമായ ഊർജ്ജം ബലങ്ങളായും കണങ്ങളായും ആറ്റങ്ങളും തന്മാത്രകളും പദാർത്ഥങ്ങളും ഗോള വ്യവസ്ഥകളുമായി രൂപാന്തരപ്പെടുകയാണുണ്ടായത് എന്ന് മഹാവിസ്ഫോടന സിദ്ധാന്തം പറയുന്നു.

**2–പ്രപഞ്ചത്തിന്റെ വികാസം:–** വിസ്ഫോടന ശേഷം പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കയാണെന്ന് മറ്റൊരു വചനത്തിൽ ഖുർആൻ പറയുന്നു: ***'ആകാശത്തെ നമ്മുടെ ശക്തികൊണ്ട് (അയ്ദിൻ) നാം സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിച്ചു കൊണ്ടിരിക്കുന്നതാണ്. (മൂസിഊൻ) '(51:48)*** 1922 ൽ റഷ്യൻശാസ്ത്രജ്ഞനായിരുന്ന അലക്സാണ്ടർ ഫ്രീഡ് മാനായിരുന്നു പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കുകയാണെന്ന സിദ്ധാന്തം മുന്നോട്ടു വെച്ചത്. പുള്ളികളുള്ള ഒരു ബലൂൺ ഊതി വീർപ്പിക്കുമ്പോൾ പുള്ളികൾ പരസ്പരം അകലുന്നത് പോലെ പ്രപഞ്ചം മഹാവിസ്ഫോടന ശേഷം വികസി

ക്കുകയാണെന്നാണ് ഫ്രീഡ്മാന്റെ കണ്ടെത്തൽ. അമേരിക്കൻ ജ്യോതി ശാസ്ത്ര ജ്ഞനായ എഡ്വിൻ ഹബിൾ ഗാലക്സികളിൽ നിന്നുള്ള പ്രകാശത്തെ അപഗ്രഥനം ചെയ്ത് പ്രപഞ്ചം വികസിക്കുകയാണെന്ന് അസന്ദിഗ്ദമായി തെളിയിക്കുക യുണ്ടായി.

**3) പ്രപഞ്ചത്തിന്റെ വികാസ സങ്കോചങ്ങൾ:-** മഹാവിസ്ഫോടന ശേഷമുള്ള പ്രപഞ്ച വികാസം അനന്തമായി നീണ്ടു പോവുന്നില്ല. നിശ്ചിത പരിധി കഴിഞ്ഞാൽ ഈ വികാസം നിലക്കുകയും ഗുരുത്വാ കർഷണ ബലം മേൽകൈ നേടി പ്രപഞ്ചം ചുരുങ്ങാനാരംഭിക്കുക യും ആദ്യഘട്ടത്തിൽ പ്രപഞ്ചം ഉണ്ടായ രീതിയിൽ ആയിതീരുക യും ചെയ്യും. ഇങ്ങനെ സങ്കോച വികാസത്തിന്റെ ആവർത്തനങ്ങളി ലൂടെയാണ് പ്രപഞ്ചം കടന്നു പോകുന്നത് എന്ന് ആധുനിക കോസ്മോളജി പറയുന്നു. വിശുദ്ധ ഖുർആന്റെ ഒരു വചനം നോക്കൂ. ***'നാം ആകാശത്തെ ഗ്രന്ഥത്താളു കൾ ചുരുട്ടുന്നത് പോലെ ചുരുട്ടുന്ന നാളിനെ ഓർക്കുക. സൃഷ്ടിപ്പിനെ ആദ്യം നാം ആരംഭിച്ചത് പോലെ നാം അത് ആവർത്തിക്കും. നമുക്ക് ബാദ്ധ്യതപ്പെട്ട ഒരു വാഗ്ദാന മാണിത്. അത് നാം നിറവേറ്റുക തന്നെ ചെയ്യും ' (21:105)***

**4)ചലിക്കുന്ന ഗോളങ്ങൾ :-** ബൈബിൾ ഭൂമി ചലിക്കാത്തതും ഇളകാത്തതുമായ ഒരു സ്ഥലമാണെ ന്ന് പറയുമ്പോൾ അതിൽ നിന്ന് വ്യത്യസ്തമായി ഭൂമിയും സൂര്യനും ചന്ദ്രനുമടക്കം ആകാശഗോളങ്ങളെ ല്ലാം ചലിച്ചു കൊണ്ടിരിക്കുന്നു എന്നാണ് ഖുർആൻ പറയുന്നത്. ***'അവനത്രെ രാവിനെയും പകലിനെ യും സൂര്യനെയും ചന്ദ്രനേയും സൃഷ്ടിച്ചത്. അവ ഓരോന്നും ഒരോ ഭ്രമണ പഥത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. (യസ്ബഹൂൻ- നീന്തിക്കൊണ്ടിരിക്കുന്നു.) '(21:34)*** ഈ വചനത്തിൽ ഭ്രമണ പഥങ്ങളി ലൂടെ നീന്തിക്കൊണ്ടിരിക്കുന്നു എന്ന പരാമർശം വളരെ ശ്രദ്ധേയ മാണ്. ഗോളങ്ങളുടെ സ്വയംഭ്രമണം (Rotation) പരിക്രമണം (Revolution) ക്ഷോഭചലനം (Perturbation) എന്നീ വിവിധ തരത്തിലുള്ള ച ലനങ്ങളെ സൂക്ഷ്മമായി സൂചിപ്പിക്കാൻ പറ്റിയതാണ് 'യസ്ബഹൂൻ' എന്ന അറബി പദം.

**5)സൂര്യന്റെ ചലനം:-** ഭൂകേന്ദ്ര സിദ്ധാന്തത്തിന്നെതിരെ യുള്ള കോപ്പർനിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തം സൂര്യന് ചുറ്റും ഭൂമിയടക്കമുള്ള സൗരയൂഥ ഗ്രഹങ്ങൾ സൂര്യനെ വലം വെക്കുന്നു എന്ന് പറയുന്നു. എന്നാൽ സൂര്യന്റെ ചലനത്തെ പറ്റി സവിശേഷമായൊരു പരാമർശമാ ണ് ഖുർആൻ നടത്തിയത്. സൂര്യൻ അതിന്റെ ഭ്രമണപഥത്തിലൂടെ ചലിക്കുകയാണെന്നാണ് ഖുർആൻ വ്യക്തമായും പറയുന്നത്. സൂര്യ നടക്കമുള്ള നമ്മുടെ ഗാലക്സിയിൽ ഹെർക്കുലസ് നക്ഷത്ര മണ്ഡല ത്തിലെ വേഗസ് നക്ഷത്രത്തിന്റെ ഭാഗത്തേക്ക് മണിക്കൂറിൽ 7,20,000 കി.മീ വേഗത്തിൽ ഒരു ദിവസം 1,72,80,000 കി. മീറ്റർ സൂര്യൻ അതിന്റെ മഹാ ഭ്രമണപഥത്തിൽ നമ്മുടെ ഗാലക്സിയുടെ കേന്ദ്ര ത്തെ (Galactic center) ആധാര മാക്കി ചലിച്ചു കൊണ്ടിരിക്കുന്നു. സൂര്യനോടൊപ്പം ഭൂമിയും സൗര യൂഥം മുഴുവനും സഞ്ചരിക്കുന്നു. സോളാർ അപക്സ് (Solar Apex) എന്നാണ് ഈ സൗരപാത അറിയ പ്പെടുന്നത്. സൂര്യചലനത്തെ പറ്റി പരാമർശമുള്ള വിശുദ്ധ ഖുർആന്റെ ഒരു വചനം ഇങ്ങിനെയാണ്. ***'സൂര്യൻ അതിന്റെ നിശ്ചിത ദിശയിലേക്ക് സഞ്ചരിച്ചു കൊണ്ടി രിക്കുന്നു.'(36:39) 'സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറി കടക്കുന്നതുമല്ല. ഓരോന്നും ഓരോ ഭ്രമണ പഥ ത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കു ന്നു.' (36:41)***

## മറ്റു ഭൂമികൾ...?!!

ദൈവം ജീവൻ എന്ന വരദാനം കൊണ്ട് സമ്പന്നമാക്കിയ അനുഗൃഹീത ഗോളമാണ് ഭൂമി. ധിഷണാബദ്ധമായ ജീവിതോത്സവങ്ങളുടെ നിറപകിട്ട് കൊണ്ട് മനോഹരമാണ് നമ്മുടെ ഭൂഗോളം. ഈ ഭൂമിയെ പോലെ ജീവന്റെ തുടിപ്പുകളും വികാര വിസ്മയങ്ങളുമുള്ള മറ്റു ജൈവ ഗോളങ്ങൾ പ്രപഞ്ചത്തിലുണ്ടോ? ശാസ്ത്ര ലോകം തന്നെ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്ത അസാധാരണ മായ ഒരു വിഷയത്തെ പറ്റി നൂറ്റാണ്ടുകൾക്ക് മുമ്പ് അവതരിച്ച വിശുദ്ധ ഖുർആനിൽ ഒരു പ്രസ്താവമുണ്ട്. അതിപ്രകാരമാണ് ***'അല്ലാഹുവാണ് ഏഴ് ആകാശങ്ങ ളെ സൃഷ്ടിച്ചത്. അവയുടെയത്ര ഭൂമികളേയും. അല്ലാഹു അവയ്ക്കി ടയിൽ കൽപ്പനകളിറക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിനും പൂർണ്ണകഴിവുള്ളവനാണെന്നും. അല്ലാഹു സകല വസ്തുക്കളെ യും അറിവിനാൽ വലയം ചെയ്തിക്കുന്നുവെന്നും നിങ്ങളറി യുന്നതിന് വേണ്ടി'(65:13 തഫ്സീർ സഹീർ, ഹദ്റത്ത് മിർസാ ബശീറു ദ്ദീൻ മഹ്മൂദ് അഹ്മദ്)***

ഈ വചനത്തിൽ ഭൂമിയെ പോലെ ജീവികളുടെ ആവാസ വ്യവസ്ഥക്ക് അനുയോജ്യമായ മറ്റു ഗ്രഹങ്ങൾ പ്രഞ്ചത്തിലുണ്ടെന്ന് ഖുർആൻ വ്യക്തമായും പ്രസ്താവി ക്കുന്നു. ആധുനിക ഗോളശാസ്ത്രം ഭൂമിയെപോലെയുള്ള ജൈവഗ്രഹ ങ്ങൾ പ്രപഞ്ചത്തിൽ മറ്റെവിടെ യെങ്കിലുമുണ്ടോ എന്ന അന്വേഷണ ത്തിന് ആരംഭം കുറിച്ചിരിക്കയാണ്. പ്രപഞ്ചത്തിൽ ഇങ്ങനെ നക്ഷത്ര

* വർഷംതോറും ക്രിസ്തുസഭ Index Librorum Prohibitorum= List of Prohibited Books അഥവാ നിരോധിക്കപ്പെട്ട പുസ്തകങ്ങളുടെ പട്ടിക പുതുക്കിക്കൊണ്ടിരുന്നു. 1948 ലാണ് അവസാനമായി ഈ പട്ടിക പുതുക്കിയത്. 1966 ജൂൺ14 ന് പോപ്പ് പോൾ ആറാമനാണ് ഈ പട്ടിക പ്രഖ്യാപിക്കൽ അവസാനിപ്പിച്ചത്. .

ഭൂമിയെ പോലെ  ജീവികളുടെ ആവാസ വ്യവസ്ഥക്ക് അനുയോജ്യമായ മറ്റു ഗ്രഹങ്ങൾ പ്രപഞ്ചത്തിലുണ്ടെന്ന് ഖുർആൻ വ്യക്തമായും പ്രസ്താവി ക്കുന്നു. ആധുനിക ഗോളശാസ്ത്രം ഭൂമിയെപോലെയുള്ള ജൈവഗ്രഹ ങ്ങൾ പ്രപഞ്ചത്തിൽ മറ്റെവിടെ യെങ്കിലുമുണ്ടോ എന്ന അന്വേഷണ ത്തിന് ആരംഭം കുറിച്ചിരിക്കയാണ്. പ്രപഞ്ചത്തിൽ ഇങ്ങനെ നക്ഷത്ര ങ്ങൾക്ക് ചുറ്റിലും നിശ്ചിത അകല മുള്ള ഭ്രമണ വൃത്തത്തിൽ ഭൂമിയെ പോലെയുള്ള ഗോളങ്ങളിൽ ജീവി കൾക്ക് വസിക്കാനാവശ്യമായ  ആവാസ വ്യവസ്ഥക്ക് സാദ്ധ്യത കളുണ്ട്. ഇതിനെയാണ് ആധുനിക വാനശാസ്ത്രം *ജീവയോഗ്യമായ നക്ഷത്രകേന്ദ്രിത പരിവൃത്തം* എന്ന് പറയുന്നത്.

---

ങ്ങൾക്ക് ചുറ്റിലും നിശ്ചിത അകല മുള്ള ഭ്രമണ വൃത്തത്തിൽ ഭൂമിയെ പോലെയുള്ള ഗോളങ്ങളിൽ ജീവി കൾക്ക് വസിക്കാനാവശ്യമായ ആവാസ വ്യവസ്ഥക്ക് സാദ്ധ്യത കളുണ്ട്. ഇതിനെയാണ് ആധുനിക വാനശാസ്ത്രം ജീവയോഗ്യമായ നക്ഷത്രകേന്ദ്രിത പരിവൃത്തം Circumstellar Habitable Zone (CHZ) എന്ന് പറയുന്നത്. പല നക്ഷത്രങ്ങൾക്ക് ചുറ്റുമുള്ള ഭ്രമണവൃത്ത പരിപഥത്തിൽ ജീവമേഖലയുണ്ട് (CHZ). ആ ജീവമേഖലയിൽ ഭൂമിക്ക് സമാനമായ ഗ്രഹങ്ങളും ഉണ്ട്. നാസയുടെ 'കെപ്ലർ സ്പേസ് ഒബ്സർവേറ്ററി' നടത്തിയ നിരീക്ഷ ണങ്ങളിൽ നമ്മുടെ ഗാലക്സിയിൽ തന്നെ സൂര്യനെ പോലെയുള്ള നക്ഷത്രങ്ങൾക്ക് ചുറ്റുമുള്ള ഇത്തരം ജീവമേഖല വൃത്തത്തിൽ 4000 കോടി ഗ്രഹങ്ങൾ ചലിച്ചു കൊണ്ടിരിക്കുന്നതായി പറയുന്നു. അതിൽ അഞ്ചിൽ ഒന്ന് വീതം നക്ഷത്രങ്ങളുടെ CHZ യിൽ ഭൂമിക്കു സമാനമായ ഗ്രഹങ്ങൾ ഉണ്ട്. ഗവേഷണ വിദ്യാർത്ഥികളുടെ മൂന്ന് വർഷത്തെ കഠിനമായ അദ്ധ്വാന ഫലമയാണ് ഇത്തരത്തിലുള്ള ഒരു ഡാറ്റ നാസക്ക് ലഭിച്ചത്. (Far-Off Planets Like the Earth Dot the Galaxy - By Dennis Overbye---, Newyork Times, 2013 Nov  4) മേൽപ്രസ്താവിച്ച ഖുർആൻ വചനത്തിൽ ***'ഏഴ് ആകാശങ്ങളെയും അവയുടെയത്ര ഭൂമിയും'*** എന്ന ഖുർആൻ പ്രയോഗം ആസ്ട്രോണമിക്ക് ഖുർആൻ നൽകിയ ഒരു താക്കോൽ വാക്കാണ്. ജീവന്റെ അന്വേഷണത്തിന്റെ മുന്നോടിയായി ഭൂമിക്ക് തുല്യമായ മറ്റുഭൂമികളെയാണ് (Earth like planets) ശാസ്ത്രം അന്വേഷിക്കുന്നത്. നൂറ്റാണ്ടുകൾക്ക്മുമ്പുള്ള പ്രപഞ്ച സ്രഷ്ടാവിന്റെ വചന ത്തിലെ സത്യം വിസ്മയകരമല്ലേ. ഇവിടെ 'ഏഴ്' എന്ന പ്രയോഗം 'അനേകം' എന്ന അർത്ഥത്തിൽ അറബി ഭാഷയിൽ ഉപയോഗിക്കുന്ന ഒരു ശൈലീപദമാണ്. അപ്പോൾ അനേകം ഭൗമഗ്രഹങ്ങൾ പ്രപഞ്ച ത്തിലുണ്ട് എന്ന സൂചനയാണ് ഖുർആൻ നൽകുന്നത്. മാത്രമല്ല അത്തരം ജീവയോഗ്യമായ ജൈവ ഗോളങ്ങൾ ഉണ്ടാവണമെങ്കിൽ ആ ഗോളത്തിന് വലം വെക്കാൻ ഒരു സൂര്യനും മറ്റു ഗോളാന്തരീയ സംവിധാനങ്ങളും ആവശ്യമാണ്. അതാണ് ഭൂമിയുടെ ആകാശം എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്.

സൂര്യന് ചുറ്റുമുള്ള നമ്മുടെ സൗരയൂഥത്തിലേക്ക് തന്നെ നോക്കൂ, അതിൽ ആകെ എട്ട് ഗ്രഹങ്ങളുള്ളതിൽ നാലെണ്ണം ഭൗമഗ്രഹങ്ങൾ (Terrestial planets) എന്നാണ് അറിയപ്പെടുന്നത്. അതായത് പല ഘടകങ്ങളിലും ഭൂമിക്ക് സമാനമായ ഗ്രഹങ്ങൾ എന്നാണ് 'ടെറസ്ടിയൽ പ്ലാനറ്റ്' എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ശിലാഗ്രഹങ്ങൾ (Rocky Planet) എന്നും ഇവ അറിയപ്പെടുന്നു. ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയാണ് ആ ഗ്രഹങ്ങൾ. നേരത്തെ പറഞ്ഞ ജീവമേഖലയിലാണ്  ഈ ഗ്രഹങ്ങളും ചന്ദ്രനും നിൽക്കുന്നത്. സൗരയൂഥത്തിൽ തന്നെ ഇപ്പോഴത്തെ ഭൗമഗ്രഹങ്ങൾ ഒരു കാലത്ത് ഭൂമിയെ പോലെ ജലവും ജീവനും നിലനിന്നിരുന്നുവെന്നും ഏതെങ്കിലും വിധത്തിലുള്ള ഖഗോള പ്രതിഭാസത്താൽ ജീവ നാശം സംഭവിച്ചതാകാനും മതി.

## ദ്രവജലം ജീവന്റെ അടയാളം

പ്രപഞ്ചത്തിലെ ജീവമേഖലയിലെ ജീവയോഗ്യമായ ഗ്രഹങ്ങളുടെ അന്വേഷണത്തിന്റെ മുഖ്യ മാനദണ്ഡം ദ്രവജലത്തിന്റെ സാന്നിദ്ധ്യമാണ്. ഇതിന് കാരണം ജലവും ജീവനും തമ്മിലുള്ള അഭേദ്യ ബന്ധമാണ്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അവതരിച്ച വിശുദ്ധ ഖുർആനിലെ ഒരു വചനം നോക്കൂ. ***'ചരിക്കുന്ന എല്ലാ ജീവികളെയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു' (24:46).*** ഖുർആന്റെ ഈ പ്രസ്താവനയുടെ മാർഗ്ഗം പിന്തുടർന്നാണ് ആധുനിക ശാസ്ത്രവും നീങ്ങുന്നത്. പ്രപഞ്ച ത്തിലെവിടെയെങ്കിലും ജീവന്റെ സ്ഫുരണങ്ങൾ ഉണ്ടോ എന്ന് തേടുന്ന ശാസ്ത്രമായ എക്സോബയോളജി (Exobiology) ആദ്യമായി അന്വേഷിക്കുക ജലസാന്നിദ്ധ്യമാണ്. അഗാതമായ അർത്ഥം ഉൾക്കൊള്ളുന്ന മറ്റൊരു ഖുർആൻ വചനം ഇവിടെ വീണ്ടും ആവർത്തി

ക്കുകയാണ്: ***'അവിശ്വാസികൾ കാണുന്നില്ലേ ആകാശങ്ങളും ഭൂമിയും സംഘനിതമായ ഒരു പിണ്ഡ( രത്ഖൻ)മായിരുന്നു. പിന്നീട് നാം അതിനെ പിളർത്തുകയും(ഫത്ഖൻ) ചെയ്തു. ജീവനുള്ള എല്ലാറ്റിനേയും നാം ജലത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു' (21:31)*** നേരത്തെ വിവരിച്ചത് പോലെ പ്രപഞ്ചം ആദിയിൽ ഒരു കണരൂപത്തിലായിരുന്നുവെന്നും പിന്നീട് മഹാവിസ്ഫോടനത്തിലൂടെ ഗോളവ്യവസ്ഥകൾ ഉടലെടുത്തുവെന്നും അങ്ങനെ ജീവന് ആതിഥ്യമരുളിയ ജലസമൃദ്ധമായ ഭൂമി നിലവിൽ വന്നുവെന്നും ഈ വചനം ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല ജലം ഉദ്പാദിപ്പിക്കാനാവശ്യമായ ഭൗതിക ഘടകങ്ങൾ ആദിയിൽ ഒന്നായി നിന്നിരുന്ന ബ്രഹ്മാണ്ഡ കണത്തിൽ തന്നെ ഉണ്ടായിരുന്നുവെന്നും ഖുർആൻ സൂചിപ്പിക്കുന്നു. അപ്പോൾ ജല ലഭ്യതക്കാവശ്യമായ അത്തരം ഘടകങ്ങൾ ഇതര ഗോളനിർമിതിയിലും ഉണ്ടാവാം. ഭൗതികവും ഗോളാന്തരീയവുമായ അനുകൂല ഘടകങ്ങളുടെ സാന്നിദ്ധ്യത്തിൽ ദ്രവജലം മറ്റു ഗോളങ്ങളിലും ഉണ്ടാകാനുള്ള സാദ്ധ്യതയിലേക്കുതന്നെയാണ് ഈ വചനം വിരൽ ചൂണ്ടുന്നു.

ജലം മൂന്ന് അവസ്ഥകളിലാണ് കാണപ്പെടുന്നത്. ദ്രാവകം (ജലം) വാതകം(ജലബാഷ്പം) ഖരം (ഐസ്) ഭൂമിയിൽ ഈ മൂന്നവസ്ഥകളിലും ജലം കാണപ്പെടുന്നു. ദ്രവജലം അഥവാ വെള്ളമാണ് ജീവന്ന് നേരിട്ട് സഹായിക്കുന്ന ഘടകം. ജലം ദ്രവരൂപത്തിൽ നിൽക്കണമെങ്കിൽ പ്രപഞ്ച സംവിധാനത്തിൽ തന്നെ നിരവധി അനുകൂല ഘടകങ്ങളും ക്രമീകരണങ്ങളും വേണം. അതായത് മനുഷ്യകരങ്ങൾക്കതീതമായ അതി സങ്കീർണ്ണ പ്രാപഞ്ചിക സന്തുലിതാവസ്ഥയിൽ മാത്രമേ നമ്മുടെ ജീവന് ആധാരമായ ജലം ദ്രവരൂപത്തിൽ ഭൂമിയിൽ നിൽക്കുകയുള്ളൂ. അതായത് ഭൂമി 23.5 ഡിഗ്രി ചരിഞ്ഞത് കൊണ്ടാണ്, ഭൂമിയിൽ ജലം ഈ മൂന്നവസ്ഥകളിലും നില കൊള്ളുന്നതും ജലചംക്രമണത്തിലൂടെ(Water cycle) ഭൂമിയെ ജീവയോഗ്യമാക്കി മാറ്റുന്നതും. അത്പോലെ ദ്രവജല ലഭ്യതക്ക് അനുകൂലമായ മറ്റൊരു ഘടകം സൂര്യനിൽ നിന്നുള്ള നിശ്ചിത അകലമാണ്. ഭൂമി സൂര്യനിൽ നിന്നും ഇപ്പോഴുള്ള ഭ്രമണപഥത്തിൽ നിന്നും കുറച്ചു അകന്നുപോയാൽ ഭൂമിയിലെ ജലമാകെ തണുത്ത് ഐസ് ആയി മാറുമായിരുന്നു. അതുപോലെ സൂര്യനുമായി അൽപ്പം അടുത്താൽ ഭൂജലം മുഴുവൻ ആവിയായി പോവുകയും ചെയ്യുമായിരുന്നു. സൂര്യന്റെ നിശ്ചിത അകലം ഭ്രമണപഥത്തിൽ അഥവാ ജീവമേഖലയിൽ (Habitual Zone) നിൽക്കുന്നത് കൊണ്ടാണ് ഭൂമി ജലസമൃദ്ധവും ജീവയോഗ്യവുമാകുന്നത്. അത്പോലെ അന്തരീക്ഷ മർദ്ദം തുടങ്ങി ഗോളാന്തരീയവും ഭൂഗോളത്തിനകത്തുതന്നെയുള്ളതുമായ നിരവധി അനുകൂല ഘടകങ്ങളുടെ സാകല്യാവസ്ഥയിലാണ് ഭൂമിയിൽ ജലം നിലനിൽക്കുന്നത്. പരമ കാരുണികനായ അല്ലാഹു സൃഷ്ടിച്ച സന്തുലിതമായ ആ ബ്രഹ്മാണ്ഡ സംവിധാനത്തെ സംബന്ധിച്ച് ഖുർആൻ പറയുന്നു: ***'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം (മീസാൻ– Balance) സ്ഥാപിക്കുകയും ചെയ്തു' (55:8)*** ദൈവത്തിന് മാത്രം സൃഷ്ടിക്കാൻ കഴിയുന്ന ഗോളാന്തരീയമായ ഒരു പ്രപഞ്ച സംവിധാനത്തിന്റെ ആനുകൂല്യം കൊണ്ടാണ് ഈ ഭൂമണ്ഡലത്തിൽ ജലം നിൽക്കുന്നത്. അത്കൊണ്ടാണ് മറ്റൊരു വചനത്തിൽ മനുഷ്യനോട് അല്ലാഹു ചോദിക്കുന്നത് ***'നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ച് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ നിങ്ങളാണോ അത് മേഘത്തിൽ നിന്ന് ഇറക്കിയത്?' (56:69) 'പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ട് വന്നു തരിക' (67:31)*** വാസ്തവത്തിൽ ഭൂമി അതിന്റെ ഭ്രമണവൃത്തത്തിൽ നിന്ന് അൽപ്പം മാറി പോയാൽ സംഭവിക്കുന്ന ദുരന്തം നാമൊന്നു ഓർത്തു നോക്കൂ. ഖുർആൻ പറയുന്നു: ***'തീർച്ചയായും ആകാശങ്ങളെയും ഭൂമിയേയും അവയുടെ സ്ഥാനങ്ങളിൽ നിന്ന് നീങ്ങിപ്പോകാതിക്കാൻ അല്ലാഹു പിടിച്ചു നിർത്തുന്നു. ഇനി അവ രണ്ടും നീങ്ങിപോകുന്നതായാൽ അവനു പുറമേ ആരും തന്നെ അവയെ പിടിച്ചു നിർത്തുകയില്ല. നിശ്ചയമായും അവൻ സഹനശീലനും സർവ്വദാ പൊറുക്കുന്നവനുമാകുന്നു'(35:42)*** ഭ്രമണവൃത്തമൊന്നു മാറിയാൽ ഈ ഭൂമി മറ്റൊരു ഭൂമിയായി മാറിപ്പോവും. അതിനുള്ള സാധ്യത നമ്മുടെ പ്രപഞ്ചത്തിൽ വളരെ അധികമാണ്. അല്ലാഹുവിന്റെ കാരുണ്യം കൊണ്ടാണ് ഭൂമി ഈ അവസ്ഥയിൽ നിൽക്കുന്നത്. ഭൂമിയുടെ കോടാനുകോടി കൊല്ലത്തെ പരിണാമ ചരിത്രത്തിൽ അത്തരമൊരവസ്ഥ ഭൂമിക്കുണ്ടായിട്ടുണ്ട്. ഭാവിയിൽ അങ്ങനെ സംഭവിച്ചെന്നും വരാം. ഖുർആൻ പറയുന്നു: ***'ഈ ഭൂമി മറ്റൊരു ഭൂമിയായി മാറ്റപ്പെടുന്ന നാളിൽ (അപ്രകാരം) ആകാശവും മാറ്റപ്പെടുന്ന നാളിൽ '*** (തുടരും)

ദ്രവജലം അഥവാ വെള്ളമാണ് ജീവന്ന് നേരിട്ട് സഹായിക്കുന്ന ഘടകം. ജലം ദ്രവരൂപത്തിൽ നിൽക്കണമെങ്കിൽ പ്രപഞ്ച സംവിധാനത്തിൽ തന്നെ നിരവധി അനുകൂല ഘടകങ്ങളും ക്രമീകരണങ്ങളും വേണം. അതായത് മനുഷ്യകരങ്ങൾക്കതീത മായ അതി സങ്കീർണ്ണ പ്രാപഞ്ചിക സന്തുലിതാവസ്ഥയിൽ മാത്രമേ നമ്മുടെ ജീവന് ആധാരമായ ജലം ദ്രവരൂപത്തിൽ ഭൂമിയിൽ നിൽക്കു കയുള്ളൂ.

# ശ്രീകൃഷ്ണൻ മഹാനായ ഒരു ദൈവദൂതൻ

പുണ്യപുരാതനമായ ഭാരത വർഷത്തിൽ ദിവ്യമുരളികയുമായി വന്ന് ആത്മീയ ശ്രുതി മീട്ടി ദൈവമാർഗ്ഗത്തിലേക്ക് ജനകോടികളെ നയിച്ച ദിവ്യ വർണ്ണത്തോടുകൂടിയ സമുജ്ജ്വല വ്യക്തിത്വമാർന്ന ദൈവ ദൂതനായിരുന്നു ഹദ്റത്ത് ശ്രീകൃഷ്ണ്ൻ(അല്ലാഹുവിന്റെ ശാന്തി അവിടുത്തെ മേൽ വർഷിക്കട്ടെ)

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഹിന്ദു മതം എന്നത് പല മതങ്ങളുടെയും സമ്പ്രദായങ്ങളുള്ള ഒരു മത സമൂഹമാണ്. പരമ്പരാഗത ദൈവിക മതങ്ങളിൽ നിന്നും നാം മനസ്സിലാക്കിയത് പോലെ വെളിപാടുകളെക്കുറിച്ച് ഹിന്ദു മതത്തിൽ നിന്നും തെളിവുകൾ ലഭിക്കുക പ്രയാസകരമാണ്. ഇതിന് മുഖ്യകാരണം വെളിപാട് സങ്കൽപങ്ങൾ മുഴുവനും തന്നെ വേദാദ്ധ്യാപനങ്ങളിൽ മാത്രം പരിമിതമാണെന്ന് അവർ കരുതുന്നു. അതേ സമയം മറ്റൊരു വശത്ത് മനുഷ്യന് അധ്യാപനങ്ങൾ നൽകാനായി ദൈവം സ്വയം തന്നെ മനുഷ്യരൂപത്തിൽ അവതരിക്കുന്നുവെന്ന് വിവരിക്കുകയും ചെയ്യുന്നു.

ക്രിസ്തുമതത്തിൽ ക്രിസ്തു പ്രതിപാദിക്കപ്പെട്ടത് പോലെ ഒരളവോളം കൃഷ്ണനേയും ഉപമിക്കാവുന്നതാണ്. ഉപമ ബാഹ്യരൂപത്തിൽ മാത്രമാണ്. ക്രിസ്തുവിന്റെ വ്യക്തി രൂപത്തിൽ പ്രപഞ്ചത്തിന്റെ വിധതാവായിക്കൊണ്ട് പിതാവായ ദൈവമുണ്ട്. പിതാവായ ദൈവത്തിൽ നിന്നുള്ള പുത്രത്വം ഏതെങ്കിലും വിധത്തിൽ യേശുവിന്റെ ആളത്വത്തിൽ പ്രകടിതമാണ്. ക്രിസ്തു മതത്തിൽ ക്രിസ്തുവോ, പിതാവായ ദൈവമോ അല്ലാത്ത പരിശുദ്ധാത്മാവ് എന്ന് നാമകരണം ചെയ്യപ്പെട്ട മൂന്നാമതൊരാളുണ്ട്. ത്രിത്വത്തിന്റെ തന്നെ അവിഭാജ്യമായ ഒരു ഭാഗമായി അത് നിൽക്കുന്നു.

എന്തായിരുന്നാലും ഹിന്ദുമതത്തിൽ, കൃഷ്ണന്റെ ആളത്വത്തിൽ ബ്രഹ്മാവിന്റെ അഭിവ്യക്തി അഥവാ പ്രകടിതരൂപം (Manifestation) വ്യക്തമല്ല. കൃഷ്ണൻ ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ ബ്രഹ്മാവ് ആകാശഭൂമികൾ ഭരിച്ചിരുന്നത് തന്റെ സ്വർഗ്ഗീയ സിംഹാസനത്തിൽ ഇരുന്നുകൊണ്ടായിരുന്നുവോ? അതല്ല കൃഷ്ണന്റെ ആൾരൂപത്തിൽ തന്നെ പ്രപഞ്ചം ഭരിക്കുകയായിരുന്നുവോ? അതുമല്ല ആകാശത്തിൽ കൽപനക്കുടയവനായി ബ്രഹ്മാവ് ആരുഢനായിരുന്നപ്പോൾ മായയായോ മൂർത്തിയായോ കൃഷ്ണനും ഇരുന്നിട്ടുണ്ടോ? ഇത്തരം ചോദ്യങ്ങൾ ഉത്തരം ലഭിക്കാതെയിരിക്കുന്നു.

വെളിപാടുകളെ സംബന്ധിച്ച് പറയുമ്പോൾ ക്രിസ്തുമതം മറ്റു പാരമ്പര്യ മതങ്ങളെപോലെ ഉന്നത സ്ഥാനത്തു നിന്നും വെളിപാടുകൾ ലഭിക്കുന്നു എന്ന് പൂർണ്ണമായും വിശ്വസിക്കുന്നു. ഹിന്ദുമതത്തിൽ വെളിപാടുകളുടെ രീതി ഏതായാലും പാരമ്പര്യമതങ്ങളുടേത് പോലെയല്ല. ഒരു മാതൃകാ പുരുഷന്റെ ആവശ്യം നിറവേറ്റാൻ ദൈവം സ്വയം തന്നെ ഇവിടെ അവതരിക്കുന്നു. അവൻ തന്റെ സന്ദേശം പ്രേഷണം ചെയ്യാൻ ഒരു ദൂതനെ അയക്കുന്നില്ല.

പുരാതന കാലത്തെ ഋഷിമാർ വിവിധ വേദങ്ങളുടെ സ്വീകർത്താക്കളാണെന്ന് പറയപ്പെടുന്നു. ഋഷി എന്നത് ഒരു ഹിന്ദു സംജ്ഞയാണ്. ഭൗതിക ലോകവുമായുള്ള ബന്ധങ്ങൾ വിഛേദിച്ച് ദൈവത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടയാളെയാണ് ഋഷി എന്നു പറയുന്നത്. വേദങ്ങൾ ദൈവികാദ്ധ്യാപനങ്ങളാണെന്നാണ് വിശ്വസിക്കപ്പെടുന്നതെങ്കിലും ഋഷിമാർക്ക് ലഭിച്ച വെളിപാടുകൾ കൃത്യമായി നിർവ്വചിക്കപ്പെട്ട ശാബ്ദിക വെളിപാടുകളാണ് എന്നതിനെ സംബന്ധിച്ച് വ്യക്തമായ രേഖകളൊന്നുമില്ല. ഋഷിമാരുടെ അന്തഃപ്രചോദനം യഥാർത്ഥ വെളിപാടുകളായി ഗണിക്കാമോ എന്ന പ്രശ്നം എപ്പോഴും വിവാദമായിത്തീരാറുണ്ട്. ഹിന്ദു സ്രോതസ്സുകളിൽ നിന്ന് നാം അറിയുന്ന കാര്യങ്ങൾ മുഴുവനും തന്നെ അവരുടെ വിശ്വാസങ്ങളാണ്. മാത്ര

മല്ല പല പണ്ഡിതൻമാരും വിവിധ കാലഘട്ടങ്ങളാണ് ഋഷിമാരുടേതായി പറയുന്നുതെങ്കിലും അവരെല്ലാവരും ഏകോപിച്ചു പറയുന്നത് മനുഷ്യരിൽ വെച്ച് ഏറ്റവും പ്രാചീനർ ഋഷിമാരാണ് എന്നതാണ്.

ഹിന്ദുമതത്തെക്കുറിച്ചുള്ള ഈ വിവരണം എല്ലാ സാധ്യതകളും വെച്ചു നോക്കിയാൽ മനുഷ്യ ഭാവനയാണെന്ന് കാണാം. പ്രവാചകൻമാർ വന്നു. പോയിക്കൊണ്ടിരുന്നാലും മനുഷ്യർ അവരുടെ ദൈവികാദ്ധ്യാപനങ്ങളിൽ പ്രക്ഷിപ്തങ്ങളും തെറ്റായ വ്യാഖ്യാനങ്ങളും മിഥ്യാഭാഷ്യങ്ങളും കലർത്തുന്നു. ഹിന്ദു പ്രവാചകൻമാരെ തുടർന്നു വന്ന തലമുറകൾ അവരുടെ സന്ദേശങ്ങളെ വികലമാക്കിയതിൽ അൽഭുതപ്പെടാനില്ല. വേദങ്ങൾ മനുഷ്യകരങ്ങളാൽ കളങ്കിതമായിട്ടുണ്ടാകും എന്ന് നാം അഭിപ്രായപ്പെടുമ്പോൾ വേദാദ്ധ്യാപനങ്ങൾ മുഴുവനും മനുഷ്യകൃതമായി രൂപാന്തരണം ചെയ്യപ്പെട്ടു എന്ന് ധരിക്കരുത്. ദൈവിക ഗ്രന്ഥങ്ങൾക്ക് ഇങ്ങനെ സംഭവിക്കാൻ ദൈവം ഒരിക്കലും അനുവദിക്കില്ല. അതിലെ ചില മൗലിക സത്യങ്ങൾ സ്വച്ഛമായും അസ്പർശ്യമായും നിലനിൽക്കുക തന്നെ ചെയ്യും.

ഈ അവികലമായ മൗലിക സത്യങ്ങളുടെ വെളിച്ചത്തിൽ ഓരോ മതത്തെയും ശ്രദ്ധയോടെ പഠിച്ച് നമുക്ക് എപ്പോഴും യാഥാർത്ഥ്യം കണ്ടെത്താനാവും. ഹിന്ദുമതത്തെ അതിന്റെ സ്രോതസ്സിൽ നിന്നുള്ള സാഹിത്യങ്ങളിൽ നിന്ന് സൂക്ഷ്മമായി പഠിക്കുമ്പോൾ അത് അടിസ്ഥാനപരമായി മറ്റു ദൈവിക വെളിപാടു മതങ്ങളിൽ നിന്നും വ്യത്യസ്തമല്ല എന്ന് മനസ്സിലാവും.

വീക്ഷണകോൺ ചെറുതായൊന്നു മാറ്റിയാൽ നമ്മുടെ സംവേദനാനുഭവങ്ങൾ നാടകീയമായി മാറുന്നത് കാണാം. കൃഷ്ണൻ(അ) താൻ സ്വയം ദൈവമാണെന്ന് അവകാശപ്പെട്ടിരുന്നില്ല എന്നതിലേക്ക് മഹാഭാരതത്തിൽ നിന്നും ഗീതയിൽ നിന്നും മതിയായ തെളിവുകൾ നമുക്ക് ലഭിക്കും. അദ്ദേഹം ഒരിക്കലും തന്നെ അനശ്വരത്വവും അവകാശപ്പെട്ടിരുന്നില്ല. രേഖപ്പെട്ട മതചരിത്രത്തിൽ അദ്ദേഹത്തിന്റെ മുമ്പേയും പിമ്പേയും ആഗതരായ മറ്റു പ്രവാചകൻമാരിൽ നിന്നും വ്യത്യസ്തനല്ലാത്ത ദൈവത്തിന്റെ മറ്റൊരു പ്രവാചകനാണ് കൃഷ്ണൻ(അ) എന്ന കാര്യം എളുപ്പത്തിൽ വേർതിരിച്ചറിയാൻ സാധിക്കുന്നതാണ്.

കൃഷ്ണന്റെ അറിയപ്പെട്ട ആധികാരിക ജീവചരിത്രം പ്രതിപാദിക്കുന്നത് പോലെ ക്രി.മു 1458 ലാണ് ഏതൊരു മനുഷ്യശിശുവിനെയും പോലെ വസുദേവരുടെയും ദേവകിയുടെയും പുത്രനായി കൃഷ്ണനും ഭൂമിയിൽ ജനിച്ചു. അവർ ആ കുഞ്ഞിന് കിനായി(Kinai or Kinhai) എന്ന് പേര് വിളിച്ചു. കൃഷ്ണ* എന്ന പേര് പിൽക്കാലത്ത് നൽകപ്പെട്ടതാണ്. *ജ്ഞാനം നൽകപ്പെട്ടയാൾ* എന്നാണ് അർത്ഥം. അസാധാരണമായ സ്വഭാവ വിശേഷത്തോടുകൂടിയ ഒരു സാധാരണ ബാലകനെ പോലെയാണ് അദ്ദേഹം ജീവിച്ചത്. (ഇപ്രകാരമുള്ള അസാധാരണത്വം മിക്ക ദൈവിക പ്രവാചകൻമാരെ പറ്റിയും അവരുടെ അനുയായികൾ വിശ്വസിക്കുന്നു). അദ്ദേഹം മനുഷ്യനെ പോലെയാണ് ജീവിച്ചത്, മനുഷ്യനെപോലെയാണ് പ്രവർത്തിച്ചത്. പ്രകൃതിയുടെ വിളിക്കെല്ലാം മനുഷ്യരെപോലെ ഉത്തരം നൽകി. ശ്രീകൃഷ്ണന്റെ കുട്ടിക്കാലത്ത് ബാലകൻമാർ സാധാരണ ചെയ്യാറുള്ളത് പോലെ ബാലസഹജമായ ചില ലീലകളിലേർപ്പെട്ടു. ഹിന്ദു ഭാഷ്യകാരന്മാരായ വിശകലന വിദഗ്ധർ അഭിപ്രായപ്പെടുന്നത് പോലെ ഒന്നോ രണ്ടോ കിലോ വരുന്ന വെണ്ണ കൃഷ്ണൻ മോഷ്ടിച്ചു. എന്ത് തന്നെയായാലും അദ്ദേഹം ചെയ്ത ആ കളവ് ഒരു

---

***കൃഷ്ണ**: കൃഷ്ണ ശബ്ദത്തിന്റെ മറ്റു നിരുക്തങ്ങൾ ഇപ്രകാരമാണ്

കൃഷി ധാതുണകാരാഭ്യാം
സത്താനന്ദാത്മതാം കിലാഭിതപാത്
ജഗദഘകർഷിത്വം വാ കഥയ ദൃഷ്ടിഃ
കൃഷ്ണ നാമ തേ വ്യതനോത്

:-നാരായണ ഭട്ടതിരി.

കൃഷ് ധാതു സത്തയേയും ണ കാരം ആനന്ദത്തേയും കുറിക്കുന്നു. (കൃഷ്ണ= സത്താനന്ദം, സദാനന്ദൻ) കൃഷ് ധാതുവിന് കർഷണമെന്നും അർത്ഥമുണ്ട്. ലോകത്തിന്റെ പാപങ്ങളെ ഇവൻ കർഷണം ചെയ്യുന്നു. (വലിച്ചു നീക്കുന്ന) ഈ രണ്ടർത്ഥവും മനസ്സിൽ കണ്ടുകൊണ്ടാണ് ഋഷി അങ്ങേക്കു കൃഷ്ണനെന്നു പേരിട്ടിരിക്കുന്നത്.

കൃഷിസ്തദ് ഭക്തി വചനോ
നശ്ചതദ് ദാസ്യവാചകഃ
ഭക്തി ദാസ്യ പ്രദാതാ
യഃസ കൃഷ്ണ

:-ബ്രഹ്മവൈവർത്തക പുരാണം

കൃഷ് ധാതു ഭക്തിയേയും ന കാരം ദാസ്യത്തേയും കുറിക്കുന്നു. യാതൊരുവൻ ഭക്തിയും ദാസ്യവും പ്രദാനം ചെയ്യുന്നുവോ അവൻ കൃഷ്ണൻ :- സംസ്കൃത നിരുക്തകോശം - എൻ. കെ. രാജഗോപാൽ

(വിവ:)

**മുഹമ്മദ് നബി(സ) പറഞ്ഞ ഒരു വചനം ഇപ്രകാരമാണ്: കാന ഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദുല്ലൗനി ഇസ്മുഹു കാഹിനാ. ഇന്ത്യയിൽ കാർവർണ്ണ നിറത്തോടു കൂടിയ ഒരു പ്രവാചകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് കാഹിന(കണ്ണൻ) എന്നായിരുന്നു (ദയ്‌ലമി)

കുറ്റമല്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഹൃദയാലുക്കളായ ബാലൻമാർ അവരുടെ വിവേചന ബോധമനുസരിച്ച് പാവപ്പെട്ട തങ്ങളുടെ കളി കൂട്ടുകാർക്ക് വേണ്ടി ചെയ്യുന്ന ഇത്തരം കൃത്യങ്ങൾ ഒരു കുറ്റമായി പരിഗണിക്കപ്പെടാൻ സാധ്യമല്ല. സാഹചര്യങ്ങൾക്കനുസരിച്ച് അത്തരം കുട്ടികളോട് നമുക്ക് വെറുപ്പ് ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ സ്നേഹം ജനിക്കുന്നു. ഇതെല്ലാം തന്നെ മനുഷ്യസഹജമാണ്. അദ്ദേഹത്തിന്റെ ജനനവും ജീവിതശൈലിയും മറ്റു ദൈവിക പ്രവാചകൻമാരുടേത്പോലെ തന്നെയാണ്.** അസാമാന്യമായ നേതൃഗുണമുള്ള ശക്തനായ ഒരു യുവാവായി അദ്ദേഹം വളർന്നു. യുദ്ധക്കളത്തിൽ ഐതിഹാസികമായ വിജയങ്ങൾ അദ്ദേഹം നേടി. അദ്ദേഹത്തിന്റെ സാധാരണ ജീവിതത്തിൽ ഒരു ആത്മീയ പുരുഷന്റെ മഹോന്നത സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. ഇന്ത്യയിൽ പലപ്പോഴും ആവിർഭവിക്കാറുള്ളത്പോലെ ഒരു ആത്മീയ പരിഷ്ക്കർത്താവിന്റെ സ്ഥാനമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. സാത്വിക ജീവിതം നയിക്കാനും തിന്മയിൽ നിന്ന് അകന്ന് നിൽക്കാനും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. ദൈവനിരാസത്തെ പ്രചരിപ്പിക്കുകയും മതത്തെ നശിപ്പിക്കുകയും ചെയ്യുന്ന ദുഷ്ട മാനസരായ ആളുകളെ വിപാടനം ചെയ്യൽ അദ്ദേഹത്തിന്റെ പ്രധാന ജീവിത ദൗത്യമായിരുന്നു.

അദ്ദേഹത്തിന്റെ ശാരീരിക വർണ്ണനകളിലും ചില പ്രത്യേകതകൾ നമുക്ക് കാണാം. ചില ഹിന്ദു കലാകാരൻമാർ രണ്ട് കൈകൾക്ക് പകരം നാല് കൈകളോടു കൂടിയാണ് ഭഗവാൻ കൃഷ്ണനെ ചിത്രീകരിച്ചിരിക്കുന്നത്. ചിലപ്പോൾ വർണ്ണോജ്ജ്വലമായ ഉടയാടകളണിഞ്ഞ കന്യകമാരാൽ പരിവൃതനായി ചുണ്ടിൽ ഒരു മുരളികയുമായി നിൽക്കുന്നതായും ചിത്രീകരിച്ചതായി കാണാം. ചുറ്റും നിൽക്കുന്ന കന്യകമാർ ഗോപികമാരാണ്. പശുക്കളെ മേയ്ക്കുന്ന സ്ത്രീകളെയാണ് ഗോപിക എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. കാലികളെ മേയ്ക്കുന്നവർക്ക് ഉപയോഗിക്കുന്നത് പോലുള്ള ഒരു പദമാണത്. കൃഷ്ണന് ഗോപാലൻ എന്ന പേരുകൂടിയുണ്ടെന്ന കാര്യം ഓർക്കുക. അതിന്റെ അർത്ഥം പശുവിനെ പരിപാലിക്കുന്നവൻ എന്നാണ്. ബൈബിളിൽ ഇസ്രായേലി പ്രവാചകൻമാരെ പറ്റി ഇസ്രായേൽ ഗൃഹത്തിലെ ആട്ടിടയൻമാർ എന്ന പരാമർശം ഉള്ള കാര്യം കൂടി ഇവിടെ സ്മരിക്കുക. ഇത് രണ്ടും തമ്മിലുള്ള സാമ്യത വളരെ വ്യക്തമാണ്. ഇന്ത്യ ആട്ടിൻ പറ്റത്തെക്കാൾ കൂടുതലായി പശുക്കളെ വളർത്തുന്ന രാജ്യമായതിനാൽ ആടിനു പകരം പശു എന്ന പ്രയോഗം വന്നു. ഇവിടെ സാധാരണ ജനങ്ങളെയാണ് പശു എന്ന പേരിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ആയതിനാൽ കൃഷ്ണനെ പശുപരിപാലകനായി വർണ്ണിച്ചിരിക്കുന്നു എന്ന കാര്യം മനസ്സിലാക്കാവുന്നതാണ്. അതുപോലെ അദ്ദേഹത്തിന്റെ ശിഷ്യൻമാരെ ഗോപസ്ത്രീകളോട് ഉപമിച്ചതിലും യാതൊരു അസാംഗത്യവുമില്ല. കൃഷ്ണനു ചുറ്റും നെയ്തെടുത്ത മറ്റു കഥകൾ വസ്തുതാ കഥനം എന്നതിനേക്കാൾ ഉപമാ കഥകളായോ അലങ്കാരോക്തികളായോ വായിക്കണം. കൃഷ്ണന് നാല് കരങ്ങളും ചിറകുകളുമുണ്ടെന്ന സങ്കൽപം അലങ്കാരാർത്ഥത്തിൽ വ്യാഖ്യാനിക്കേണ്ടതുണ്ട്. പ്രത്യേക ഗുണത്തോടു കൂടിയ ഉന്നത ശ്രേണിയിലുള്ള ദൈവദാസനാണ് അദ്ദേഹമെന്നാണ് അതിനർത്ഥം. വിശുദ്ധ ഖുർആനും തിരുനബി(സ)യുമായി ബന്ധപ്പെടുത്തി ചിറകിനെ പറ്റി പറയുന്നുണ്ട്. വിശ്വാസികൾക്ക് നേരെ കാരുണ്യത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കാൻ ദൈവം പ്രവാചകനോട് ആജ്ഞാപിക്കുന്നുണ്ട്. അതുപോലെ മാലാഖമാരും വിവിധ എണ്ണം ചിറകുകൾ ഉള്ളവരായും വിവരിക്കപ്പെട്ടിട്ടുണ്ട്. അതെല്ലാം അവരുടെ ഗുണങ്ങളാണ്, അല്ലാതെ ഭൗതികാർത്ഥത്തിലുള്ള ചിറകുകളല്ല.

പക്ഷേ, പലപ്പോഴും സംഭവിക്കുന്നത് മതാനുയായികൾ മതപരമായ അലങ്കാരോക്തികളും ഉപമകളും അക്ഷരാർത്ഥത്തിലെടുക്കുകയും അതിലെ അന്തർധാരയായി വർത്തിക്കുന്ന തത്വത്തിന്റെ പ്രാധാന്യം വിട്ടുകളയുകയും ചെയ്യുന്നു. ഭഗവാൻ കൃഷ്ണന്റെ പ്രതിഛായയും അദ്ദേഹത്തിനു ചുറ്റും കാണുന്നതും ആലങ്കാരിക അർത്ഥത്തിൽ തന്നെ നാം മനസ്സിലാക്കണം.

കൃഷ്ണനെ മുരളീധരനെന്നും വിളിക്കപ്പെടുന്നു. അതിനർത്ഥം മുരളി വാദകനെന്നാണ്. ഇവിടെ മുരളിക എന്നത് വെളിപാടുകളുടെ പ്രതീകമാണ്. മുരളികയിൽ നിന്നും വരുന്ന സംഗീതം സ്വയം നിർഗ്ഗളിക്കുന്നതല്ല. അതിൽ വായു പ്രവാഹം സൃഷ്ടിക്കുന്നതനുസരിച്ച് അത് ശബ്ദം പ്രേഷണം ചെയ്യുന്നു. ഇവിടെ ശ്രീകൃഷ്ണൻ തന്നെ ദൈവത്തിന്റെ മുരളികയായി വർണ്ണിക്കപ്പെട്ടിരിക്കുകയാണ്.

ഏതൊരു രീതിയിലുള്ള ശ്രുതിയാണോ ദൈവം അതിൽ വാദനം ചെയ്യുന്നത്, അത് ഏറ്റവും വിശ്വസ്തതയോടെ ആ മുരളിക ലോകത്തോട് ഘോഷണം ചെയ്യുന്നു. ദൈവം വെളിപ്പെടുത്തുന്നതെന്താണോ അത് അവികലമായി ലോകത്ത് പ്രേഷണം ചെയ്യുന്ന ദിവ്യവെളിപാടുകളുടെ കാവൽക്കാരാണ് പ്രവാചകൻമാർ. ശ്രീകൃഷ്ണന്റെ യാഥാർത്ഥ്യത്തിനും ഈ പ്രവാചക ദൗത്യത്തിൽ നിന്നും യാതൊരു വ്യത്യാസവും കാണുവാൻ സാധ്യമല്ല. അങ്ങനെ മുരളിക പ്രവാചകൻമാരുടെ വിശ്വസ്തതയെ ഏറ്റവും നന്നായി അഭിവ്യഞ്ജിപ്പിക്കുന്ന ഒരു പ്രതീകമായി മാറുന്നു. അതായത് ഉപരിലോകത്ത് നിന്നും വെളിപ്പെടുത്തുന്നതെന്താണോ അതല്ലാതെ സ്വന്തമായെന്നും തന്നെ അവർ പറയുന്നില്ല.

# ഈസാനബിയുടെ മരണം മുസ്‌ലിംകൾ താലോലിക്കുന്ന അന്ധവിശ്വാസം

ഈസാ നബി (അ) ഇന്നും ജീവിച്ചിരിക്കുന്നുവെന്ന് ഭൂരിപക്ഷ മുസ്‌ലിംകൾ വെച്ച് പുലർത്തുന്ന അന്ധവിശ്വാസം ഖുർആന് വിരുദ്ധമാണ്. അബദ്ധ ജഡിലമായ ഈ വിശ്വാസം ഇക്കാലത്ത് പുറത്ത് പറയാനുള്ള ജാള്യതകൊണ്ട് അവർ രഹസ്യമായാണ് ഈ അന്ധവിശ്വാസത്തെ താലോലിക്കുന്നത്. ഈസാ നബിയുടെ മരണം എന്ന പുസ്തകത്തിന് കേരളത്തിലെ ചീഫ് മിഷണറിയും ഖുർആൻ വിവർത്തകനുമായ മർഹൂം മുഹമ്മദ് അബുൽ വഫാ സഹിബ് എഴുതിയ അവതാരികയിൽനിന്ന്

**മുഹമ്മ്ദ് അബുൽ വഫാ**

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ് ഭൂമുഖത്ത് ജീവിച്ചുമരിച്ച ഈസാ നബി (അ) യുടെ ജീവിത മരണ പ്രശ്നം ഇന്നും ഒരു വിവാദ വിഷയമായി നിലകൊള്ളുകയാണ്. യഹൂദന്മാർ പണ്ടും ഇപ്പോഴും വിശ്വസിച്ചു വരുന്നത് അദ്ദേഹം ഒരു വ്യഭിചാര പുത്രനും കള്ള പ്രവാചകനുമാണെന്നാണ് (നഊദുബില്ലാഹ്). തങ്ങൾ അദ്ദേഹത്തെ കുരിശിൽ തറച്ചു കൊന്നു പാതാളത്തിലെത്തിച്ചുവെന്നാണ്. കുരിശിൽ കൊല്ലപ്പെടുന്നവൻ ശപിക്കപ്പെട്ടവനാണെന്നും അവർ വിശ്വസിക്കുന്നു.

ഇതിനെതിരെ ക്രിസ്ത്യാനികളുടെ വിശ്വാസം മനുഷ്യകുലത്തെ അതിന്റെ ജന്മസിദ്ധമായ പാപത്തിൽ നിന്ന് രക്ഷിക്കാനായി ദൈവ പുത്രനായ യേശു ശാപത്തിന്റെ കുരിശു മരണം വരിച്ചു പാപപരിഹാരം വരുത്തിയതിന് ശേഷം ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് കരേറി ദൈവത്തിന്റെ വലത് ഭാഗത്ത് ഇരിക്കുന്നുവെന്നാണ്. അവസാനനാളിൽ അദ്ദേഹം ഭൂമിയിലേക്ക് ഇറങ്ങി വന്നു ലോകത്തെ ആകമാനം രക്ഷിക്കുമെന്നും അവർ വിശ്വസിക്കുന്നു. ഇതാകട്ടെ ഇന്ന് നിലവിലുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ വശമത്രെ.

ഇത് രണ്ടിനുമെതിരെ ഭൂരിപക്ഷ മുസ്‌ലിംകൾ വിശ്വസിക്കുന്നത് ഈസാ നബി (അ) യെ വധിക്കുവാനായി യഹൂദികൾ തന്ത്രം പ്രയോഗിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ രൂപം മറ്റൊരാളിൽ പകർത്തി സാക്ഷാൽ ഈസാ നബി (അ) യെ ആകാശത്തേക്ക് ഉയർത്തിയെന്നും രൂപസാദൃശ്യം നൽകപ്പെട്ട അപരൻ കുരിശിൽ കൊല്ലപ്പെട്ടുവെന്നുമാണ്. മാത്രമല്ല ഖിയാമത്തിന് മുമ്പ് ഈസാ നബി (അ) ആകാശത്ത് നിന്ന് ഇറങ്ങി വന്ന് കുരിശുകൾ തല്ലി തകർത്ത് പന്നികളെ കൊന്നൊടുക്കി, ദജ്ജാലിനെയും മറ്റു സർവ്വ കാഫിറുകളെയും വധിച്ചു നാൽപ്പത് കൊല്ലക്കാലം ദീൻ നടത്തുമെന്നും അവർ വിശ്വസിക്കുന്നു. ഇത് ഇന്നത്തെ ഭൂരിപക്ഷ മുസ്‌ലിംകളുടെ ഈമാനിൽപ്പെട്ട കാര്യമായിട്ടാണ് ഗണിക്കപ്പെടുന്നത്.

ഈദൃശമായ മൂന്ന് വിശ്വാസങ്ങൾക്കാണ് ഇന്ന് ലോകത്ത് കൂടുതൽ പ്രചാരവും പ്രാബല്യവുമുള്ളത്. ഇങ്ങനെ മൂന്നു സമുദായങ്ങളുടെ മൂന്ന് തരം വിശ്വാസങ്ങളാണിവ എന്നു പറയാവുന്നതാണ്.

എന്നാൽ ഇതിനെല്ലാം വിരുദ്ധമാണ് മുസ്‌ലിം സമുദായത്തിലെ ഒരു ന്യൂനപക്ഷമായ അഹ്മദിയ്യാ പ്രസ്ഥാനക്കാരുടെ വിശ്വാസം. അവർ വിശ്വസിക്കുന്നത് ബനൂ ഇസ്റായേൽ സമുദായത്തിന്നു

പ്രവാചകനായി നിയുക്തനായ ഈസാ നബി(അ) തന്റെ ദൗത്യം നിർവ്വഹിച്ചതിന് ശേഷം ഇതര പ്രവാചകന്മാരെപോലെ തന്നെ പ്രകൃതി സാധാരണമാം വിധം ചരമം പ്രാപിച്ചു ഭൂമിയിൽ കബറക്കപ്പെട്ടുവെന്നാണ്. അതായത് ശത്രുക്കളായ യഹൂദന്മാർ ഈസാനബിയെ കുരിശിൽ കയറ്റി കൊല്ലാൻ ശ്രമിച്ചുവെങ്കിലും ആ ശാപ മരണത്തിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയുണ്ടായി. മുൻ പ്രവാചകന്മാരിൽ പലരേയും പല ദുർഘട ഘട്ടങ്ങളിലും അല്ലാഹു സഹായിച്ചത് പോലെ ഈസാ നബി(അ) യേയും അവൻ രക്ഷിച്ചു. ഇബ്രാഹിം നബി (അ) യെ കത്തിജ്വലിക്കുന്ന അഗ്നി കുണ്ഡത്തിൽ നിന്ന് രക്ഷിച്ചത് പോലെ, യൂസുഫ് നബി (അ) യെ കാട്ടിലെ പൊട്ടകിണറ്റിൽ നിന്നും യൂനുസ് നബി (അ) യെ കടലാനയുടെ വയറ്റിൽ നിന്നും മുസാനബി(അ)യെ കടലിൽ നിന്നും രക്ഷപ്പെടുത്തിയത് പോലെ അല്ലാഹു ഈസാ നബി (അ) യെ കുരിശിൽ നിന്നും രക്ഷപ്പെടുത്തിയെന്ന് പറയുന്നതിൽ യാതൊരു അസാംഗത്യവുമില്ലല്ലോ. അതിനു ശേഷം അദ്ദേഹം പലസ്തീനിൽ നിന്ന് പലായനം ചെയ്ത് കിഴക്കൻ ദിക്കുകളിൽ സഞ്ചരിച്ചു. ഇസ്റായേൽ ഗോത്രത്തിലെ കാണാതെ പോയ ആടുകളെ തേടി തിരഞ്ഞ് പ്രബോധനം ചെയ്തു. ഒടുവിൽ തന്റെ 120-ാം വയസ്സിൽ നിര്യാതനായി കശ്മീരിലെ ശ്രീനഗറിൽ മറയടക്കപ്പെട്ടു. ഇനി ഒരിക്കലും അദ്ദേഹം ഈ ലോകത്ത് തിരിച്ചു വരികയില്ല. ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസം. ഇക്കാര്യം ഈസാ നബി യുടെ മരണം എന്ന ഈ പുസ്തകത്തിൽ പ്രമാണ സഹിതം യുക്തിസഹമായി വിവരിച്ചിട്ടുണ്ട്.

അവസാനകാലം ഈസബ്നു മറിയം ഇറങ്ങുമെന്ന നബി വചനങ്ങളുടെ വിവക്ഷയെന്ത്? ഇതാണ് അടുത്ത പ്രശ്നം. ഈസാ നബി (അ) മരിച്ചിട്ടില്ലെന്ന് വിശ്വസിക്കുന്ന ഭൂരിപക്ഷ മുസ്‌ലിംകളുടെ വിശ്വാസം, അദ്ദേഹം ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്നും ഈ സമുദായത്തിന് വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് അദ്ദേഹം തന്നെയായിരിക്കുമെന്നുമാണ്. ഇത് സുന്നി മുസ്‌ലിംകളുടെ മാത്രം വിശ്വാസമല്ല. കേരള ജംഇയ്യത്തുൽ ഉലമ, കേരള നദ്‌വത്തുൽ മുജാഹിദീൻ, ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ സംഘടനകളിലെ ഉത്തരവാദപ്പെട്ട പണ്ഡിതരുടെ ഔപചാരികമായ പ്രഖ്യാപിത വിശ്വാസം കൂടിയാണ്.

നേരെ മറിച്ച് ഈസാ നബി (അ) മരിച്ചു പോയി എന്ന് വിശ്വസിക്കുന്ന അഹ്മദി മുസ്‌ലിംകളുടെ പക്കൽ പ്രസ്തുത പ്രവചനങ്ങളുടെ വിവക്ഷ ഈസാ നബിക്ക് സദൃശനായ ഒരു മത പരിഷ്ക്കർത്താവ് അല്ലാഹുവിനാൽ നിയുക്തനാകുമെന്നാണ്. ഈ പ്രവചനം അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപകനായ ഹദ്റത്ത് അഹ്മദി(അ)ൽ സാക്ഷാത്ക്കരിക്കപ്പെട്ടു. അഹ്മദി മുസ്‌ലിംകളും ഇതര മുസ്‌ലിംകളും തമ്മിലുള്ള വ്യത്യാസത്തിന്റെ കാതലായ വശമിതാണ്. പ്രസ്തുത വചനങ്ങൾ അലങ്കാരോക്തികളാൽ ആവൃതമാണെന്നും അവയെല്ലാം അർഥത്തിൽ പൂർത്തിയായിക്കഴിഞ്ഞുവെന്നുമുള്ള സംഗതി അഹ്മദിയ്യാ സാഹിത്യങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

വാസ്തവത്തിൽ ഈസാ നബി(അ) സ്ഥൂലദേഹത്തോടുകൂടി ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസത്തിന് ഇസ്‌ലാമികമായി യാതൊരു അടിസ്ഥാനവുമില്ല. നേരെ മറിച്ച് അത് ക്രിസ്ത്യാനികളുടെ വിശ്വാസമാണ്. അവരിൽ നിന്ന് മുസ്‌ലിംകളിൽ സംക്രമിച്ചതാണ് ഈ അന്ധവിശ്വാസം.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഈസാ നബി (അ) മരിച്ചുപോയി എന്ന സത്യം പ്രഖ്യാപിച്ചപ്പോൾ ഭൂരിപക്ഷം പണ്ഡിതന്മാരും അദ്ദേഹത്തെ കാഫിറാക്കി ഫത്‌വ ചെയ്യുകയുണ്ടായി. എന്നാൽ അദ്ദേഹം അതൊന്നും വകവെക്കാതെ ഖുർആനികമായ തെളിവുകൾ ലോകത്തിന് മുമ്പിൽ നിരത്തിവെച്ചു കൊണ്ടിരുന്നു. അതിന്റെ ഫലമായി അനഹ്മദി പണ്ഡിതന്മാരിൽപ്പെട്ട സ്വതന്ത്രരായ ഉൽപതിഷ്ണു പണ്ഡിതന്മാരും ഈസാ നബി (അ) മരിച്ചുപോയി എന്ന് തുറന്ന് പറഞ്ഞു തുടങ്ങി. പരേതനായ ശൈഖ് മുഹമ്മദ് അബ്ദു, ശൈഖ് മുസ്തഫൽ മറാഗി, ശൈഖുൽ അസ്ഹർ മഹ്മൂദ് ശൽതൂത്ത്, ശൈഖ് റശീദ് റിളാ മുതലായ ഈജിപ്തിലെ പണ്ഡിതന്മാരും അവരിൽപ്പെടുന്നു. സുപ്രസിദ്ധ പണ്ഡിതനായ സി. എൻ അഹ്മദ് മൗലവി സാഹിബും ഈസാ നബി മരിച്ചു പോയെന്നും അദ്ദേഹം തിരിച്ചു വരില്ലെന്നുമുള്ള യാഥാർത്ഥ്യം തുറന്നു പറഞ്ഞു. പക്ഷേ ഇപ്പറഞ്ഞവരിൽ ആരും തന്നെ വാഗ്ദത്ത മസീഹ് വരുമെന്ന പ്രവചനത്തിൽ വിശ്വസിക്കുന്നവരല്ല. ചിലരുടെ പക്കൽ ആ ഹദീസ് സ്വീകാര്യമല്ല. ചിലർ അതിനെ വ്യാഖ്യാനിക്കുന്നു. ഈസബ്നു മറിയം ഇറങ്ങുമെന്ന പ്രവചനത്തിന്റെ വിവക്ഷ ഈസാ നബി (അ) ഇസ്റയേൽ സമുദായത്തിൽ വരുത്തിയത് പോലുള്ള നല്ല പരിവർത്തനം മുസ്‌ലിം സമുദായത്തിലും ഉണ്ടാകുമെന്ന് വ്യാഖ്യാനിക്കാവുന്നതാണെന്ന് ശൈഖ് റശീദ് റിളാ പറയുന്നു.

ഒരു നൂതന ചിന്തകനായ അബുൽ അഅ്ലാ മൗദൂദി സാഹിബ് ഈ വിഷയത്തിൽ എല്ലാവരേയും കടത്തി വെട്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഖുർആൻ പരിഭാഷയിൽ ഈസാ നബി (അ) യെ അല്ലാഹു മടക്കി വിളിച്ചു എന്നാണ് എഴുതിയിട്ടുള്ളത്. എന്നാൽ തിരിച്ചു വിളിച്ചത് എവിടേക്കാണ്? ഈസാ നബി വന്നത് എവിടെ നിന്നാണ്? മടങ്ങിപ്പോയത് എവിടേക്ക്? ഇക്കാര്യങ്ങളൊന്നും മൗദൂദി

സാഹിബ് വ്യക്തമാക്കിയിട്ടില്ല. അദ്ദേഹം എഴുതിയ ഖത്മുന്നുബുവ്വ ത്ത് എന്ന പുസ്തകത്തിൽ വാലും തലയും മുറിച്ച് ചില ഹദീസുകൾ ഉദ്ധരിച്ചുകൊണ്ട് അവയിലെ പ്രവചനത്തിന്റെ വിവക്ഷ മർയമി ന്റെ മകനായ ഈസ ഇറങ്ങി വരുമെന്ന് തന്നെയാണെന്നാണ് തറപ്പിച്ചു പറഞ്ഞിട്ടുള്ളത്. ഈസാ നബി മരിച്ചിട്ടുണ്ടെങ്കിൽ തന്നെ അല്ലാഹു അദ്ദേഹത്തെ പുനർ ജീവിപ്പിച്ച് തിരിച്ചുകൊണ്ട് വരുമെന്നും മൗദൂദി സാഹിബ് പറയുന്നു!. എന്നാൽ ഈസാ നബി (അ) വീണ്ടും ഇറങ്ങി വരുമ്പോൾ അദ്ദേഹം നബി യായിരിക്കുന്നല്ല എന്ന നൂതന സിദ്ധാന്തം കൂടി മൗദൂദി സാഹിബ് കൂട്ടി ചേർക്കുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളിൽ പലതുമെന്നപോലെ ഈ ദൗത്യം ദുർഗ്രഹമായിരിക്കുകയാണ്. മരിച്ചുപോയ നബിമാർ ഇപ്പോഴും നബിമാർ തന്നെയാണെങ്കിലും രണ്ടു തവണ ലോകത്തിന് പ്രബോധനം ചെയ്യാൻ അവസരം ലഭിക്കുമെന്ന ഏറ്റവും വലിയ അനുഗ്രഹം ലഭിച്ചിട്ടും ഈസാ നബിക്ക് ഒടുവിൽ നുബുവ്വത്ത് പദവി നഷ്ടപ്പെടു മെന്നാണല്ലോ ഇതിനർത്ഥം! വല്ലാത്തൊരു ഗതികേട് തന്നെ!

സമർത്ഥരായ ചില ഉൽപതി ഷ്ണു പണ്ഡിതന്മാർ അഹ്മദികളെ നേരിടുമ്പോൾ ഈസാ നബി മരിക്കട്ടെ മരിക്കാതിരിക്കട്ടെ അത് ഈമാനിൽ പെട്ട കാര്യമല്ല അത് അപ്രസക്തമാണ് എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുന്നതായി കാണുന്നു. അവർക്കതിന് എന്ത് ന്യായീകരണ മാണുള്ളതെന്ന് മനസ്സിലാകുന്നില്ല. നാം ഖുർആനിൽ വിശ്വസി ക്കേണ്ടതല്ലേ? അത് ഈമാനിൽ പെട്ടതല്ലേ? ഈസാ നബി(അ) എന്ന ഒരു പ്രവാചകൻ ഉണ്ടായിരുന്നെന്ന് നാം വിശ്വസിക്കുന്നത് ഖുർആന്റെ അധ്യാപനത്തിന്റെ അടിസ്ഥാനത്തി ലാണല്ലോ. അത് ഈമാനിൽ പെട്ട കാര്യമാണെങ്കിൽ അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയോ എന്ന വിഷയത്തിൽ ഖുർആൻ എന്ത് പഠിപ്പിക്കുന്നു വെന്ന് അറിയേണ്ടതും ഖുർആൻ വിശ്വസിക്കുന്നവരുടെ കടമയല്ലേ? മരിച്ചുവെന്നാണ് ഖുർആന്റെ അദ്ധ്യാപനമെങ്കിൽ നാം അങ്ങനെ വിശ്വസിക്കണം. ഖുർആനിൽ നിന്ന് തെളിയുന്ന ഏത് സത്യവും വിശ്വസിക്കേണ്ടത് ഖുർആനിൽ വിശ്വസിക്കുന്നതിൽ പെട്ടതല്ലേ? ഈസാ നി(അ) യെ അല്ലാഹു സ്ഥൂലദേഹത്തോടെ ഉയർത്തിയിരി ക്കുന്നു എന്ന വിശ്വസിക്കുന്നവരും ഖുർആൻ തന്നെയാണ് ആധാര മാക്കാൻ ശ്രമിക്കുന്നത്. മരിച്ചെന്ന് വിശ്വസിക്കുന്നവർക്കും ഖുർആൻ തന്നെയാണ് ആധാരം. ആ സ്ഥിതിക്ക് ഈ സംഗതിയുടെ യാഥാർത്ഥ്യം എന്തെന്ന് പഠിച്ചറി യേണ്ടതല്ലേ? അതൊരു അഭിപ്രായ വ്യത്യാസമുള്ള സംഗതിയെന്ന നിലക്ക് അതിനെ അപ്രസക്തമായി തള്ളണമെന്നുണ്ടെങ്കിൽ അല്ലാഹു വിന് പുറമേ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നത് ശിർക്ക് തന്നെയല്ലേ എന്ന കാര്യത്തിലും അഭിപ്രായ ഭിന്നത ഉണ്ടല്ലോ. ഈ രണ്ടു വിഭാഗക്കാരും തങ്ങളുടെ വാദത്തിന് ആസ്പദമായി ഖുർആ ൻ വ്യാഖ്യാനിക്കുന്നു. അപ്പോൾ അതും അപ്രസക്തമായി തള്ളിക്കള യാൻ ഉൽപതിഷ്ണുക്കൾ സമ്മതി ക്കുമോ?.

ഈസാ നബി (അ) ദൈവവും ദൈവ പുത്രനുമാണെ ന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനി കൾ തങ്ങളുടെ വാദത്തിന് ഉപോൽബലകമായി അദ്ദേഹം മാനുഷതക്ക് അതീതമായി ചിരഞ്ജീവിയായി നിലകൊള്ളുന്നു വെന്ന കാര്യം എടുത്തു പറയുന്നു. ആ സ്ഥിതിക്ക് തെറ്റായ ആ വിശ്വാസത്തെ ഖണ്ഡിക്കാനായി ഈസാ നബി (അ) മരിച്ചെന്ന സത്യം തെളിയിക്കേണ്ടത് മുസ്‌ലിം കളുടെ കടമയല്ലേ? അതെങ്ങനെ അപ്രസക്തമാകും?

അഹ്മദിയ്യത്തിന്റെ സ്ഥാപക രായ ഹ്ദറത്ത് അഹ്മദി(അ)ന്റെ ദൗത്യ പ്രഖ്യാപനം ഈസാ നബി (അ) മരിച്ചു പോയെന്നും താൻ അദ്ദേഹത്തിന്റെ സദൃശ്യനെന്ന നിലയിൽ വന്ന വാഗ്ദത്ത മസീഹാ ണെന്നുമാണ്. ഈസാ നബി(അ) മരിച്ചിട്ടില്ല എന്നതാണ് ഖുർആനിക അദ്ധ്യാപനമെങ്കിൽ പ്രസ്തുത ദൗത്യ പ്രഖ്യാപനം അടിയോടെ പൊളിഞ്ഞു പോകുമല്ലോ. പിന്നെ അദ്ദേഹത്തെ പരാജയപ്പെടുത്താ നുള്ള മാർഗ്ഗമായിരിക്കും അത്. എന്തെന്നാൽ, ഈസാ നബി (അ) ജീവിച്ചിരിപ്പുണ്ടെങ്കിൽ വാഗ്ദത്ത മസീഹായി വരേണ്ടത് അദ്ദേഹം തന്നെയാണെന്നത് സ്പഷ്ടമാണ്. ആകയാൽ ഈസാ നബി (അ) യുടെ ജീവിത മരണ പ്രശ്നം അപ്രസക്തമാണെന്ന് പറയാൻ യാതൊരു ന്യായവുമില്ല.

വസ്തവത്തിൽ ഈസാ നബി (അ) ജീവിച്ചിരിപ്പുണ്ടെന്ന് തുറന്ന് പറയാൻ ഈ പണ്ഡിത ന്മാർക്ക് ലജ്ജ തോന്നുന്നു. മരിച്ചു പോയെന്ന യാഥാർത്ഥ്യം സമ്മതി ച്ചാൽ അഹ്മദിയ്യാ പ്രസ്ഥാനത്തി ന്റെ സ്ഥാപകരുടെ സത്യം തെളിഞ്ഞു പോകുമെന്ന് അവർ ഭയപ്പെടുന്നു. മാത്രമല്ല മുസ്‌ലിം സമുദായത്തിന്റെ ഉമ്മത്തിൽ ഈസാ നബി (അ) വരുകയില്ലെന്ന വാദവും പൊളിഞ്ഞു പോകും . ഹദീസുകൾ നിഷേധിക്കുവാൻ ഒട്ടും സാദ്ധ്യമല്ല. അതു കൊണ്ടാണ് അവർ ഈ വിഷയത്തിൽ ഒഴിഞ്ഞു മാറാൻ ശ്രമിക്കുന്നത്.

ഖുർആനും സുന്നത്തും പ്രചരിപ്പിക്കുകയും അന്ധവിശ്വാസ വും ഖുറാഫാത്തും നിർമാർജ്ജനം ചെയ്യുന്നതാണ് തങ്ങളുടെ ലക്ഷ്യ മെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ഉൽപതിഷ്ണുക്കൾ 19 നൂറ്റാണ്ടു കൾക്ക് മുമ്പ് മരിച്ചു മറയപ്പെട്ട മനുഷ്യനായ പ്രവാചകനെ പറ്റി അദ്ദേഹം സ്ഥുലദേഹത്തോടെ ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്ന അന്ധവിശ്വാസം വച്ചു പുലർത്തു ന്നതും വിവാദ രംഗത്ത് ഈപ്രശ്ന ത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നതും വിരോധാഭാസമാണ്.

# ത്വലാഖ് : ഇന്ത്യയിലെ അനാചാരങ്ങൾ

അനുരഞ്ജനത്തിന്റെയും ഒത്തുതീർപ്പിന്റെയും മദ്ധ്യസ്ഥശ്രമത്തിനായുള്ള നിരവധി അവസരങ്ങൾ നൽകി കൊണ്ട് ഉന്നതമായ ധാർമിക നിലവാരത്തിലാണ് ഇസ്‌ലാമിലെ വിവാഹ മോചന നിയമം ആവിഷ്ക്കരിച്ചിട്ടുള്ളത്. എന്നാൽ ഇന്ത്യയിലെ മുസ്‌ലിം വിവാഹ നിയമങ്ങളിൽ ചിലത് അതിനെ അനാചാരങ്ങളും വൈകൃതങ്ങളുമാക്കിയിട്ടുണ്ട്.

ഡോ. കൗസർ എടപ്പകത്ത്

അവസാനത്തെ ത്വലാഖ് ചൊല്ലിയാൽ വിവാഹബന്ധം വേർപിരിയുന്നതാണ്. പക്ഷേ ഭാര്യക്ക് സമ്മതമാണെങ്കിൽ അവസാനത്തെ ത്വലാഖ് ചൊല്ലിയിട്ടില്ലാത്തതും പിരിഞ്ഞുകഴിയുന്നതുമായ ദമ്പതിമാർക്ക് ഇദ്ദ: (വിവാഹ മുക്ത ആചരിക്കേണ്ട ദീക്ഷാ കാലം)യുടെ സമയപരിധി അവസാനിച്ചാലും പരസ്പരം യോജിക്കാനുള്ള ഒരു അവസരം കൂടി ഖുർആൻ വാഗ്ദാനം ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പുരുഷൻ തന്റെ മൊഴിചൊല്ലപ്പെട്ട ഭാര്യയെ അയാൾ മൊഴി റദ്ദാക്കി തിരിച്ചെടുക്കണമെന്ന് ആഗ്രഹിച്ചാലും ഇദ്ദ: യുടെ സമയ പരിധി കഴിഞ്ഞാൽ അയാൾക്ക് ആ അവകാശം നഷ്ടപ്പെടുന്നതാണ്. എന്നിരുന്നാലും അവൾക്ക് സമ്മതമാണെങ്കിൽ മൊഴിചൊല്ലപ്പെട്ട അവളെ വീണ്ടും വിവാഹം ചെയ്യാൻ പുരുഷന് ഒരു അവസരം കൂടി നൽകപ്പെടുന്നു. ഇതിന് പുതിയ ഒരു നിക്കാഹ് ആവശ്യമായിവരും. ഖുർആൻ പറയുന്നു:

***നിങ്ങൾ സ്ത്രീകളെ വിവാഹ മോചനം ചെയ്തിട്ട് അവർ അവരുടെ (ഇദ്ദ:കാലം) പൂർത്തിയാക്കിയാൽ നിങ്ങൾ അവരെ തിരിച്ചെടുത്ത് ന്യായമായ നിലയിൽ കൂടെ നിറുത്തുകയോ അല്ലെങ്കിൽ ന്യായമായ നിലയിൽ അവരെ വിട്ടയക്കുകയോ ചെയ്യുക.*** [30]

ത്വലാഖ് പ്രഖ്യാപനം അഥവാ വിവാഹ മോചന പ്രഖ്യാപനം വാക്കുകളാലോ കരാറിനാലോ ഇദ്ദ: കാലത്തിനുള്ളിൽ റദ്ദാക്കുകയോ അല്ലെങ്കിൽ ഒരു പുതിയ നിക്കാഹിലൂടെ വിവാഹബന്ധം പുനസ്ഥാപിക്കുകയോ ചെയ്താൽ പിന്നീട് അവരുടെ വിവാഹ ജീവിതത്തിൽ രണ്ട് തവണ മാത്രമേ അവളുമായി പുതിയ നിക്കാഹിന് അനുവാദമുള്ളൂ. ഈ അനുവാദം രണ്ട് തവണ ലഭിച്ച ഒരാൾ അയാൾ പിന്നീട് ഒരിക്കലും മൊഴി ചൊല്ലുന്നതിനെ പറ്റി ചിന്തിക്കുകയില്ല. ഒരു വിവാഹിതൻ അയാളുടെ വിവാഹ ജീവിതത്തിൽ എപ്പോഴെങ്കിലും മൂന്നാം തവണയും മൊഴി ഉച്ചരിച്ചാൽ അത് എല്ലാറ്റിന്റെയും അവസാനമായിരിക്കും. വിവാഹ ബന്ധം പൂർണ്ണമായും വേർപെടുത്തപ്പെടുന്നു. അയാൾക്ക് ഇദ്ദ: സമയത്ത് ആ ത്വലാഖ് ദുർബലപ്പെടുത്താനോ പുതിയ നിക്കാഹിലൂടെ വിവാഹ ബന്ധം പുനസ്ഥാപിക്കാനോ സാദ്ധ്യമല്ല.[31] മറ്റുവിധത്തിൽ പറഞ്ഞാൽ മൊഴിചൊല്ലി ഉപേക്ഷിക്കപ്പെട്ട ഭാര്യയെ വീണ്ടും സ്വീകരിക്കുക എന്നത് പഴയ ഉപേക്ഷിക്കലിനെ ദുർബലപ്പെടുത്തുന്നില്ല. അതായത് രണ്ട് തവണ മൊഴി ചൊല്ലിയ ശേഷം രണ്ട് തവണയും തിരിച്ചെടുത്തു, മൂന്നാം തവണയും മൊഴിചൊല്ലിയാൽ രണ്ട് തവണത്തെ മൊഴിയും കൂട്ടി മൂന്നാം തവണത്തെ മൊഴിയായി വിവാഹം പൂർണ്ണമായും വേർപിരിയും. ഭർത്താവിന് വീണ്ടും അവളെ വിവാഹം കഴിക്കാനുള്ള അധികാരം നഷ്ടപ്പെടുന്നു. പിന്നീട് അവൾ മറ്റൊരാളെ വിവാഹം കഴിച്ച് വേർപിരിയുകയോ ഭർത്താവ് മരിച്ച് വിധവയാകുകയും ഇദ്ദകാലം കഴിയുകയും ചെയ്താൽ മാത്രമേ പിന്നീട് അവളെ ആദ്യഭർത്താവിന് തിരിച്ചെടുക്കാൻ കഴിയുകയുള്ളൂ.[32]

അവസാനത്തെ മൊഴി ഉച്ചരിക്കപ്പെടുന്ന നിമിഷം വിവാഹം ബന്ധം വേർപിരിയുന്നു. ഭാര്യയുടെ മേലുള്ള ഭർത്താവിന്റെ അധികാരം വിനഷ്ടമാവുകയും ആ ഭാര്യ

ഭർത്താവിന് നിഷിദ്ധയായി തീരുകയും ചെയ്യുന്നു.[33] പിന്നീട് അവർ തമ്മിൽ വിവാഹിതരാകണമെങ്കിൽ ഭാര്യ മറ്റൊരാളെ നിയമ പ്രകാരമുള്ള ഒരു കരാറിലൂടെ വിവാഹം ചെയ്ത് ആ ഭർത്താവുമായി യഥാർത്ഥത്തിലുള്ളതും വിശ്വസ്തപൂർണ്ണവുമായ വൈവാഹിക ബന്ധം പുലർത്തിയതിന് ശേഷം ആ വിവാഹബന്ധം വേർപിരിയുകയോ അല്ലെങ്കിൽ ഭർത്താവ് മരിച്ച് വിധവയായി അവൾക്ക് അനുവദിക്കപ്പെട്ട ഇദ്ദ: കാലം പൂർത്തിയാവുകയും വേണം.

രണ്ടാം വിവാഹത്തിന് നിക്കാഹ് കഴിച്ചു ഭർത്താവുമായി കൂടിച്ചേരുന്നതിന് മുമ്പ് അദ്ദേഹം മരണപ്പെട്ടാൽ അത് ആദ്യഭർത്താവിന് വീണ്ടും അവളെ വിവാഹം കഴിക്കാനുള്ള അനുമതി നൽകുന്നില്ല.[34]

മേൽപറഞ്ഞ കാര്യങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. നാല് തവണ ഗൗരവതരമായ രീതിയിലുള്ള അനുരഞ്ജന ശ്രമങ്ങൾ നടന്നതിന് ശേഷം ഒരു മുസ്‌ലിം ഭർത്താവിന് വിവാഹ മോചനം ചെയ്യാനുള്ള അനുമതിലഭിക്കുന്നു. ഭാര്യയെ ഒരു തവണയോ രണ്ട് തവണയോ ഇദ്ദ: സമയത്തിനുള്ളിൽ മൊഴി ചൊല്ലി വീണ്ടും വിവാഹ ബന്ധത്തിലേക്ക് തിച്ചെടുക്കാവുന്നതാണ്. ഇതിന് പുനർ വിവാഹത്തിന്റെ മതപരമായ ചടങ്ങുകളൊന്നും (നിക്കാഹ്) വേണ്ട. എന്നാൽ ഇദ്ദ: സമയം കഴിഞ്ഞെങ്കിൽ വിവാഹത്തിനുള്ള കരാർ ഇരുവർക്കും സ്വീകാര്യമായ ഉപാധികളോടെ പുതുക്കി വിവാഹത്തിലേക്ക് പുനഃപ്രവേശിക്കാം. അല്ലെങ്കിൽ വീണ്ടും വിവാഹിതരാവാൻ കഴിയാത്ത വിധം മൂന്നുമൊഴിയും ചൊല്ലി അവസാനത്തെ ത്വലാഖ് കൊടുത്ത് പിരിയാം. വിവാഹ ജീവിതത്തിന്റെ പവിത്രതയെ പറ്റിയും നിസ്സാരകാര്യങ്ങളുടെ പേരിൽ വിവാഹ ബന്ധം വേർപ്പെടുത്തുന്നതിലെ കുടിലതയെ പറ്റിയും ഖുർആൻ പരാമർശിക്കുന്നുണ്ട്. ഇദ്ദ: സമയം കഴിഞ്ഞതിന് ശേഷം വിവാഹബന്ധം വേർപ്പെടുത്താൻ തീരുമാനിച്ച വിവാഹ പങ്കാളിയെ ഖുർആൻ താക്കീത് ചെയ്യുന്നു. എന്തെന്നാൽ അങ്ങനെ ഭർത്താവിനാൽ രണ്ട് തവണ പരിത്യക്തയായ ഭാര്യ മറ്റൊരു ഭർത്താവിന് ഭാര്യയായി വിവാഹ മോചിതയായതിന് ശേഷമല്ലാതെ അവളെ ആദ്യ ഭർത്താവിന് വിവാഹം ചെയ്യാൻ സാദ്ധ്യമല്ല.[35] പുതിയ ഭർത്താവുമായി യാതൊരുവിധത്തിലും പൊരുത്തപ്പെട്ടു പോവാൻ കഴിയാത്തവണ്ണം സ്വരചേർച്ചയില്ലായ്മ ഉണ്ടെങ്കിൽ മാത്രമേ വിവാഹ മോചനം പാടുള്ളൂ. ആ രണ്ടാം ഭർത്താവുമായുള്ള വിവാഹ മോചനവും ഖുർആന്റെ കൽപ്പനകൾ പാലിച്ചു കൊണ്ടായിരിക്കണം.[36] ഇതിനെയാണ് ***ഹലാല*** എന്ന് പറയുന്നത്.

***ഹലാല*** എന്നത് ഇസ്‌ലാമിലെ പ്രത്യേകമായ ഒരു നിയമ പ്രക്രിയയാണ്. തീർച്ചയായും അത് ആദ്യ ഭർത്താവുമായുള്ള വിവാഹ ബന്ധം വേർപ്പെടുത്തി വീണ്ടും ആദ്യ ഭർത്താവിനെ കൊണ്ട് വിവാഹം കഴിപ്പിക്കുന്ന മുത്ത്വലാഖ് (Triply Divorced) സമ്പ്രദായത്തെ നിയമ വിധേയമാക്കുന്ന ഒന്നല്ല. തന്റെ ജീവിതകാലത്ത് മൂന്നാം തവണയും ഭർത്താവ് ഭാര്യയെ മൊഴിചൊല്ലുന്നത് തടയുന്നതിന് വേണ്ടി ആവിഷ്ക്കരിക്കപ്പെട്ട നിയമമാണ് ***ഹലാല***. പൊതുവേയുള്ള വിവാഹ മോചന നിരോധനത്തിന് പകരമായി അർത്ഥവത്തായ രീതിയിൽ ആവിഷ്ക്കരിക്കപ്പെട്ട നിയമത്തിന്റെ വിവേകം ഇതിൽ നിറഞ്ഞുനിൽക്കുന്നു. വിവാഹ മോചിതയായ ഒരു സ്ത്രീ മറ്റൊരാളെ വിവാഹം ചെയ്തുവെന്നിരിക്കട്ടെ പക്ഷേ അവൾ വിധവയാകുകയോ രണ്ടാമത്തെ ഭർത്താവിനാൽ വിവാഹമോചനം ചെയ്യപ്പെടുകയോ ചെയ്തു. എങ്കിൽ അവരെ ആദ്യം വിവാഹം കഴിച്ച ഭർത്താവുമായി, അവർ പരസ്പരം ആഗ്രഹിക്കുകയാണെങ്കിൽ പുനർ വിവാഹം ചെയ്യാവുന്നതാണ്. അത് അനുവദനീയമായ ഒരു സ്ത്രീപക്ഷ നിയമമാണ്. നിയമത്തിന്റെ കണ്ണിൽ അവർ തന്റെ ആദ്യ ഭർത്താവിനാൽ മൂന്ന് തവണ ത്വലാഖ് ചെയ്യപ്പെട്ട ഭാര്യമാത്രമാണ്. (അയാളുമായി പുനർ വിവാഹത്തിന് അനുവാദമുണ്ടായിരുന്നുമില്ല) അവർ തന്റെ രണ്ടാം ഭർത്താവിനാൽ ത്വലാഖ് ചെയ്യപ്പെട്ട ഭാര്യയുമാണ്. അവരുടെ ആദ്യ ഭർത്താവ് (ഒന്നാമത്തെ ഭർത്താവ്) അവരുടെ രക്ഷകനായി മുന്നോട്ട് വരാൻ ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കയാണ്. ഇപ്പോഴത്തെ ഭർത്താവിന് അവരുമായുള്ള വിവാഹം മുമ്പ് അനുവദിക്കപ്പെട്ടിരുന്നില്ല. എന്നാൽ ഇടക്കാലത്ത് അവർ മറ്റൊരാളെ വിവാഹം കഴിച്ചതിനാൽ അവരുടെ ആദ്യ ഭർത്താവുമായുള്ള വിവാഹം നിയമപരമായി ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുകയാണ്.

ഫൈസിയും അമീർ അലിയും അടക്കം വിവിധ പണ്ഡിതന്മാർ ത്വലാഖ് രണ്ട് വിധമായി തരം തിരിച്ചിട്ടുണ്ട്. ***ത്വലാഖെ സുന്നത്ത്*** (പ്രവാചക ചര്യപ്രകാരമുള്ള വിവാഹ മോചനം), ***ത്വലാഖെ ബിദ്അ:*** (അനുചിതമായ ത്വലാഖ്) ത്വലാഖെ സുന്നത്ത് ***അഹ്സൻ, ഹസ്ന*** എന്നിങ്ങനെ വീണ്ടും തരം തിരിച്ചിരിക്കുന്നു. ത്വാഹിർ മഹ്മൂദിന്റെ അഭിപ്രായ പ്രകാരം ഈ വിഭജനം ഒരു രീതിയോ മാതൃകയോ അല്ല. ത്വലാഖ് ഉച്ചരിക്കപ്പെടുന്നത് സംബന്ധിച്ചുള്ള പെരുമാറ്റ രീതിയെപറ്റി മാത്രമാണ് ഈ തരം തിരിവ് അതായത് നിയതമായ നിയമങ്ങൾ പാലിക്കുയോ പാലിക്കാതിരിക്കുയോ ചെയ്യൂന്നത് മൂലം യഥാർത്ഥത്തിൽ ത്വലാഖ് സംഭവിക്കുയോ സംഭവിക്കാതിരിക്കുയോ ചെയ്യുന്നത് സംബന്ധിച്ചാണ് ഇത്.[38]

അനുരഞ്ജനത്തിന്റെയും പുനരാലോചനയുടേയും സകല വാതിലുകളും തുറന്നിട്ടുകൊണ്ടുള്ള ഒരു ലളിതമായ നടപടി ക്രമങ്ങളാണ് മുസ്‌ലിം നിയമത്തിലെ ത്വലാഖ്.

ഇത് സംബന്ധിച്ച നിയമ പ്രക്രിയ കളെല്ലാം കർശനമായി പാലിക്കുന്ന ത്വലാഖിനെയാണ് ത്വലാഖെ സുന്ന: അഥവാ പ്രവാചകചര്യപ്രകാര മുള്ള ശരിയായ വിവാഹ മോചനം എന്ന് പറയുന്നത്. ത്വലാഖെ സുന്ന യുടെ പരിധിയിൽ മനുഷ്യന്റെ സ്വഭാവമനുസരിച്ച് ധാർമികതയുടെ മാനങ്ങളുണ്ട്. വളരെയധികം കർശനമായ നിലയിൽ സാത്വികത യോടെ നടത്തുന്ന ത്വലാഖാണ് ത്വലാഖെ അഹ്സൻ (ഉത്തമ ത്വലാഖ്) കുറഞ്ഞ ധാർമ്മികത യോടെ ചെയ്യുന്ന ത്വലാഖാണ് ത്വലാഖെ ഹസൻ (നല്ല ത്വലാഖ്). നിയമങ്ങൾ ലംഘിച്ചു കൊണ്ട് നടത്തുന്ന ത്വലാഖാണ് ത്വലാഖെ ബിദ്അ: (അനുചിതമായ ത്വലാഖ്).[39]

ഭർത്താവ് തന്റെ ഭാര്യയെ ഒറ്റതവണ ത്വലാഖ് വചനങ്ങൾ ഉച്ചരിച്ചുകൊണ്ട് ത്വഹൂർ (ശുദ്ധി കാലം) കാലത്ത് നിർവ്വഹിക്കുന്ന ത്വലാഖാണ് ത്വലാഖെ അഹ്സൻ. ഏറ്റവും അഭിലഷണീയമായ നല്ല ത്വലാഖ് എന്നാണ് ***ഹിദായ*** (ഹനഫി വിഭാഗക്കാരുടെ ആധികാരിക കർമ്മശാസ്ത്ര നിയമ പുസ്തകം) ത്വലാഖെ അഹ്സനെക്കുറിച്ച് പ്രകീർത്തിക്കുന്നത്.[40] ഇദ്ദ: ആചര ണ കാലത്ത് ഭർത്താവ് ലൈംഗി മായി ബന്ധപ്പെടാതിരിക്കുകയും ഇദ്ദ: (ദീക്ഷ കാലം) ആചരിക്കാൻ അവളെ അനുവദിക്കുകയും ചെയ്തു. ഇദ്ദ: കാലത്ത് ത്വലാഖ് റദ്ദ് ചെയ്യാവുന്നതാണ് (ഭാര്യയെ തിരിച്ചെടുക്കാവുന്നതാണ്) അവരു ടെ പിന്തുടർച്ചാവകാശം നിലനിർ ത്തുകയും ചെയ്യാം. ***ഹിദായ*** ത്വലാഖിന്റെ ഈ രീതി ഏറ്റവും അഭികാമ്യമാണെന്ന് പറയുന്നു. കാരണം അതിന് പ്രവാചകന്റെ അനുഭാവമുണ്ട. രണ്ടാമതായി ഇദ്ദ കാലത്തിനുള്ളിൽ ത്വലാഖ് റദ്ദാക്കാ നുള്ള അധികാരം ഭർത്താവിനുണ്ട്. ഇദ്ദ: മൂന്ന് മാസമോ ആ അവസര ത്തിൽ ഭാര്യ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്ന സമയം വരെയോ ആണ് ഇദ്ദാ കാലം,[41] മൂന്ന് തഹൂർ (ശുദ്ധികാലം) കഴിഞ്ഞാൽ ത്വലാഖ് റദ്ദാക്കാൻ സാദ്ധ്യമല്ലാതെ വരുന്നു. നിക്കാഹ് നടന്നു പക്ഷേ സഹശയ നം നടന്നിട്ടില്ലെങ്കിൽ അഹ്സൻ ത്വലാഖ് ആർത്തവ ഘട്ടത്തിലും നടത്താം. ഭർത്താവും ഭാര്യയും പരസ്പരം വേർപെട്ടാണ് താമസി ക്കുന്നതെങ്കിലോ ആർത്തവ വിരാമം സംഭവിച്ച സ്ത്രീയാണെങ്കിലോ ശുദ്ധികാലത്തിന്റെ ഉപാധി ബാധക മല്ല.[42]

ത്വലാഖിന്റെ ഹസ്സൻ രീതി യും വിവാഹ മോചനത്തിന്റെ അംഗീകൃത രീതിയാണ്. അത് മൂന്ന് ശുദ്ധികാലത്തിനുള്ളിലെ മൂന്ന് ത്വലാഖ് മോചന പ്രഖ്യാപനം ഉൾക്കൊള്ളുന്നതാണ്. ഇടവേളകളി ലൊന്നും തന്നെ ലൈംഗിക ബന്ധം പുലർത്താൻ പാടുള്ളതല്ല. ഈ തരത്തിലുള്ള ത്വലാഖ് പൊതുവേ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. തുടർച്ച യായ മൂന്ന് ശുദ്ധികാലത്ത് മൂന്ന് ത്വലാഖും കൊടുത്തിരിക്കണം എന്നാണ് പൊതുവേ വിശ്വസിക്ക പ്പെടുന്നത്. പ്രഗല്ഭ മുസ്ലിം പണ്ഡിതൻ ഫൈസിയുടെ അഭിപ്രാ യ പ്രകാരം മൂന്ന് തുടർച്ചയായ ശുദ്ധികാലം ഉൾക്കൊള്ളുന്നതാണ് ത്വലാഖ് ഹസന:[43] അമീറലി[44] ഫത്വ ആലംഗീരി ഉദ്ധരിച്ചു കൊണ്ട് പറയുന്നു.[45] ത്വലാഖ് വചനങ്ങൾ തുടർച്ചയായ മൂന്ന് ശുദ്ധികാലത്ത് മൂന്ന് ഘട്ടങ്ങളിലായി ചൊല്ലുക എന്നാണ്. ഇന്ത്യയിലെ പ്രശസ്ത മുസ്ലിം നിയമ പണ്ഡിതനായ മൗലാനാ അശ്റഫലി തൻതാവി യുടെ വീക്ഷണത്തിലാണ് ശരിയായ നിയമ നിലപാട് കാണാൻ കഴിയുന്ന ത്. തൻതാവി വിവരിക്കുന്നു:

ഒരാൾ റദ്ദാക്കാൻ കഴിയുന്ന ത്വലാഖ് ചൊല്ലുന്നു. അയാൾ അനുരഞ്ജനപ്പെട്ട് സഹജീവിതം തുടരുകയും ചെയ്യുന്നു. രണ്ടോ നാലോ വർഷങ്ങൾക്ക് ശേഷം ഒരു പ്രകോപിതാവസ്ഥയിൽ വീണ്ടും അയാൾ റദ്ദാക്കാവുന്ന ത്വലാഖ് ചൊല്ലി. ആ പ്രകോപിതാവസ്ഥക്ക് ശമനം വന്നപ്പോൾ അയാൾ വീണ്ടും ഭാര്യയുമായി സഹജീവനം തുടങ്ങി. ഇപ്പോൾ രണ്ട് ത്വലാഖ് കഴിഞ്ഞു. പിന്നീട് അയാൾ ത്വലാഖ് ചൊല്ലിയാൽ അത് മൂന്നാമത്തെ ത്വലാഖായി ഗണിക്കപ്പെടും. അവിടെ വിവാഹ ബന്ധം വിച്ഛേദി ക്കപ്പെടും. വീണ്ടും അവർക്ക് വിവാഹ ജീവിതം നയിക്കണമെന്നു ണ്ടെങ്കിൽ വിവാഹ മുക്തയായ ഭാര്യ മറ്റൊരാളെ വവാഹം കഴിക്കുകയും ആ രണ്ടാം ഭർത്താവ് അവളുമായി സഹശയനം നടത്തുകയും വേണം. അതിന് ശേഷം അവളുടെ രണ്ടാമത്തെ ഭർത്താവ് ത്വലാഖ് കൊടുത്ത ശേഷം മാത്രമേ ആദ്യത്തെ ഭർത്താവിന് അവളെ വിവാഹം ചെയ്യൽ അനുവദനീയ മാവുകയുള്ളൂ. (ഹലാൽ)[46]

ത്വാഹിർ മഹ്മൂദ് അശ്റഫ് അലിയുടെ വീക്ഷണം അംഗീകരി ച്ചുകൊണ്ട് ഇതിന് ഒരു ഭാഷ്യം നൽകുന്നത് കാണുക.

ത്വലാഖെ ഹസന: എന്നത് അർത്ഥമാക്കുന്നത് മൂന്ന് ത്വലാഖു കളും ഒറ്റയടിക്ക് ഉരുവിടുക എന്നത് തീർച്ചയായും ഇന്ത്യയിലെ മുസ്ലിം നിയമത്തെ പരിഹസിക്കുക എന്നതി ലുപരി ഗുരുതരമായ വളച്ചൊടിക്ക ലുമാണ്.[47]

അദ്ദേഹം വീണ്ടും ശരിയായ രീതിയിൽ കൂട്ടിചേർക്കുന്നതെന്തെ ന്നാൽ ഈ ആവശ്യത്തിന് വേണ്ടി അനുവദിക്കപ്പെട്ട ഏറ്റവും കുറഞ്ഞ സമയമാണ്. എല്ലാ അവസരത്തി ലും ഒരു നിശ്ചിതകാലം ഇക്കാര്യ ത്തിനായി നിജപ്പെടുത്തരുത്.[48]

ഈ രണ്ട് രീതിയിലുള്ള ത്വലാഖിലും വിവാഹ പങ്കാളികൾ ക്ക് അവരുടെ സുഹൃത്തുക്കൾ മുഖേനയോ ബന്ധുക്കൾ മുഖേന യോ രമ്യപ്പെടുവാനുള്ള അവസരമു ണ്ട് എന്ന കാര്യം വ്യക്തമാണ്. അതുകൊണ്ട് അതൊരു അംഗീകൃ ത രീതിയായി സുന്നി നിയമത്തിലും ശിയാ നിയമത്തിലും ഗണിക്കപ്പെടു ന്നു. ആദ്യത്തെ അഹ്സൻ രീതി യാണ് ഏറ്റവും കൂടുതലായി അംഗീകരിക്കപ്പെടുന്നത്. കാരണം ഈ രീതിയിൽ ഭർത്താവ് ഭാര്യയോട് വളരെ മാന്യമായി പെരുമാറുന്നു.

അവളെ ഭീഷണിപ്പെടുത്തുന്നില്ല. രണ്ടാമത്തേത് പ്രവാചകൻ നിർത്തലാക്കാൻ ശ്രമിച്ച ഇസ്ലാമിക പൂർവ്വ അജ്ഞാന കാലത്തെ സമ്പ്രദായമാണ്. ഈ സമ്പ്രദായ പ്രകാരം ഭാര്യയോടുള്ള ക്രൂരമായ പെരുമാറ്റത്തിന്റെ ഭാഗമായി അവളെ പല തവണ വിവാഹ മോചനം ചെയ്യുകയും അവളെ തിരിച്ചെടുക്കുകയും ചെയ്യുന്നു. തിരിച്ചെടുക്കാൻ പറ്റാത്ത മൂന്നാമത്തെ ത്വലാഖിന്റെ നിയമം ആവിഷ്ക്കരിച്ചുകൊണ്ട് പ്രവാചകൻ ഉദ്ദേശിച്ചത് പഴയകാലത്ത് സംഭവിച്ചത് പോലെ ത്വലാഖ് ചൊല്ലലും വീണ്ടും വിവാഹം ചെയ്യലും നിർബാധം അനന്തമായി തുടരുന്നതിനെ തടയിടാനായിരുന്നു. അതായത് ഭർത്താവിനാൽ ത്വലാഖ് ചൊല്ലി ഉപേക്ഷിക്കപ്പെട്ട ഭാര്യയെ വീണ്ടും ഭാര്യാപദത്തിലേക്ക് കൊണ്ടുവരാൻ ആത്മാർത്ഥമായി ആഗ്രഹമുണ്ടെങ്കിൽ അയാൾക്ക് അങ്ങനെ ചെയ്യാവുന്നതാണ്. അങ്ങനെ രണ്ട് തവണ ഉപേക്ഷിക്കപ്പെടലും തിരിച്ചെടുക്കലും സംഭവിച്ചു എന്നിരിക്കെ മൂന്നാമത്തെ തവണ അത്തരം ത്വലാഖ് അന്തിമമായിരിക്കും. ഈ നിയമം ഖുർആന്റെ വിധിയുടെ അന്തസത്ത ഉൾക്കൊള്ളുന്നു.[49] അവർ അവരുടെ സമയം എത്തിക്കഴിഞ്ഞാൽ അവരെ കാരുണ്യപൂർവ്വം വീണ്ടെടുക്കുകയോ കാര്യുണ്യപൂർവം അവരെ വേർപിരിച്ചയക്കുകയോ ചെയ്യുക.[50] ഇപ്പറഞ്ഞ രണ്ടു രീതികൾ മാത്രമാണ് ശിയാക്കൾ അംഗീകരിച്ചിരിക്കുന്നത്.

മൂന്നാമതായി മറ്റൊരു രീതിയുണ്ട്. ഭാര്യ ശുദ്ധയായിരിക്കുകയോ ആർത്തവകാരിയായിരിക്കുകയോ ചെയ്യുമ്പോൾ ഭർത്താവ് മൂന്നു മൊഴിവാചകവും ഒറ്റയടിക്ക് ചൊല്ലുകയും ഇദ്ദ: സമയത്തിന് അഥവാ കാത്തിരിപ്പിന്റെ സമയത്തിന് ശേഷം ബന്ധം പൂർണ്ണമായും വേർപ്പെടുത്തുകയും ചെയ്യുന്നു.[51] ഈ ത്വലാഖിനെയാണ് ത്വലാഖെ ബിദ്അ എന്ന് പറയുന്നത്. ഇതാണ് ഇന്ത്യയിൽ പ്രചുര പ്രചാരം നേടിയ മുത്ത്വലാഖ്.

ശിയാ വിഭാഗമായ ഇസ്നാ അശരിയ്യക്കാരുടെയും ഇസ്മായിലികളുടെയും നിയമത്തിൽ ത്വലാഖെ സുന്നത്ത് അംഗീകരിക്കുകയും ത്വലാഖെ ബിദ്അ (അനാചാരപരമായ ത്വലാഖ്)യെ അവരുടെ നിയമത്തിൽ നിന്ന് നിഷ്ക്കാസനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സുന്നി മുസ്ലിംകളിലെ വലിയ വിഭാഗമായ അഹ്ലെ ഹദീസ് അഥവാ സലഫികളും അഹ്മദികളും ത്വലാഖെ ബിദ്അ: അംഗീകരിച്ചിട്ടില്ല. ഇങ്ങനെ മൂന്ന് തവണ ത്വലാഖ് വചനങ്ങൾ ഒന്നിച്ച് ഉച്ചരിച്ചെങ്കിൽ തന്നെ അതിന് ഒരു ത്വലാഖിന്റെ പ്രബാല്യമേ ഉണ്ടാവുകയുള്ളൂ. എന്ന് അവർ കരുതുന്നു. ഭാര്യയെ അവളുടെ ശുദ്ധികാലത്ത് മൂന്ന് തവണ ത്വലാഖ് ചൊല്ലിയതായി ഒരു വാചകത്തിൽ പറഞ്ഞാൽ ഒരു മൊഴിയായാണ് ***ഹിദായ*** അതിനെ വ്യാഖ്യാനിക്കുന്നത്.[57] പരമ്പരാഗതമായ ഹനഫി നിയമം, മതത്തിൽ മോശമായതും നിയമത്തിൽ നല്ലതുമായാണ് മുത്ത്വലാഖിനെ വിശേഷിപ്പിക്കുന്നത്. വികലമായ ഈ ത്വലാഖിനെ (ത്വലാഖെ ബിദ്അ:) ഹനഫി നിയമം അംഗീകരിക്കുകയും യഥാർത്ഥത്തിലുള്ള ഇസ്ലാമിക നിയമത്തിന്റെ ഭാഗമല്ല അത് എന്ന് കരുതുകയും ചെയ്യുന്നു. വിവാഹ ബന്ധം തകർന്ന സ്ത്രീയേയും പുരുഷനേയും സഹായിക്കാൻ പിൽക്കാലത്ത് സ്വീകരിക്കപ്പെട്ടതാണ് ത്വലാഖെ ബിദ്അ:. പിൽക്കാലത്ത് എല്ലാ വിവാഹ മോചിതരായ ദമ്പതിമാർക്കും ത്വലാഖെ ബിദ്അ: ബാധകമാണെന്ന് അവിശ്വസിക്കണമെന്നതിനേക്കാൾ വിശ്വസിക്കപ്പെടുകയാണുണ്ടായത്. അതിൽ വിവാഹ മോചനം നടത്തിയെങ്കിലും പിന്നീട് പശ്ചാത്തപ വിവശനായ ഭർത്താവും ദുഃഖിതയായ ഭാര്യയും ആ ബന്ധം തുടരാനാഗ്രഹിക്കുന്നവരുമാണ്, ഇങ്ങനെ ഇരുവരുടെയും ആഗ്രഹങ്ങൾക്കെതിരായാൽ പോലും ത്വലാഖെ ബിദ്അ: ബാധകമാക്കുകയാണ് ചെയ്തത്. പൂർവകാല ന്യായാധിപന്മാരുടെ ഉദ്ദേശ്യം ഒരിക്കലും ഇതായിരുന്നില്ല. ഒരുപാട് മുസ്ലിം രാജ്യങ്ങൾ ത്വലാഖെ ബിദ്അ: നിയമ വിരുദ്ധമാക്കിയിട്ടുണ്ട്.[53]

***Reference***


30 II: 232.

31 *Supra* note 27 at p.105.
32 AFM Abdu Rahiman, *Institutes of Mussalman Law* 136 (Calcutta, 1907).
33 *Id* at 151.
34 *Id.* at 142.
35 *Quran* II:230
36 *Supra* note 23.
37 Tahir Mahmood, "Talaq, Talaq,Talaq, Juristic Restoration of Islamic Divorce Law", 17 *Religion and Law Review* 115 (1998).
38 *Supra* note 34 at pp. 104-5.
39 *Id.* at 105.
40 *Tuhr* means menstrual course.
41 Hedya, p.72.
42 *Fakhad Beebi v. Badsha* , AIR 1960 Bom 121.
43 A.A.A. Fyzee, *Outlines of Muhammedan Law* 153 (Oxford University Press, New Delhi, 4th edn, 1974).
44 *Supra* note 9 at p.475.
45 Fatwai Almagiri Vol I, p. 492.
46 War law, "The Concept of Divorce in Islam", *Kali Yug Women and Law Journal 5*, July (1997
47 *Supra* note 32 at p. 105.
48 *Id*. at 105-06.
49 *Quran* II: 115.
50 *Supra* note 43 at p 154.
51 *Supra* note 44 at P.476.
52 *Hedya*, p
53 *Supra* note 47 at p.107.

# യേശുവിന്റെ ഭാര്യയെ പറ്റിയുള്ള പാപ്പിറസ് കൃത്രിമമല്ല

യേശുവിന് ഭാര്യയുണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്ന വിവാദാത്മകമായ പാപ്പിറസ് ശകലം അകൃത്രിമവും ആധികാരികവുമാണെന്ന് ശാസ്ത്ര സമൂഹം വിലയിരുത്തുന്നു. 2014 ഏപ്രിൽ 10ന് ന്യൂയോർക്ക് ടൈംസിൽ വന്ന ലേഖനം.

ലൗറീ ഗൂഡ്സ്റ്റൺ

2012 ൽ ഹാർവാർഡ് ഡിവിനിറ്റി സ്കൂളിലെ ചരിത്രകാരി വെളിപ്പെടുത്തിയ യേശുവിന്റെ ഭാര്യയുടെ സുവിശേഷം ("Gospel of Jesus's Wife") എന്നറിയപ്പെടുന്ന വിവാദാത്മകമായ പാപ്പിറസും അതിന്റെ മഷിയും പുരാതനമാണെന്നും ആധുനിക ലോകത്തെ കൃത്രിമ സൃഷ്ടിയല്ലെന്നും ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണ ഫലം ചൊവ്വാഴ്ച പ്രസിദ്ധീകരിച്ച പ്രസിദ്ധീകരണത്തിൽ വെളിപ്പെട്ടിരിക്കുന്നു.

മറ്റൊരു തിരുവെഴുത്തിലും കാണാത്ത ഒരു ശൈലി ഈ കൊച്ചു പാപ്പിറസ്സ് തുണ്ടിൽ ഉള്ളടങ്ങിയിരിക്കുന്നതിനാൽ പാപ്പിറസിന്ന് നേരെ വൻ സംശയം ഉയർന്നിരുന്നു. ***യേശു അവരോട് പറഞ്ഞു, എന്റെ ഭാര്യ..........*** ***("Jesus said to them, 'My wife.....'")..*** എന്നതായിരുന്നു പാപ്പിറസിലെ വിവാദാത്മകമായ പരാമർശം. അവൾക്ക് എന്റെ ശിഷ്യയാകാൻ കഴിയും she will be able to be my disciple, എന്ന വചനം കൂടി ഉൾക്കൊണ്ട പാപ്പിറസ് പരാമർശം സ്ത്രീകളെ പുരോഹിതകളാവാൻ അനുവദിക്കാൻ കഴിയുമോ എന്ന വിവാദം ചിലർക്ക്



ആളിക്കത്തിക്കാനുള്ള ആയുധമായി തീരുകയും ചെയ്തു.

പാപ്പിറസ് ശകലം കൊളംബിയ യൂണിവേഴ്സിറ്റി, ഹാർഡ് വാർഡ് യൂണിവേഴ്സിറ്റി മസാഞ്ചുസെറ്റ് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിങ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ വിദഗ്ധരായ പ്രൊഫസമാർ പരിശോധിക്കുകയുണ്ടായി. അവരുടെ കാലഗണനാ പരിശോധനാ റിപോർട്ടിൽ നാല് മുതൽ എട്ട് വരെ നൂറ്റാണ്ടുകളിലുള്ള മറ്റു പുരാതന പാപ്പിറസുകളുമായി സാമ്യതയുള്ളതാണ് ഈ പാപ്പിറസ് എന്ന് റിപ്പോർട്ട് ചെയ്യുന്നു. (യൂണിവേഴ്സിറ്റി ഓഫ് അരിസോണയിലെ ശാസ്ത്രജ്ഞന്മാർ യേശു ജനിക്കുന്നതിന് മുമ്പുള്ളതാണ് പാപ്പിറസ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. അവരുടെ പരിശോധനാഫലം വിശ്വാസയോഗ്യമല്ലെന്ന് എന്ന വിലയിരുത്തപ്പെടുന്നു.)

ഈ പരിശോധനാ ഫലം യേശുവിന് ഒരു ഭാര്യയോ സ്ത്രീ ശിഷ്യയോ ഉണ്ടെന്ന് തെളിയിക്കുന്നില്ല, പക്ഷേ ആ പുരാതന പാപ്പിറസ് ശകലം കൃത്രിമമായ ഒന്നിനേക്കാൾ ആദിമകാലത്തെ ഒരു പുരാരേഖയാണെന്ന് തെളിയിക്കുന്നു എന്ന് ഹാർവാർഡ് ഡിവിനിറ്റി കോളേജിലെ കാരൻ എൽ. കിങ്ങ് പറഞ്ഞു. അവരാണ് ഈ പാപ്പിറസിന് പേരും പ്രശസ്തിയും കൊണ്ടുവന്നത്. യേശു വിവാഹിതനായിരുന്നു വെന്നതിന് തെളിവായി ഈ പാപ്പിറസിനെ കണക്കാക്കേണ്ടതില്ല എന്നാൽ ആദിമ ക്രിസ്ത്യാനികൾ, ബ്രഹ്മചര്യം, ലൈംഗികത, വിവാഹം, ശിഷ്യത്വം എന്നീ വിഷയങ്ങൾ സജീവ ചർച്ചക്ക് വിധേയമാക്കിയിട്ടുണ്ടായിരുന്നു വെന്ന് ഡോ.കാരൻ പറഞ്ഞു.

വ്യാപകമായ തോതിൽ ആളുകൾ ഈ പാപ്പിറസ് ഒരു കൃത്രിമ സൃഷ്ടിയായേക്കാമെന്ന് പറഞ്ഞിരുന്ന കാര്യം താൻ വളരെ ഗൗരവത്തിൽ എടുത്തിരുന്നു എന്ന് ഡോ. കാരൻ ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു. ഇപ്പോൾ ഇത് അകൃത്രിമവും യഥാർത്ഥിലുള്ളതുമാണെന്നും എനിക്ക് പൂർണ്ണമായും ബോധ്യമായിരിക്കുന്നു. നിങ്ങളുടെ കൈയിലുള്ള എല്ലാ തെളിവുകളും ഒരുദിശയിലേക്ക് വിരൽ ചുണ്ടുമ്പോഴും അത് ഒരു വിഷയത്തിൽ



ഡോ. കാരൻ എൽ. കിങ്ങ്

നൂറ് ശതമാനം തീർപ്പ് കൽപ്പിക്കുന്നില്ല. ചരിത്രം എന്നത് നൂറ് ശതമാനം സ്ഥിരീകരിക്കപ്പെടുന്ന ഒരു പൊതുസ്ഥലവുമല്ല.

സ്ത്രീപക്ഷപാതിത്വത്തോടെ ഇപ്പോൾ നടക്കുന്ന വിവാദങ്ങളെ സ്വാധീനിക്കാൻ പടച്ചുണ്ടാക്കിയ വൃത്തികെട്ട ശ്രമമാണ് ഇതെന്ന് കരുതുന്ന പണ്ഡിതന്മാരേയും എഴുത്തുകാരേയും സ്വാധീനിക്കാൻ ഇപ്പോൾ കണ്ടെത്തിയ ഈ പാപ്പിറസിന് സാദ്ധ്യമായില്ലെന്ന് വരാം. ബ്രൗൺ യൂണിവേഴ്സിറ്റിയിലെ ഈജിപ്തോളജി പ്രൊഫസർ ഡെപ്യൂഡിത്ത്, ഡോ. കാരൻ സമർപ്പിച്ച ഈ പാപ്പിറസ് കൃത്രിമമാണെന്ന് പ്രഖ്യാപിച്ചിരുന്നു.

ഡോ. കിങ്ങ് 2012 സപ്തംബറിൽ റോമിൽ വെച്ച് നടത്തിയ ഒരു കോൺഫറൻസിലായിരുന്നു വമ്പിച്ച മാധ്യമ ശ്രദ്ധ നേടിയ ഈ പാപ്പിറസിനെക്കുറിച്ചുള്ള വെളിപ്പെടുത്തലുണ്ടായത്. അതോടെ വൻ വിമർശനങ്ങളും അതിനെ പൊതിഞ്ഞു. കാരണം അതിലെ ഉള്ളടക്കം വിവാദാത്മകവും അക്ഷരങ്ങൾ സംശയകരമാം വിധം മഷി പുരണ്ടതും വ്യാകരണം വളരെ മോശവുമായിരുന്നു. അതിന്റെ ഉദ്ഭവസ്ഥാനം അവ്യക്തവും പാപ്പിറസിന്റെ ഉടമസ്ഥൻ അജ്ഞാതനായിരിക്കാൻ ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. അതിന്റെ മഷിയാകട്ടെ പരിശോധിക്കപ്പെടാതെയുമിരുന്നു.

വത്തിക്കാനിൽ നിന്നുമുള്ള ഒരു പ്രസിദ്ധീകരണത്തിലെ മുഖലേഖനത്തിൽ ഈ പാപ്പിറസ് ഒരു വ്യാജ രേഖയാണെന്ന് പ്രഖ്യാപിച്ചിരുന്നു. Bride of Christ എന്ന പേരിൽ പ്രസിദ്ധമായ ഈ പാപ്പിറസിന്ന് ഡോ. കാരൻ നൽകിയ വ്യഖ്യാനം, അതായത് യേശു വിവാഹിതനാണെന്നത് തികച്ചും സാദ്ധ്യമാണെന്ന് പുതിയ നിയമ പണ്ഡിതന്മാർ അവകാശപ്പെട്ടിരുന്നു.

നാല് ഇഞ്ച് വീതിയും എട്ട് ഇഞ്ച് നീളവുമുള്ള ഇത്രയും ചെറിയ ഒരു പാപ്പിറസും അതിന്റെ മഷിയും പരിശോധിക്കുക എന്നത് അസാധാരണമാണ്. കാരണം പരിശോധന പാപ്പിറസിനെ തന്നെ ക്ഷതമേൽപ്പിക്കുന്നതാണ് എന്നാണ് പാപ്പിറസ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. പുരാതന ലിപിവിജ്ഞാന വിദഗ്ധരാണ് മറ്റു പാപ്പിറസുകളിലെ കൈയ്യെഴുത്ത് പരിശോധിച്ച് യേശുവിന്റെ ഭാര്യയുടെ സുവിശേഷം എന്ന ഈ പാപ്പിറസിന്റെ ആധികാരികതയും കാലവും നിർണ്ണയിച്ചത്.

യേശുവിന്റെ ഭാര്യയുടേത് എന്നറിയ പ്പെടുന്ന ഈ പാപ്പിറസ് കൊളംബിയ യൂണിവേഴ്സിറ്റി മൈക്രോ-രാമൻ സ്പക്ട്രോസ്കോപി എന്ന സങ്കേതമുപയോഗിച്ചു കൊണ്ടാണ് അതിന്റെ മഷിയുടെ രാസസംയോഗം നിർണ്ണയിച്ചത്. 400 B.C.മുതൽ A.D. 700 or 800. ഇവരെയുള്ള കാലഘട്ടത്തി ലേതാണ് ഈ പാപ്പിറസ് എന്ന് അവർ കാല നിർണ്ണയം ചെയ്യുകയും ചെയ്തു. 35 മുതൽ 40 വരെ കൈയ്യെഴുത്തു പ്രതികളിലെ മഷിയുമായി ഈ പാപ്പിറസിലെ കറുത്ത കാർബൺ മഷി സാമ്യതയിൽ തികച്ചും യോജിക്കുന്നുവെന്ന് ഇലക്ട്രിക്ക് എഞ്ചിനിയറിങ്ങിൽ പ്രൊഫസറായ ടി. യാർഡ്ലി പറഞ്ഞു. M.I.T.'s Center for Materials Science and Engineering കെമിസ്ട്രി പ്രൊഫസർ എം. ടിമോട്ടിയും അദ്ദേഹത്തിന്റെ രണ്ട് വിദ്യാർത്ഥികളും മഷിയിൽ എന്തെങ്കിലും കൃത്രിമങ്ങൾ നടന്നിട്ടുണ്ടോ എന്ന് ഇൻഫ്രാറെഡ് സ്പെക്ട്രോസ്കോപ്പി പരിശോധന നടത്തുകയുണ്ടായി. അദ്ദേഹവും പാപ്പിറസിന്റെ പ്രാമാണികത അംഗീകരിക്കുകയാണുണ്ടായത്.

എന്നാൽ ഈ പാപ്പിറസ് കൃത്രിമമാണെന്ന് വിശ്വസിക്കുന്ന ബ്രൗൺ യൂണിവേഴ്സിറ്റിയിലെ ഈജിപ്തോളജിസ്റ്റ് ഡോ. ഡെപ്യൂഡിത്ത്, പാപ്പിറസ് കാർബൺ ടെസ്റ്റിന് വിധേയമാക്കുക എന്നത് അസംബന്ധമണ് എന്നാണ് പറയുന്നത്. അത് പരിശോധിക്കേണ്ട ആവശ്യം തന്നെയില്ല എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. വ്യാകരണപരമായി നിരവധി തെറ്റുകൾ അത് ഉൾക്കൊള്ളുന്നുണ്ട്. അതിലെ ഓരോ വാക്കും 1945ൽ ഈജിപ്തിലെ നാഗ്ഹമ്മാദിയിൽ നിന്നും കണ്ടെടുത്ത ക്രിസ്ത്യൻ പുരാരേഖയായ തോമസിന്റെ സുവിശേഷത്തിലുള്ളതിന്ന് സാമാനമാണ് എന്നത് കേവലം യാദൃച്ഛികമായിരിക്കുമെന്നാണ് ഡോ. ഡെപ്യൂഡിത്ത്, പറയുന്നത്.

ആധുനികമായ കറുത്ത കാർബൺ മഷി പുതിയ ശാസ്ത്രീയ ഉപകരണങ്ങൾക്ക് മുമ്പിൽ തികച്ചും വ്യത്യസ്തമായാണ് കാണപ്പെടുക. ഈ പാപ്പിറസ് പുരാതനനവും ആധികാരികവുമാണെന്ന് പറയുന്ന ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം അതാണ്. ഈ പാപ്പിറസ് ശകലം കൃതിമമാണ് എന്ന വിവാദത്തിൽ കുടുങ്ങിയിരിക്കയാണ്. ഇത്രയധികം ശാസ്ത്രീയമായ തെളിവുകളുണ്ടായിട്ടും ഈ പാപ്പിറസ് ഒരു ചരിത്ര വസ്തുവെന്ന നിലയിലേക്ക് ഉയർന്നിട്ടില്ല. ഇതാണ് ഈ പാപ്പിറസിനെ ലോകത്തിന്ന് പരിചയപ്പെടുത്തിയ ഡോ. കാരൻ കിങ്ങിന്റെ ദുഃഖം.

ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ - 4

# ഥിമ്മികളുടെ മൗലികാവകാശങ്ങൾ ഭരണകൂടത്തിന്റെ ഉത്തരവാദിത്തം

മുസ്‌ലിം രാജ്യങ്ങളിൽ കഴിയുന്ന അമുസ്‌ലിംകളായ പൗരന്മാരോട് മുസ്‌ലിം ഭരണകൂടം അനുവർത്തിക്കേണ്ട പ്രാമാണിക സമീപനങ്ങളെക്കുറിച്ചും റസൂൽ തിരുമേനി (സ) യുടെയും ഖുലഫാ ഉർറാശിദായുടെയും മാതൃകയെ സംബന്ധിച്ചുമുള്ള വിവരണം. Minorities in an Islamic State എന്ന ലഘു കൃതിയുടെ വിവർത്തനം. വിവ: കെ. വി. ഹസ്സൻ കോയ കോഴിക്കോട്.

മാലിക്ക് സൈഫുർറഹ്‌മാൻ

നേരെമറിച്ച് മുസ്‌ലിംകൾ നികുതിയിൽ നിന്ന് വിമുക്തരായിരുന്നില്ല. ജിസ്‌യക്ക് പകരം അവർ കരസേനയിൽ സേവനം ചെയ്യേണ്ടതുണ്ടായിരുന്നു. അത് കൂടാതെ സ്വമേധയാ ഉള്ള സഹായങ്ങളും അടിയന്തര സഹായങ്ങളും അവർക്ക് ചെയ്യേണ്ടതുണ്ടായിരുന്നു. വാർഷിക നികുതിയായി സക്കാത്തും നൽകേണ്ടിയിരുന്നു. അത് കണക്കാക്കിയിരുന്നത് ഒട്ടാകെയുള്ള സംഖ്യയുടെ അടിസ്ഥാനത്തിലായിരുന്നു. മുസ്‌ലിം പൗരന്മാർ ആയിരുന്നതിനാൽ കൂടുതൽ വലിയ ഭാരത്തിന് വിധേയമായിരുന്നു. എന്തെന്നാൽ സൈന്യത്തിൽ സേവനം ചെയ്യുന്നതിന് പുറമെ ഥിമ്മി പൗരന്മാരെക്കാൾ കൂടുതൽ അവർക്ക് നൽകേണ്ടിയിരുന്നു.

### മനുഷ്യസമത്വ പ്രമാണങ്ങൾ

ഹിജ്റ നാലാം വർഷം നബി തിരുമേനി (സ) ഒപ്പു വെച്ച ഒരു സംരക്ഷണ ഗ്യാരണ്ടി സന്യാസിമാർക്കും പുരോഹിതന്മാർക്കും സിനായി മലക്കടുത്തുള്ള സെന്റ് കാതറൈൻ ചർച്ചിലെ ക്രിസ്ത്യാനികൾക്കും നൽകുകയുണ്ടായി. ഈ ഗ്യാരണ്ടിയിൽ പ്രവാചകൻ (സ) താഴെ പറയുന്ന നിബന്ധനകൾ എഴുതുകയുണ്ടായി.

ക്രിസ്തീയ ചർച്ചുകളും മഠങ്ങൾക്കും അവരുടെ വിശുദ്ധ സ്ഥലങ്ങളും ശത്രുക്കളിൽ നിന്നും സംരക്ഷിക്കേണ്ടത് മുസ്‌ലിംകളുടെ കർത്തവ്യമാണ്. ഉപദ്രവങ്ങളിൽ നിന്നും അക്രമണങ്ങളിൽ നിന്നും നിന്നും ക്രിസ്ത്യാനികളെ പൂർണമായും സംരക്ഷിക്കേണ്ടതുണ്ട്. അനർഹമായ നിലയിൽ അവർക്ക് നികുതി ചുമത്തരുത്. അവരെ ഇവിടം വിട്ട് പോകാൻ നിർബന്ധിക്കരുത്. ഒരു ക്രിസ്ത്യാനിയേും അവന്റെ മതം ഉപേക്ഷിക്കാൻ നിർബന്ധിക്കരുത്. ഒരു സന്യാസിയേയും മഠത്തിൽ നിന്ന് പുറത്താക്കരുത്. ഏതെങ്കിലും വിശുദ്ധ സ്ഥലം സന്ദർശിക്കുന്നതിൽ നിന്നും ഒരു തീർത്ഥാടകനേയും വിലക്കരുത്. ഒരു ക്രിസ്തിയ ചർച്ചും ഇടിച്ചു പൊളിക്കുകയോ മുസ്‌ലിംകൾക്ക് താമസിക്കാനോ പള്ളിയുണ്ടാക്കാനോ എടുക്കരുത്.

ക്രിസ്ത്യാനികൾക്ക് അവരുടെ ചർച്ചുകളും ആൾത്താരകളും നിർമ്മിക്കാനും മതപരമായ കാര്യങ്ങളിൽ നിരുപാധികം സഹായം ചെയ്യൽ മുസ്‌ലിംകളുടെ കടമയാണ്. മുസ്‌ലിമിങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് പ്രവാചകൻ (സ) പറഞ്ഞു:

ഈ ഗ്യാരണ്ടിയിൽ സൂചിപ്പിച്ച കാര്യങ്ങൾ ചെയ്തുകൊണ്ട് അവരുടെ മതത്തെ അഭിവൃദ്ധിപ്പെടുത്തുകയാണെന്ന് നിങ്ങൾ വിചാരിക്കരുത്. എന്തെന്നാൽ ഈ ഉത്തരവിന്റെ യഥാർത്ഥ ഉദ്ദേശം അവർക്ക് അനുഭവപ്പെടുന്ന വിഷമങ്ങൾ ഇല്ലാതാക്കുകയാണ്. ഈ ഉത്തരവുകൾ അനുസരിക്കുന്നത് വഴി യഥാർത്ഥത്തിൽ നിങ്ങൾ ദൈവത്തിന്റെ പ്രവാചകന്റെ ഉത്തരവുകൾ അനുസരിക്കുകയാണ്. അദ്ദേഹം നൽകുന്നത് ദൈവത്തിന്റെ ആജ്ഞകളാണ്. അദ്ദേഹം വിണ്ടും മുസ്‌ലിംകളെ ഉപദേശിച്ചു.

മുസ്‌ലിംകൾ ക്രസ്ത്യാനികളോട് യുദ്ധം ചെയ്യുന്ന അവസരത്തിൽ പോലും നിങ്ങളുടെ ഇടയി

ൽ താമസിക്കുന്ന ക്രിസ്ത്യാനിയോട് വെറുപ്പും ശത്രുതയും കാണിക്കരുത്. ഏതെങ്കിലും മുസ്ലിം അങ്ങനെയുള്ള പെരുമാറ്റം കാണിക്കുകയാണെങ്കിൽ അവർ ഒരക്രമിയും വിമതനുമായി കണക്കാക്കപ്പെടും.

പ്രവാചകൻ (സ) പ്രഖ്യാപിച്ചു. മേൽ കൊടുത്ത ഉത്തരവുകൾ ഏതെങ്കിലും ഒരു മുസലിം ലംഘിക്കുകയാണെങ്കിൽ അവൻ ദൈവിക കരാർ ലംഘിച്ചവനായി കണക്കാക്കപ്പെടും. അവന്റെ പ്രകടമായ നിർദ്ദേശങ്ങൾ ലംഘിച്ചവനായി ഗണിക്കപ്പെടും. അയാൾ ഇസ്ലാം മതത്തെ അപമാനിക്കുകയും, ലജ്ജിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഈ ഗ്യാരണ്ടി ഉദ്ധരിച്ചുകൊണ്ട് ഒരു പ്രസിദ്ധ യൂറോപ്യനും ഓറിയന്റലിസ്റ്റുമായ ഒരു വ്യക്തി മഹത്തായ മനുഷ്യസമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രമാണമാണിതെന്ന് വിശേഷിപ്പിക്കുകയുണ്ടായി. മനുഷ്യ സാഹോദര്യത്തിന്റെ പ്രമാണം ഇത് ഗ്യാരണ്ടി നൽകിയ ആളുടെ മഹത്വമാണ് സ്ഥാപിക്കുന്നതാണെന്നാണ് പറഞ്ഞത്. അവസാനത്തെ മക്കാ തീർത്ഥാടന സമയത്ത് പ്രവാചകൻ (സ) ചെയ്ത ഖുത്ബ മനുഷ്യ സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും മാസ്റ്റർ പീസ് ആണ്. ആ മഹാത്മാവ് പറഞ്ഞു:

മനുഷ്യരെ നിങ്ങളുടെ സ്രഷ്ടാവ് ഏകനാണ് നിങ്ങളെല്ലാം ഒരു പിതാവിന്റെ പുത്രന്മാരും പുത്രിമാരുമാണ. അതുകൊണ്ട് നിങ്ങളെ താഴ്ന്നവരും ഉന്നതരുമായി വിഭജിക്കുക സ്വീകാര്യമല്ല. ഒരു അറബിക്ക് അനറബിയുടെ മേലും യാതൊരു മേന്മയുമില്ല. വെളുത്തവന് കറുത്തവന്റെമേലും യാതൊരു മേന്മയുമില്ല മേൽക്കോയ്മയുമില്ല. മികവിന്റെ ഏക അടയാളം ഭയഭക്തിയാകുന്നു. ഒരു ഇസ്ലാമിക രാജ്യത്ത് വർഗ്ഗത്തിനും വർണ്ണത്തിനും വ്യത്യാസമില്ല.

തുടർന്നു പ്രവാചകൻ (സ) പറഞ്ഞു: നിങ്ങൾ ഈ ദിവസത്തെയും മാസത്തെയും ഈ തിർത്ഥാടന ഭൂമിയേും ആദരിക്കുന്നത് പോലെ ഓരോ മനുഷ്യന്റെയും ജീവനെയും സ്വത്തിനേയും അന്തസ്സിനേയും ആദരിക്കണം. നിയമമനുസരിച്ച് അവ പരിശുദ്ധവും അലംഘനിയവുമാണ്.42

മനുഷ്യ സമത്വത്തിന്റേ സാഹോദര്യത്തിയേും പ്രഖ്യാപനത്തിന് ശേഷം മുസ്ലിംകൾ ചെന്നിടത്തെല്ലാം അവർ തുറന്ന കൈളോടെ സ്വാഗതം ചെയ്യപ്പെട്ടു എന്നതിൽ അത്ഭുതപ്പെടാനില്ല. ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ അന്നറിയപ്പെടുന്ന ലോകത്തിലെ പകുതിയിലധികം രാജ്യങ്ങൾ മുസ്ലിംകൾ കിഴടക്കി. മുസ്ലിംകളുടെ മികച്ച നിയമ മായിരുന്നു അതിന് കാരണം. അത് ജനഹൃദയം കവർന്നു. വിജയം നേടുകയും ചെയ്തുവെന്ന് പറയേണ്ട ആവശ്യമില്ല.

പരിതാപകരമെന്ന് പറയട്ടെ ഈ സുവർണ്ണ നിയമം അധികകാലം നിന്നില്ല. ഖിലാഫത്തിന് ശേഷം രാജ ഭരണം വന്നു. മുസ്ലിംകളുടെ അവകാശങ്ങൾ അരക്ഷിതമായി. അവരുടെ ജിവനും സ്വത്തും പിഢനങ്ങൾക്കും അന്യായത്തിനും വിധേയരായി. സ്വഭാവികമായും ഥിമ്മികളും അവരുടെ അവകാശ ങ്ങളും ത്രിശങ്കുവിലായി. അതേ അവസ്ഥ തന്നെ ഉയർന്ന് വരികയും പ്രകടമായ നിലയിൽ പേർഷ്യൻ റോമൻ സാമ്രാജ്യങ്ങളുടെ പതനത്തിന് കാരണമായി. എന്നിരിക്കിലും ഒരു കാര്യം ചൂണ്ടികാണിച്ചേ പറ്റൂ. ഥിമ്മികളുടെ വിശ്വാസ ലംഘനവും കുറച്ചൊന്നുമല്ല ഈ മാറ്റത്തിന് കാരണമായത്. കാലം കടന്നു പോയപ്പോൾ അവർ കൃതഘ്നരായി. തങ്ങളുടെ സഹമതക്കാരിൽ നിന്നുള്ള ദ്രോഹത്തിൽ നിന്നും അവരെ രക്ഷിച്ച മുസ്ലിംകളെ അവർ മറന്നു കളഞ്ഞു. ഇത് കാരണം അവർ തങ്ങളുടെ കൂറ് അമുസ്ലിംകളിലേക്ക് മാറ്റി. മാറിയ രാഷ്ട്രീയ സാഹചര്യം അവരുടെ നിയമജ്ഞന്മാരേയും നിയമ വ്യാഖ്യാതാക്കളേയും ബാധിച്ചു. അവർ ഥിമ്മികളെ കുറിച്ച് നിയമ വ്യവസ്ഥകളുണ്ടാക്കി. അതിന് ശരിഅത്തിന്റെ അംഗീകാരം ഉണ്ടായിരുന്നില്ല. ഈ നിയമങ്ങളെ കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നത് സുഖകരമല്ല. പക്ഷേ ദൗർഭാഗ്യവശാൽ ആ സമയത്ത് നിലനിന്നിരുന്ന സാഹചര്യങ്ങളുടെ പൂർണ്ണ ചിത്രം നൽകാൻ അത് വിവരിക്കേണ്ടതുണ്ട്. ഒന്നാമതായി ഒരു മുസ്ലിം രാജ്യത്തുള്ള അമുസ്ലിംകളെ കുറിച്ചുള്ള ഇസ്ലാമിന്റെ നിരോധന ഉത്തരവുകൾ എന്തെല്ലാമാണ്? രണ്ടാമതായി ഈ നിരോധന ഉത്തരവുകളെ കുറിച്ച് രാഷ്ട്രീയമായ കാരണങ്ങളാൽ ഉണ്ടായ തെറ്റിദ്ധാരണകൾ എന്തെല്ലാമാണ്?

## മുസ്ലിംകളുടെ പതനം: വിസ്മയകരമായ ഒരു പ്രവചനം

ആദ്യമായി ഇസ്ലാമിന്റെ വിശുദ്ധ പ്രവാചകന്റെ (സ) ഒരു പ്രവചനത്തെ കുറിച്ച് ചർച്ച ചെയ്യുന്നത് അസ്ഥാനത്താകില്ല. ഈ പ്രവചനത്തിൽ മുസ്ലിംകളുടെ രാഷ്ട്രീയ പതനത്തെക്കുറിച്ച് ചില പാഠങ്ങളുണ്ട്. അതിന് ഈ ചർച്ചാവിഷയവുമായി അടുത്ത ബന്ധമുണ്ട്. പ്രവചനം താഴെ പറയുന്നു.

ഒരിക്കൽ ഹദ്റത്ത് അബൂഹുറൈറ (റ) ഒരു മുസ്ലിം സംഘത്തെ അഭിസംബോധന ചെയ്ത് ഇങ്ങനെ പറഞ്ഞു: നിങ്ങളുടെ ഗവൺമെന്റ് സാമ്പത്തികവും ധനകാര്യപരവുമായ പ്രതിസന്ധി നേരിടുമ്പോൾ നിങ്ങളുടെ അവസ്ഥ ദുഃഖകരമായിരിക്കും. ഥിമ്മികളിൽ നിന്നും സ്വമേധയാ ഒന്നും ഈടാക്കാൻ സാധിക്കുകയില്ല. കേൾവിക്കാരിൽ ചിലർ അത്ഭുതത്തോടെ ചോദിച്ചു കാര്യങ്ങൾ അങ്ങനെയുള്ള നില വരെ എത്തുമോ? അബൂഹുറൈറ (റ) മറുപടി പറഞ്ഞു: അല്ലാഹു

വാണ് സാക്ഷി വിശുദ്ധ പ്രവാചകൻ(സ) എന്നോട് പറഞ്ഞു: അല്ലാഹുവിലും അവന്റെ പ്രവാചകനിലും ഉള്ള വിശ്വാസം പാലിക്കപ്പെടാതെ വരികയും ഥിമ്മികൾ ആദരിക്കപ്പെടാതെ വരികയും ചെയ്യുമ്പോൾ അതിന് പകരമായി അവരുടെ ഹൃദയം കടുത്ത് പോകുകയും അവർ ജിസ്‌യ അടക്കുന്നത് നിരാകരിക്കുകയും ചെയ്യും.[43]

ഈ സമയയോചിതമായ താക്കീതുണ്ടായിട്ടും മുസ്‌ലിംകൾ പരാജയപ്പെട്ടു എന്നത് പരിതാപകരമാണ്. എങ്ങനെ അല്ലെങ്കിൽ എന്തുകൊണ്ട് സംഭവിച്ചതെന്നതിനുള്ള മറുപടി നിയമജ്ഞർ നൽകുന്നതാണ്. അവ താഴെ വിവരിക്കാം.

## ഥിമ്മികളെ സംബന്ധിച്ച നീതി നിയമങ്ങൾ

നിരവധി കാരണങ്ങളാൽ നിയമജ്ഞന്മാർ ചുമത്താൻ തുനിഞ്ഞ പരിമിതി ആദ്യത്തേത് മുസ്‌ലിം അമുസ്ലിം പൗരന്മാർ തമ്മിൽ കാണാൻ കഴിയുന്ന വ്യത്യസ്തത സ്ഥാപിക്കലായിരുന്നു.

ഈ വ്യത്യസ്തത പ്രയോഗിക്കുന്നതിലേക്ക് നയിച്ച മനസ്ഥിതി ആവശ്യപ്പെടുന്നത് വ്യത്യസ്തതകളുടെ അടയാളങ്ങൾ ഥിമ്മികൾക്ക് അപമാനകരമായിരിക്കണം എന്നതായിരുന്നു. അങ്ങനെ അവർ മുസ്‌ലിംങ്ങളെക്കാൾ താഴ്ന്നവരാണെന്ന് കാണിക്കാൻ ഹിദായയുടെ കർത്താവ് (കർമ്മ ശാസ്ത്ര പുസ്തകം) അങ്ങനെയുള്ള വ്യത്യസ്തത സ്ഥാപിക്കേണ്ട ആവശ്യകത ചർച്ച ചെയ്തു കൊണ്ട് എഴുതുന്നു:

വസ്ത്ര ധാരണത്തിൽ മുസ്‌ലിംകളെ അനുകരിക്കാൻ ഥിമ്മികൾ നിർബന്ധിക്കപ്പെടണം. സമാനമായ കുതിരയും ജിനിയും ഉണ്ടാവരുത്. യഥാർത്ഥത്തിൽ അവയുടെ ഉപയോഗത്തിൽ മുസ്‌ലിമിങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കാൻ അവർ ഉപദേശിക്കപ്പെടണം 44

അടുത്തത് വ്യത്യസ്തയുടെ വിശദികരണങ്ങളാണ്. ഉദാഹരണമായി ഥിമ്മികളുടെ വസ്ത്രം പരുക്കനായിരിക്കണം. അത് പട്ടിന്റേയോ മറ്റു വിലപിടിച്ച് നാരിന്റേയോ ആകരുത്. അവരുടെ ഷർട്ടുകൾ താഴ്ന്നതായിരിക്കണം. ഷൂസുകൾ വികൃതമായിരിക്കണം ഏതെങ്കിലും പരുപരുത്ത സാധനങ്ങൾ കൊണ്ട് ഉണ്ടാക്കിയതാവണം. അവർക്ക് നിർദ്ദിഷ്ട അളവുകളുള്ള കമ്പിളിയുടെ അരപ്പട്ടയുണ്ടാവണം. ഈ അരപട്ട ഔദ്യോഗികമായി അറിയപ്പെട്ടത് കസ്തിഫ എന്നാണ്. അത് പുരാതന പേർഷ്യൻ പദമാണ്. അതിന്റയർത്ഥം നിന്ദ, അപമാനം എന്നാണ്. അതുകൊണ്ടാണ് ഈ പട്ട പട്ടിന്റേതാകാത്തത്. കാരണം അത് മനോജ്ഞത കൂട്ടുന്നു. അത് കാരണം ഉദ്ദേശം നടക്കില്ല. ഉദ്ദേശിക്കുന്നത് ഥിമ്മികളെ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്യലാണ്. മറിച്ച് അത് സാധുക്കളായ മുസ്‌ലിംകളിൽ അപകർഷതാ ബോധം ഉണ്ടാക്കും. ഥിമ്മികൾ മുസ്‌ലിംകൾ ധരിക്കുന്ന വസ്ത്രങ്ങൾ ധരിക്കരുത്. അവർ പഠിച്ചവരുടേയും പണ്ഡിതന്മാരുടെയും വസ്ത്രങ്ങൾ ധരിക്കരുത്. രണ്ടാമത്തെ വ്യത്യാസം ഥിമ്മികൾ കൈവശം വെക്കേണ്ട കുതിരകളെ സംബന്ധിച്ചാണ്. അവർക്ക് കുതിര കുട്ടികളേയും കഴുതകളേയും സവാരി ക്കുപയോഗിക്കാമായിരുന്നു. എന്നാൽ പലപ്പോഴും കുതിരകൾക്ക് ഉപയോഗിക്കുന്ന ജിനി അവർക്ക് ഉപയോഗിക്കാൻ പറ്റില്ലായിരുന്നു അതിന് പകരം മൃഗങ്ങളെ മൂടാൻ ഉപയോഗിക്കുന്ന താണതരം ജിനി ഉപയോഗിക്കാമായിരുന്നു. ചില നിയമജ്ഞർ എത്രത്തോളം പോയന്നൊൽ ഥിമ്മികൾ ഒരു മൃഗത്തയേും സവാരിക്ക് ഉപയോഗിക്കാൻ പാടില്ല എന്നായിരുന്നു. അങ്ങയേറ്റം അടിയന്തിര ഘട്ടത്തിൽ അതിന്റെ ഉപയോഗം അനുവദിക്കപ്പെട്ടിരുന്നു. ഉദാഹരണമായി ഒരു രോഗിയെ മാറ്റേണ്ടി വന്നാൽ അല്ലെങ്കിൽ യാത്ര ദിർഘമാണെങ്കിൽ സവാരി മൃഗത്തെ ഉപയോഗിക്കാം. പക്ഷേ അപ്പോൾ പോലും ഒരു മുസ്‌ലിം കോളനി എത്തിയാൽ അവർ

---

ഒരിക്കൽ ഹദ്റത്ത് അബൂഹു റൈറ (റ) ഒരു മുസ്‌ലിം സംഘത്തെ അഭിസംബോധന ചെയ്ത് ഇങ്ങനെ പറഞ്ഞു: നിങ്ങളുടെ ഗവൺമെന്റ് സാമ്പത്തികവും ധനകാര്യപരവുമായ പ്രതിസന്ധി നേരിടുമ്പോൾ നിങ്ങളുടെ അവസ്ഥ ദുഃഖകര മായിരിക്കും. ഥിമ്മികളിൽ നിന്നും സ്വമേധയാ ഒന്നും ഈടാക്കാൻ സാധിക്കുകയില്ല. കേൾവിക്കാരിൽ ചിലർ അത്ഭുതത്തോടെ ചോദിച്ചു കാര്യങ്ങൾ അങ്ങനെയുള്ള നില വരെ എത്തുമോ? അബൂഹുറൈറ (റ) മറുപടി പറഞ്ഞു: അല്ലാഹുവാണ് സാക്ഷി വിശുദ്ധ പ്രവാചകൻ(സ) എന്നോട് പറഞ്ഞു: അല്ലാഹുവിലും അവന്റെ പ്രവാചകനിലും ഉള്ള വിശ്വാസം പാലിക്കപ്പെടാതെ വരികയും ഥിമ്മികൾ ആദരിക്കപ്പെടാതെ വരികയും ചെയ്യുമ്പോൾ അതിന് പകരമായി അവരുടെ ഹൃദയം കടുത്ത് പോകുകയും അവർ ജിസ്‌യ അടക്കുന്നത് നിരാകരിക്കുകയും ചെയ്യും.

ഇറങ്ങുകയും നടക്കുകയും ചെയ്യണമായിരുന്നു.

മൂന്നാമത്തെ അവസ്ഥ പ്രകാരം ഥിമ്മികൾ തിരിച്ചറിയേണ്ട തിനായി തങ്ങളുടെ വിടുകളിൽ നിർദിഷ്ട അടയാളങ്ങൾ വെക്കണ മായിരുന്നു. മുസ്‌ലിംകളെ ഥിമ്മികൾക്ക് വേണ്ടി അശ്രദ്ധയിൽ പ്രാർത്ഥിക്കുന്നതിൽ നിന്നും രക്ഷിക്കാനായിരുന്നു. വിണ്ടും അവരുടെ വിടുകൾ മുസ്‌ലികളുടെ വിടുകളെക്കാൾ ഉയരം കൂട്ടുവാൻ പാടില്ലായിരുന്നു. ഥിമ്മി സ്ത്രീ കളുടെ മുന്നിൽ മുസ്‌ലിം സ്ത്രികൾ പർദ്ദ ധരിക്കണമായിരുന്നു. പുരുഷന്മാരുടെ മുമ്പിൽ ചെയ്യുന്നത് പോലെ ഒരുഥിമ്മി സ്ത്രീ അമുസ്ലിം സ്ത്രീയെ കാണാൻ ശ്രമിച്ചാൽ ശിക്ഷിക്കപ്പെടും ഊടു വഴികളും കുളിപ്പുരകളും ഥിമ്മിയുടെതും വെവ്വേറെ ആയിരുന്നു അവർ തമ്മിൽ കൂടിച്ചേരാതിരിക്കനായിരുന്നു അത്. ഥിമ്മികൾ ആദ്യമായി അഭിവാദനം ചെയ്യപ്പടരുത്. റോഡിന്റെ മദ്ധ്യത്തിലൂടെ നടക്കരുതെന്ന് അവരോട് പറയുമായിരുന്നു. ഒരു മുസ്‌ലിം, നിൽക്കുകയാനെങ്കിൽ ഥിമ്മി ഇരിക്കരുത്. തുടരുകയണെ ങ്കിൽ അത് ബഹുമാനരാഹിത്യവും അഹങ്കാരവുമായി കരുതപ്പെടു മായിരുന്നു. മുസ്‌ലിംകൾ ഒരിക്കലും തന്നെ ഥിമ്മികളെ ബഹുമാനിക്ക രുത്.

ഥിമ്മികൾ തങ്ങളുടെ ആരാ ധനാലയങ്ങളും സെമിത്തേരികളും ദാറുൽ ഇസ്‌ലാമിൽ പണിയരുതന്നെ് നിർദ്ദശേിക്കപ്പെട്ടിരുന്നു. എങ്കിലും പഴയ കെട്ടിടങ്ങൾ പുതുക്കി പണിയാമായിരുന്നു. അതോടൊപ്പം പുതിയ നിർമിതികൾ ഉണ്ടായിരി ക്കരുത്. ഥിമ്മികൾ പുതിയ ആരാധ നാ കേന്ദ്രങ്ങൾ നിർമ്മിക്കാൻ പാടില്ല. എന്തന്നൊൽ പാരമ്പര്യ പ്രകാരം ഇസ്‌ലാം അതിന് അനുവദിക്കുന്നില്ല. ദാറുൽ ഇസ്‌ലാം എന്നത് കൊണ്ടവർ അർത്ഥ മാക്കുന്നത് ഒരു പട്ടണമോ ഗ്രാമമോ ആണ്. അവിടെ ജുമയും ഈദ് നമസ്ക്കാരവും നടത്തപ്പെടുന്നു. വധശിക്ഷ നടപ്പിലാക്കുന്ന ഏർപ്പാടുകളും അവിടെയുണ്ട്. ചിലരുടെ അഭിപ്രായത്തിൽ മുസ്‌ലിം പട്ടണങ്ങൾ മൂന്ന് വിധത്തുലുണ്ട്.

(എ) മുസ്‌ലിംകൾ സ്വയം സ്ഥാപിച്ചത് ഉദാ: ബസറ, കൂഫ, ബാഗ്ദാദ്, വസത്ത് മുതലായവ. അങ്ങനെയുള്ള നഗരങ്ങളിൽ അമുസ്‌ലിംകൾക്ക് അവരുടെ ആരാധനാലയങ്ങൾ സ്ഥാപിക്കാൻ പറ്റില്ല. അവിടെ അവർക്ക് തങ്ങളു ടെ മതപരമായ പ്രവർത്തനങ്ങൾ നടത്താൻ പറ്റില്ല.

ബി) മുസ്‌ലിംകൾ കിഴടക്കി യ നഗരങ്ങളിൽ എവിടെയും ഥിമ്മികൾക്ക് അവരുട ആരാനാലയ ങ്ങൾ പണിയാൻ പറ്റില്ല.

സി) സമാധാന സന്ധി മുഖേന ലഭിച്ച നഗരങ്ങൾ ഇവിടെ അധികൃതർ സന്ധിയിലെ വ്യവസ്ഥ ആവശ്യപ്പെടുന്ന പ്രകാരം പ്രവർത്തിക്കണം. എങ്കിലും അവർ ഉപദേശിക്കപ്പെടുന്നത് ഥിമ്മികൾക്ക് അവകാശം നൽകുന്ന വിധം കരാറുകളിൽ വ്യവസ്ഥ ഉണ്ടാകാ തിരിക്കാൻ ശ്രദ്ധിക്കണമെന്നാണ്. ഈ അവകാശം നൽകപ്പെടുകയും അത് നടപ്പിൽ വരുത്തുന്നത് ഒഴിവാക്കാനും അവരുടെ മതപര മായ ഉത്സവങ്ങളിൽ അവരുടെ ബിംബങ്ങളും പ്രതിരൂപങ്ങളും കുരിശുകളും അവരുടെ ക്ഷേത്ര ത്തിന്ന് പുറത്ത് ഘോഷയാത്ര യായിക്കൊണ്ട് നടക്കരുത്. പരസ്യ മായി അവരുടെ മത പരമായ പ്രകടനങ്ങൾ നടത്തരുത്. അമുസ്‌ലിംകളുടെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നത് അഭികാമ്യമല്ല. അവർക്ക് അവകാശമില്ലത്തത് കൊണ്ടല്ല. അത്തരം സ്ഥലങ്ങൾ പിശാചുക്കളുടെ വീടുകളാണ് പിശാചുക്കൾ മാത്രമാണ് അവിടെ ഒരുമിച്ചു കൂടുന്നത്.

5) ഓരോ ഥിമ്മിക്കും വ്യക്തിപരമായ ജിസിയ നൽകണം. അത് ഒരു പ്രതിനിധിയോ വക്താ വോ മുഖേന നൽകുന്നത് അനുവദ നീയമല്ല. ജിസിയ ശേഖരിക്കുന്ന മുസ്‌ലിം ഇരുന്നുകൊണ്ടായിരിക്ക ണം അത് ചെയ്യുന്നത്. ഥിമ്മി നിന്നുകൊണ്ടും ആയിരിക്കണം ജിസിയ അടക്കുന്നത്. അയാൾ ഥിമ്മിയുടെ കോളറിന്ന് പിടിച്ചു കുലുക്കിയിട്ടു പറയണം ‘കൊടുക്കൂ പണം ദൈവത്തിന്റെ ശത്രുവേ’. (തുടരും)



# അല്ലാഹുമാത്രമാണ് ശമനദായകൻ: പ്രാർത്ഥനയുടെ അത്ഭുതസിദ്ധി

മരണവക്ത്രത്തിന് മുന്നിൽ ജിവിതം നൂലിഴയിൽ തൂങ്ങിനിന്ന സ്തോഭജനകമായ നിമിഷങ്ങൾ. വിധിയുടെ നാഥനായ അല്ലാഹുവിന് മുമ്പിൽ അഹ്മദികൾ നടത്തിയ മനമുരുകിയ പ്രാർത്ഥന കൊണ്ട് മാത്രമാണ് തന്റെ ജീവൻ തിരിച്ചുകിട്ടിയതെന്ന് ലേഖകൻ അടിയുറച്ച് വിശ്വസിച്ചു. പ്രാർത്ഥനയിലുള്ള എം എ മുഹമ്മദ് സാഹിബിന്റെ അചഞ്ചല വിശ്വാസം വെളിപ്പെടുത്തുന്നതാണ് പതിനേഴ് വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിൽ ഹൃദ്രോഗ ഓപ്പറേഷൻ കഴിഞ്ഞ് വന്ന് സത്യദൂതനിൽ അദ്ദേഹം പ്രസിദ്ധീകരിച്ച ഈ ലേഖനം. (2002 ജൂലായ്). അത് ഇവിടെ പുനപ്രസിദ്ധീകരിക്കുകയാണ്.

**എം എ മുഹമ്മദ് സാഹിബ് (മർഹൂം)**

ഒരു ബൈപ്പാസ് സർജറി കഴിഞ്ഞിട്ട് നാല് വർഷം തികയും മുമ്പ് വീണ്ടും നെഞ്ചിനകത്ത് അസ്വസ്ഥതകൾ തലപൊക്കി തുടങ്ങി. നടക്കുമ്പോഴും ചെറിയ ജോലികൾ ചെയ്യുമ്പോഴും നെഞ്ചിനകത്ത് സ്തംഭനം അനുഭവപ്പെടുന്നു. നേരിയ പടർന്നു കയറുന്ന വേദന. ഭിഷഗ്വരന്മാരുടെ നിർദ്ദേശ പ്രകാരം വീണ്ടും ചെന്നൈയിൽ എത്തി പരിശോധനകൾ പലതും നടത്തി. ബൈപ്പാസ് ചെയ്ത ധമനിക്ക് കുഴപ്പമില്ല. മറ്റു രണ്ട് രക്തക്കുഴലുകളിൽ തടസ്സങ്ങളുണ്ട്. അത് നീക്കിയേ പറ്റൂ. ഈ പ്രാവശ്യം ശസ്ത്രക്രിയ ചെയ്തില്ല. രക്തധമനികളിലൂടെ നേർത്ത ഒരു കുഴൽ (Catheter- കത്തീറ്റർ) കയറ്റി തടസ്സങ്ങൾ നിക്കി, അവിടങ്ങളിൽ മെഡിക്കേറ്റഡ് സ്റ്റെൻസ് (Medicated Stent) നിക്ഷേപിക്കുകയുണ്ടായി. ഇനി പേടിക്കാനില്ല ധൈര്യമായി പോയ്ക്കൂള്ളൂ എന്ന് ഡോക്ടർമാർ സമാശ്വസിപ്പിക്കുകയും ചെയ്തതാണ്.

ഡോക്ടർമാരുടെ സാന്ത്വന വചനങ്ങളുടെ മുഴക്കം കാതിൽ നിലക്കും മുമ്പേ ആശ്വാസ നിശ്വാസ വാക്കുകളുടെ ഊഷ്മളത തീരും മുമ്പ് വീണ്ടും പ്രശ്നങ്ങൾ തലപൊക്കി തുടങ്ങി. മൂന്ന് മാസം തികയും മുമ്പ് വിണ്ടും വിദഗ്ധരുടെ അഭിപ്രായങ്ങൾക്കായി അംബര ചുംബികളായ കെട്ടിട സമുച്ചയത്തിൽ സജ്ജീകരിച്ച ആശുപത്രിയിലെ പരിശോധനാ മുറിയിൽ ഞാൻ വീണ്ടും എത്തി. ബ്ലോക്ക് നീക്കം ചെയ്തതിന് ശേഷം നിക്ഷേപിച്ച സ്റ്റെന്റ്സിൽ കാത്സ്യം സംയുക്തങ്ങൾ വന്നടഞ്ഞിരിക്കുന്നു. 90 ശതമാനത്തോളം ധമനികൾ അടഞ്ഞു കിടക്കുകയാണ്. അധികം താമസിയാതെ അത് പൂർണ്ണമായും അടയും. ജൂലായ് മാസം വരെ കാത്തിരിക്കുക. അപ്പോഴേക്കും അമേരിക്കയിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ടതും അവക്ഷിപ്തങ്ങൾ അടിഞ്ഞു കൂടാത്തതുമായ സ്റ്റെൻസ് വരുന്നുണ്ട്. അത്വരെ മരുന്നുകൾ കൊണ്ടും ജിവിത ക്രമീകരണങ്ങൾ കൊണ്ടും പിടിച്ചുനിൽക്കേണ്ടിയിരിക്കുന്നു. ബ്ലോക്ക് അതിനിടയിൽ നൂറ് ശതമാനമായിക്കഴിഞ്ഞാൽ മരണത്തിന് വഴിപ്പെടുകയേ നിവർത്തിയുള്ളൂ. ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് ഡോക്ടർമാർ നൽകിയത്!! ജൂലായ് മാസം വരെ കാത്തിരിക്കുക. അപ്പോഴേക്കും അമേരിക്കയിൽ നിന്ന് പുതിയ തരം സ്റ്റെൻസ് വരുന്നുണ്ട്. നിസ്സാഹായതയിലേക്കും നിരാശയിലേക്കും രോഗിയെ തള്ളിവിടുന്ന വിവരങ്ങൾ!!

പലരും രണ്ടാമതൊരു ബൈപ്പാസ് നിർദ്ദേശിച്ചു. ആരും ജിവന് യാതൊരു ഉറപ്പും നൽകുന്നില്ല. ആദ്യത്തെ ബൈപ്പാസ് ചെയ്യുവാൻ മാറെല്ല് മുറിച്ചിരുന്നു. അതേ ഭാഗത്ത് വീണ്ടും മുറിക്കുവാൻ പറ്റില്ല. വശങ്ങളിൽ എല്ല് മുറിച്ച് നെഞ്ച് കൂട് തുറക്കേണ്ടി വരും. ബ്ലോക്കുകളുള്ള രണ്ടിടത്ത്

ബൈപ്പാസ് ചെയ്തേ മതിയാവൂ. അത് വളരെ അപകട സാദ്ധ്യത യുള്ള ശസ്ത്ര ക്രിയയാണ്. സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യാമെന്ന് മാത്രം. യാതൊരു ഉറപ്പും ആർക്കും തരാൻ പറ്റുകയില്ല. ശസ്ത്രക്രിയ ചെയ്യുന്നവർക്ക് തന്നെ ആത്മ വി ശ്വാസമില്ല. ആ സ്ഥിതിക്ക് അറിഞ്ഞ് കൊണ്ട് മരണം വിലക്ക് വാങ്ങണ മോ?

ജൂലായ് വരെ പിടിച്ചു നിൽക്കാൻ കഴിയുമോ? കഴിഞ്ഞാ ൽ തന്നെ ജൂലായിൽ സ്റ്റെൻസ് കിട്ടുമെന്ന് എന്താണുറപ്പ്? പൂർണ്ണ വിശ്രമാവസ്ഥയിൽ കുഴപ്പമില്ല. ഹൃദയ പ്രവർത്തനത്തിന് കുറഞ്ഞ അളവിൽ രക്തം മതി. എന്നാൽ ശാരീരിക ചലനങ്ങൾക്കും പ്ര വർത്തനങ്ങൾക്കും ഹൃദയത്തിന് ധാരാളം രക്തം ലഭിക്കേണ്ടതുണ്ട്. അത് ലഭ്യമാകാതെ വരുമ്പോൾ ഹൃദയം ഞെരുങ്ങുന്നു. അതില്ലാതെ സൂക്ഷിക്കുവാൻ സദാ വിശ്രമാ വസ്ഥയിൽ കഴിച്ചു കൂട്ടണം. നടക്കുകയോ സ്വയംകുളിക്കുക യോ എന്തിനധികം സംസാരിക്കുക പോലും ചെയ്യാതെ ചത്തതിനൊ ക്കുമേ ജീവിച്ചിരിക്കിലും എന്ന മട്ടിൽ കഴിയണം. മരുന്നുകളുടെ അളവ് വർദ്ധിപ്പിക്കുക. നിരന്തര നിരീക്ഷണത്തിന് വിധേയനാവുക. ഇതൊക്കെ പാലിച്ചാലും ഡോക്ടറെ വിട്ടിൽ തന്നെ താമസിപ്പിച്ചാലും രക്തധമനിയിലെ തടസ്സം നൂറു ശതമാനമായിക്കഴിഞ്ഞാൽ ജിവിത വുമായുള്ള ആ നൂലിഴ ബന്ധവും അറ്റുപോകും. വൈദ്യശാസ്ത്രത്തി ന്റെ വിധിയെഴുത്തുകൾ സ്രഷ്ടാ വും സർവ്വശക്തനുമായ നാഥൻ പൊളിച്ചെഴുതുന്ന എത്രയോ അനുഭവങ്ങൾ അറിയുന്ന നാം ഒരിക്കലും നിരാശപ്പെട്ട് തളർന്ന് പോകാൻ പാടില്ല.

പോം വഴികൾ തേടി ഭാര്യ യും മക്കളും കേരളത്തിന് വെളിയിലേക്ക് അന്വേഷണങ്ങൾ വ്യാപിപ്പിച്ചു. ഹൈദരാബാദിലെ ഉസ്താദ് ഗ്രൂപ്പ് കമ്പനികളുടെ ഉടമസ്ഥൻ ജനാബ് ബശീർ സാഹിബ് എന്റെ പരിശോധനാ റിപ്പോർട്ടുകൾ കാണിച്ച് അവിടു ത്തെ വിദഗ്ധ ഡോക്ടർമാരുടെ നിർദേശങ്ങൾ ആരാഞ്ഞു. ഉടനെ മറ്റൊരു ബൈപ്പാസ് അല്ലാതെ വേറൊരു പോംവഴിയില്ലെന്നും അത് തന്നെ ഉടനെ ചെയ്തില്ലെങ്കിൽ അപകടമാണെന്നുമായിരുന്നു അവരുടെ വിലയിരുത്തൽ.

മെഡിക്കൽ സയൻസിന്റെ സാങ്കേതികതകൾക്കപ്പുറം അല്ലാ ഹുവിന്റെ തഖ്ദീർ മറ്റൊരു വിധത്തിലായിരുന്നു പ്രവർത്തിച്ചത്. തദവസരത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഭാരത മേലദ്ധ്യക്ഷൻ ഹദ്റത്ത് സാഹിബ് സാദാ ജനാബ് മിർസാ വസിം അഹ്മദ് സാഹിബ് ചികിത്സാർത്ഥം ഹൈദരാബാദിൽ ക്യാമ്പ് ചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹവും ബശീർ സാഹിബും കൂടി അമേരിക്കയിലെ പോർട്ട്ലണ്ട് ഹോസ്പിറ്റലിലെ പ്രസിദ്ധ കാർഡിയോ സർജനായ ഡോ. അഫ്താബ് അഹ്മദ് സാഹിബു മായി ബന്ധപ്പെട്ടു. ഡോ. അഫ്താബ് ബീഹാറുകാരനായ അഹ്മദിയായി രുന്നു. അദ്ദേഹം തന്റെ ഇളയപ്പയു ടെ മരണത്തെ തുടർന്ന് പാട്നയിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന് എന്റെ മെഡിക്കൽ റിപ്പോർട്ടുകൾ അയച്ചു കൊടുത്തു. ഹദ്റത്ത് മിയാൻ (വസീം സാഹിബ്) സാഹിബിന്റെ പ്രത്യേക ശുപാർശ പ്രകാരം ഡോ. അഫ്താബ് അഹ്മദ് സാഹിബ് അല്ലാഹുവിന്റെ അനുഗ്ര ഹത്താൽ താൻ തന്നെ ഈ ശസ്ത്രക്രിയ ചെയ്യാമെന്ന് ഏൽക്കുകയും ചെയ്തു.

അമേരിക്കയിൽ നിന്ന് ജൂലാ യിൽ വരാനുണ്ടെന്ന് പറഞ്ഞ പ്രത്യേക സ്റ്റെൻസ് ഇത് വരെ അമേരിക്കയിൽ തന്നെ ലഭ്യമായി തുടങ്ങിയിട്ടില്ലെന്നും അത് നിക്ഷേപി ച്ചാൽ തന്നെ സുരക്ഷിതത്വം ഉറപ്പ് വരുത്താനാകില്ലെന്നുമായിരുന്നു. ഡോ. അഫ്താബ് സാഹിബിന്റെ അഭിപ്രായം.

അദ്ദേഹം അമേരിക്കയിൽ മടങ്ങിയെത്തിയ ഉടനെ എനിക്ക് അമേരിക്കൻ വിസ ലഭിക്കുവാനാ വശ്യമായ എല്ലാ പേപ്പറുകളും അമേരിക്കൻ എംബസ്സിയിലേക്കും ഞങ്ങൾക്കും അയച്ചു തന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒന്നിനും എവിടേയും ഒരു തടസ്സവും നേരിട്ടില്ല. അമേരിക്ക യിലേക്ക് പുറപ്പെടുന്ന ദിവസം വരെ രോഗ നിർണ്ണയ കലയിൽ നിപുണ നായ കോഴിക്കോട്ടുകാരൻ കാർഡി യോ ഫിസിഷ്യൻ ഡോ. അലി ഫൈസലിന്റെ നിരന്തര നിരീക്ഷ ണത്തിലും ചികിത്സയിലുമായിരു ന്നു കഴിച്ചുകൂട്ടിയിരുന്നത്. യാത്ര ക്കിടയിൽ ഉപയോഗിക്കാനുള്ള മരുന്നുകളും അടിയന്തിര ഘട്ട ത്തിൽ ഉപയോഗിക്കാനുള്ള സ്റ്റിക്കറുകളും അദ്ദേഹം നൽകിയിരുന്നു. അങ്ങനെ കഴിഞ്ഞ മേയ് നാലാം തീയതി ഞാനും ഭാര്യയും മകൻ അഷ്റഫും ലണ്ടനിലേക്ക് യാത്ര തിരിച്ചു. മുഴുവൻ ജമാഅത്തംഗങ്ങളുടെ യും ബന്ധു മിത്രാദികളുടെയും പ്രാർത്ഥനകൾ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. ലണ്ടനിൽ ചെന്ന് ഖലീഫ തിരുമനസ്സിനെ കണ്ട് അനു ഗ്രഹാശിസുകൾ വാങ്ങുകയും ദുആക്ക് അപേക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. മേയ് 6-ാം തീയതി ഹുസൂറുമായുള്ള കൂടിക്കാഴ്ച്ച നടന്നു. അല്ലാഹുവിന്റെ പ്രതിനിധി യായ ഖലിഫാ തിരുമനസ്സിന്റെ ദർശനം ലഭിച്ചതും അദ്ദേഹത്തിന്റെ ദുആ ലഭിച്ചതും ഒരു മഹാ അനുഗ്രഹമായിരുന്നു. പ്രശാന്ത മായ മനസ്സുമായി ഞങ്ങൾ മെയ് 7-ാം തീയതി രാവിലെ അമേരിക്ക യിലേക്ക് യാത്ര പുറപ്പെട്ടു. 8-ാം തീയതി വൈകിട്ട് പോർട്ട്ലണ്ടിലെ ത്തി. പോർട്ട്ലണ്ട് ജമാഅത്ത് പ്രസിഡന്റ് ഡോ. ലുഖ്മാൻ സാഹിബും ഭാര്യയും ഞങ്ങളെ സ്വീകരിക്കുവാൻ എയർപോർട്ടിൽ എത്തിയിരുന്നുവെങ്കിലും നിർഭാഗ്യവശാൽ ഞങ്ങൾ തമ്മിൽ കണ്ടുമുട്ടിയില്ല. ഒരു ടാക്സിയെടു ത്ത് ഞങ്ങൾ നേരെ സെന്റ്

വിൻസെന്റ് പ്രോവിഡൻസ് ഹോസ്പിറ്റലിൽ എത്തി. ഡോ. അഫ്താബ് അഹ്മദ് സാഹിബ് തങ്ങൾക്ക് വേണ്ടി ഗസ്റ്റ് ഹൗസ് ബുക്ക് ചെയ്തിരുന്നു ഗസ്റ്റ് ഹൗസിൽ എത്തിയപ്പോഴേക്കും ജമാഅത്ത് പ്രസിഡണ്ട് ലുഖ്മാൻ സാഹിബും ഭാര്യയും തിരിച്ച് ഗസ്റ്റ് ഹൗസിൽ എത്തി ചേർന്നിരുന്നു. ഡോക്ടർ എത്തി പരിശോധിച്ചു. ദീർഘദൂര വിമാനയാത്രയും ക്ഷീണവും കാരണം എനിക്ക് അൽപ്പം അസ്വസ്ഥതയനുഭവപ്പെട്ടിരുന്നു. ഒരു ദിവസത്തെ പൂർണ്ണ വിശ്രമത്തിന് ശേഷം വെള്ളിയാഴ്ച്ച 10-ാം തീയതി ഓപ്പറേഷൻ ചെയ്യാമെന്ന് നിശ്ചയിച്ചു. പക്ഷേ രാത്രി വൈകി എന്റെ നെഞ്ചു വേദനയും അസ്വസ്ഥതയും വർദ്ധിച്ചു. അസഹ്യമായ വേദന കൊണ്ട് ഞാൻ തളരുകയായിരുന്നു. ഭാര്യ ഉടനെ ഡോക്ടറെ വിളിച്ചു. അദ്ദേഹം നല്ല ഉറക്കമായിരുന്നു. അദ്ദേഹവും ഭാര്യയും യാതൊരു മടിയും കൂടാതെ ഞങ്ങളുടെയടുത്തെത്തി. എന്നെ ഉടനെ ആശുപത്രിയിലേക്ക് മാറ്റി. ഏറെ നേരം ഡോക്ടർ അഫതാബ് ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. ഒരോ മണിക്കൂർ കഴിയുന്തോറും എന്റെ ശാരീരിക നില അവശമായിക്കൊണ്ടിരുന്നു. പെട്ടെന്ന് തന്നെ സർജ്ജറി വേണമെന്ന നിലവന്നപ്പോൾ 9-ാം തീയതി അതിരാവിലെ എനിക്ക് അനസ്ത്യേഷ്യ തന്നു തിയേറ്ററിലേക്ക് കൊണ്ടു പോകുകയായിരുന്നു. പിന്നീട് നടന്നതൊന്നും എനിക്കറിയില്ല. പിറ്റേ ദിവസം രാവിലെ ബോധം തിരിച്ചു കിട്ടിയപ്പോഴോൾ ബഹുവിധ ട്യൂബുകളും വയറുകളും കൊണ്ട് എന്നെ സങ്കീർണ്ണമായ യന്ത്രങ്ങളോട് ഘടിപ്പിച്ചിരുന്നു. ക്രമേണ ഓരോ ട്യൂബുകളും മറ്റുമെടുത്ത് മാറ്റിക്കൊണ്ടിരുന്നു. അത് മാത്രമേ എനിക്ക് ഓർമ്മയുള്ളൂ. അതോടെ ശക്തമായ ഒരലർച്ചയും ഞരക്കവും പുറപ്പെടുവിച്ചു കൊണ്ട് ഞാൻ കട്ടിലിൽ മേലോട്ടും താഴോട്ടും എടുത്തടിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്ന് ഭാര്യപറഞ്ഞു. അവിടെ ഐ സി യു കളിലും സി ആർ യുകളിലും പരിചരിക്കുന്നവർക്ക് സദാ കൂടെ നിൽക്കാവുന്നതാണ്. ഉടനെ ഡോക്ടർമാറും വകുപ്പ് മേധാവികളും ഓടിയെത്തി എന്നെ വെന്റിലേറ്ററിലേക്ക് മാറ്റി. അതോടെ ശരീരം പൂർവ സ്ഥിതി പ്രാപിച്ചുവെന്ന് കണ്ടവർ പറയുന്നു. സർജറി കഴിഞ്ഞ് രോഗിയെ സിആർയുവിൽ ഏൽപ്പിച്ചു കഴിഞ്ഞാൽ പിന്നെയുള്ള ഉത്തരവാദിത്വം ഹോസ്പിറ്റൽ മേധാവികളുടേതാണ്. സർജന്റേതല്ല. അവിടെ നേഴ്സുമാരുടെ ചുമതലകൾ നിർവഹിക്കുന്നത് ഡോക്ടർമാർ തന്നെയാണ്.

സാധാരണ ഗതിയിൽ കാണാൻ പോലും പറ്റാത്ത വിധം ശക്തമായ സെക്യൂരിറ്റിയുള്ള ഉന്നതനയ കാർഡിയോളജി സർജ്ജനാണ് ഗോ അഫ്താബ് അഹ്മദ്. ഹൃദയ കൃത്രിമ വാൽവ് കണ്ടെത്തിയ ഡോക്ടർമാരിൽ ഒരാൾ കൂടിയാണ് അദ്ദേഹം. എന്റെ സർജറിയിൽ അദ്ദേഹത്തെ സഹായിച്ചത് ഡോ. സാംസണ് ആയിരുന്നു. അബോധാവസ്ഥയിൽ ഏകദേശം പതിനൊന്ന് ദിവസങ്ങളോളം ഞാൻ വെന്റിലേറ്ററിൽ കഴിച്ചു കൂട്ടി. നാല് ദിവസം ഐസിയുവിലും ചിലവഴിച്ചു. എന്റെ ആരോഗ്യനില ആശങ്കജനകമാം വിധം വഷളായിരുന്നുവെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. ഈ സമയങ്ങളിലെല്ലാം ഡോ. അഫ്താബ് അഹ്മദ് ഭാര്യ മിസിസ് റെയ്നാ സാഹിബാ സമേതം വന്ന് ഭാര്യയെ സമാശ്വസിപ്പിച്ചുകൊണ്ടും ചികിത്സക്ക് മേൽനോട്ടം നടത്തിക്കൊണ്ടും ഞങ്ങളുടെ കൂടെ തന്നെ ഉണ്ടായിരുന്നു. ഹൃദ്രോഗ ചികിത്സാരംഗത്ത് ലോകത്ത് തന്നെ അതികായന്മാരിലൊരാളായ അഫ്താബ് അഹ്മദ് അഹ്മദിയ്യ ജമാഅത്തിന്റെ എളിയപ്രവർത്തകനും അതീവ ഭക്തനുമാണ്.

എല്ലാ ശസ്ത്രക്രിയക്ക് മുമ്പും ദൈവസന്നിധിയിൽ ഉള്ളുരുകി പ്രാർത്ഥിക്കുക എന്നത് അഫ്താബ് അഹ്മദിന്റെ ശീലമാണ്. ഡോക്ടർമാരും മരുന്നുകളും ശസ്ത്രക്രിയകളുമെല്ലാം ഒരു നിമിത്തം മാത്രമാണ് അല്ലാഹുവാണ് രോഗശമനം നൽകുന്നത് എന്ന് അടിയുറച്ച് വിശ്വസിക്കുന്ന ഒരു ഭക്തനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ഭാര്യയും ജമാഅത്ത് പ്രസിഡന്റിന്റെ ഭാര്യയും അവരുടെ കുടുംബാംഗങ്ങളും പോർട്ട്ലണ്ട് ജമാഅത്ത് മുഴുവനും എനിക്ക് വേണ്ടി പ്രാർത്ഥനയിൽ നിരതരായിരുന്നു വെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. അഹ്മദിയ്യാ ബന്ധം കുടുംബ ബന്ധത്തേക്കാൾ ദൃഢമാണെന്ന സത്യം ഞാൻ മനസ്സിലാക്കി. ഒരു മൺതരികണക്കേ ഒന്നുമല്ലാത്ത എനിക്ക് വേണ്ടി അവർ ദുആകൊണ്ട് അല്ലാഹുവിന്റെ അർശ് പിടിച്ചു കുലുക്കുകയായിരുന്നു. ഇന്ന് ഞാൻ എന്ന വ്യക്തി ജിവിക്കുന്നത് തന്നെ ആ ദുആയുടെ സിദ്ധി ഒന്നുകൊണ്ട് മാത്രമാണ്.

ചികിത്സകൾ കഴിഞ്ഞ് മടങ്ങുന്നത് വരെ ഞങ്ങൾ പോർട്ട്ലണ്ട് ജമാഅത്തിന്റെ അതിഥികളായിരുന്നു ഡോക്ടർ അഫ്താബ് സാഹിബും ഭാര്യയും ജമാഅത്ത് പ്രസിഡണ്ട് സാഹിബും ഭാര്യയും ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും നിഷ്ക്കർശയോടെ നിർവ്വഹിച്ചു വന്നു. കേരളീയ രീതിയിലുള്ള ഭക്ഷണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിലും എത്തിക്കുന്നതിലും അവർ വളരെ താൽപര്യം കാണിച്ചിരുന്നു. വരുവാനും സഹായം എത്തിക്കാനും സാധിക്കാത്ത സന്ദർഭങ്ങളിൽ അവരുടെ മറ്റു ബന്ധുക്കളെ അയക്കുകയും ചെയ്തിരുന്നു. അവർ എനിക്ക് വേണ്ട സഹായങ്ങൾ ചെയ്ത് എന്റെ ഭാര്യയെ ഭക്ഷണം പാകം ചെയ്യുന്നതിനും കഴിക്കുന്നതിനും വിടുമായിരുന്നു.

ശേഷം പേജ് 39 ൽ

# എം. എ. അണഞ്ഞു പോയ നാടിന്റെ സ്നേഹ ദീപം

**എ. എം. മുഹമ്മദ് സലീം**

എം എ എന്ന ദ്വയാക്ഷരിയിലൂടെ ഒരു നാട് മുഴുവൻ അറിയപ്പെട്ട എല്ലാവർക്കും പ്രിയങ്കരനായ എം എ മുഹമ്മദ് സാഹിബ് 2019 ജൂൺ 19 ന് അല്ലാഹുവിന്റെ വിളിക്കുത്തരം നൽകി കഥാവശേഷനായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കൊടിയത്തൂരിലെ പ്രതാപിയായ ഖാസി അബ്ദുൽ അസീസ് മൗലവിയുടെയും കുന്നത്തുചാലിൽ ഉമ്മയ്യ ഹജ്ജുമ്മയുടെയും മകനായി 1932 ലാണ് എം എ മുഹമ്മദ് സാഹിബ് ജനിച്ചത്. കേരളത്തിൽ ഇസ്‌ലാം മതജീവിതത്തെ രൂപപ്പെടുത്തിയതിൽ ഗണ്യമായ പങ്ക് വഹിച്ച പൊന്നാനിയിലെ പുരാതനമായ മഖ്ദൂം കുടുംബത്തിലാണ് അദ്ദേഹത്തിന്റെ പണ്ഡിതനായ പിതാവ് അബ്ദുൽ അസീസ് മൗലവിയുടെ കുടുംബ വേരുകൾ. കേരളത്തിലെ മത വിദ്യാഭ്യാസരംഗത്ത് പണ്ട് കാലം മുതൽ തന്നെ കൊടിയത്തൂരും പ്രാന്തപ്രദേശങ്ങളും പ്രശസ്തമായിരുന്നു. ഇലവഞ്ഞിപ്പുഴയുടെയും ചാലിയാറിന്റേയും അതിരിട്ടൊഴുകുന്ന കൊടിയത്തൂർ ഗ്രാമവും സമീപ പ്രദേശങ്ങളും പ്രശസ്തമായ മുസ്‌ലിം മതപഠന സ്ഥാപനങ്ങളാൽ സമൃദ്ധമാണ്. അത്കൊണ്ട് തന്നെ നിരവധി മുസ്‌ലിം പണ്ഡിതന്മാരെ സംഭാവന ചെയ്ത ദേശമാണത്. എല്ലാ



മുസ്‌ലിം സംഘടനകളുടെയും ശാഖകൾ സജീവമായി പ്രവർത്തിക്കുന്ന കൊടിയത്തൂർ പ്രദേശത്ത് ഇടതുപക്ഷ പുരോഗമന ചിന്തകൾക്കും നിരീശ്വരവാദത്തിനും മുസ്‌ലിംകളുടെ ഇടയിൽ പ്രത്യേകിച്ച് യുവാക്കളുടെ ഇടയിൽ നല്ല വേരോട്ടമുണ്ടായിരുന്നു. സാംസ്ക്കാരികമായും വിദ്യാഭ്യാസപരമായും പ്രബുദ്ധമായതും ഉന്നത നിലവാരം പുലർത്തുന്ന ഒരു ഗ്രാമവുമായിരുന്നു എം എം യുടെ ജന്മഗ്രാമം. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീറായിരുന്ന കെ സി അബ്ദുല്ല മൗലവി എം എ യുടെ അമ്മാവനായിരുന്നു. മതം ജനിതകമായി അദ്ദേഹത്തിൽ ഉൾചേർന്ന വികാരമായിരുന്നു. മതത്തിന്റെ വേരോട്ടം രൂഢമൂലമായിരുന്ന കുടുംബമായിരുന്നിട്ടും അദ്ദേഹത്തിന്റെ നിശിതമായ യുക്തി വിചാരശീലവും പ്രബുദ്ധമനസ്സും ആ പ്രദേശത്തിന്റെ സാമൂഹിക സ്വഭാവവും കൂടി എം എ യെ ഒരു ഇടത്പക്ഷ അനുഭാവിയാക്കി മാറ്റി. ആദ്യകാലത്തെ അറിയപ്പെടുന്ന കോഴിക്കോട്ടെ കമ്യൂണിസ്റ്റ് നേതാക്കന്മാരെല്ലാം എം എ യുടെ അടുത്ത സ്നേഹിതന്മാരായിരുന്നു. ഇസ്‌ലാം മതത്തിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അദ്ദേഹം വെറുത്തു. വിശുദ്ധ ഖുർആനിൽ അദ്ദേഹത്തിന് മനസ്സിലാവാത്ത കാര്യങ്ങൾ ചുവപ്പ് മഷികൊണ്ട് രേഖപ്പെടുത്താൻ പോലും അദ്ദേഹം ധൈര്യം കാണിച്ചു. ഇങ്ങനെയുള്ള ഒരു പശ്ചാത്തലത്തിലാണ് എം എ അഹ്മദിയ്യാ ജമാഅത്തിൽ ആകൃഷ്ടനാകുന്നത്. ഇ എസ് എൽ സി പാസ്സായ എം എ വാഴക്കാട്ടെ ദാറുൽ ഉലൂമിലും പള്ളി ദർസുകളിലും കോഴിക്കോട്ടെ എം എം ഹൈസ്കൂളിലും ഫറോക് കോളേജ് റൗളത്തുൽ ഉലൂമിലും വിദ്യാഭ്യാസം നിർവ്വഹിച്ചിട്ടുണ്ട്.

1935 കാലത്ത് മംഗലശ്ശേരി സഹോദന്മാർ എന്ന് അറിയപ്പെട്ടിരുന്ന അഹ്മദ് കുട്ടി സാഹിബ്, അബൂബക്കർ മൗലവി എന്നിവരാണ് കൊടിയത്തൂരിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സത്യം സ്വീകരിച്ച രണ്ട് വ്യക്തികൾ. സാമൂഹിക ബഹിഷ്ക്കരണം മാത്രമല്ല, കുടിവെള്ളവും ചികിത്സയടക്കം അവർക്ക് നിഷേധിക്കപ്പെടുകയും എതിർപ്പിന്റെ അഗ്നിജ്വാല നാലു

ഭാഗത്ത് നിന്നും ആളിക്കത്തുകയുമായിരുന്നു. ഏത് നാട്ടിലും സത്യപ്രസ്ഥാനങ്ങളുടെ വളർച്ചാ രീതി അങ്ങനെയായിരുന്നുവല്ലോ. ഗത്യന്തരമില്ലാതെ അവർ പഴയങ്ങാടിയിലേക്ക് പലായനം ചെയ്യുകയുണ്ടായി. ഇതായിരുന്നു അന്നും പിന്നീട് വളരെ അയഞ്ഞ രീതിയിലും കൊടിയത്തൂരിൽ അഹ്മദികളോട് ഭൂരിപക്ഷ മുസ്‌ലിം സമൂഹം തുടർന്നു വന്ന നിലപാട്. അഹ്മദികളായ അബൂബക്കർ സാഹിബ് പഞ്ചാബിലെ ഖാദിയാനിൽ മതപഠനത്തിനും അഹ്മദ് കുട്ടി സാഹിബ് തിരിച്ച് കൊടിയത്തൂരിലും മടങ്ങിയെത്തി. കൊടിയത്തൂരിൽ തിരിച്ചെത്തിയ അദ്ദേഹത്തെ ജന്മനാട്ടിൽ ശത്രുക്കൾ ജീവിക്കാനനുവദിച്ചില്ല. അദ്ദേഹത്തെ കൊണ്ട് നിർബന്ധപൂർവ്വം ഞാൻ അഹ്മദിയല്ല എന്ന് നോട്ടീസടിപ്പിച്ച് വിതരണം ചെയ്യിച്ചു. പക്ഷേ പീഢിതനായ അദ്ദേഹം അടങ്ങിയിരുന്നില്ല. രഹസ്യമായി അഹ്മദിയ്യാ സന്ദേശം പ്രചരിപ്പിച്ചു. ചില അനുഭാവികളും അനുയാത്രികരുമുണ്ടായി. പീടിക കോലായിയിലും ചായപീടികകളിലും നാലാൾ കൂടുന്ന മറ്റിടങ്ങളിലെല്ലാം വാദപ്രതി വാദങ്ങളും ഖണ്ഡന മണ്ഡനങ്ങളും വീറോടെ നടന്നു. അങ്ങനെ 1950 കളിൽ എം സി മുഹമ്മദ് സാഹിബും എം എം അബൂബക്കർ സാഹിബുമടക്കം പലരും ജമാഅത്തിലേക്ക് ചേരാൻ അതെല്ലാം നിമിത്തമായി. മംഗലശ്ശേരിയോട് കൊടിയത്തൂരിലെ ഭൂരിപക്ഷ മുസ്‌ലിം സമൂഹം ചെയ്ത പീഢനങ്ങൾക്ക് അദ്ദേഹം മധുരമായി പ്രതികാരം വീട്ടുകയായിരുന്നു. തുടർന്ന് കോഴിക്കോട്ട് നിന്ന് മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച് എ യും അബുൽ വഫാ മൗലവിയും പ്രചാരണ പ്രസംഗത്തിനായി കൊടിയത്തൂരിൽ എത്തുകയും മറുപക്ഷത്ത് നിന്ന് അതിന്റെ പ്രത്യാക്രമണമുണ്ടാകുകയും ചെയ്തു. അഹ്മദികളും അനഹ്മദികളും തമ്മിലുള്ള വിവാദകൊടുങ്കാറ്റ് ആഞ്ഞടിച്ച ഇക്കാലത്ത് എം എ. ഒരു വിദ്യാർത്ഥിയായിരുന്നു. എം എ യെ പോലെ ധീരമായി ചിന്തിക്കുന്ന ഒരു യുവാവിന്റെ പ്രക്ഷുബ്ധ മനസ്സ് നാട്ടിൽ നടക്കുന്ന ഈ സംവാദങ്ങളുടെ സത്യാസത്യ വിവേചനത്തിന് സജ്ജമായി. അഹ്മദികളുടെ എതിർപക്ഷത്തിന് നേതൃത്വം നൽകിയിരുന്നത് നാട്ടിലെ ഖാളിയും തന്റെ പിതാവുമായ എം എ അബ്ദുൽ അസീസ് മൗലവിയും അമ്മാവനായ കെ സി അബ്ദുല്ലാ മൗലവി സാഹിബുമായിരുന്നു. ഒരു പണ്ഡിത കുടുംബത്തിലെ അംഗവും യുവാവുമായ എം എ അസാധാരണമായ ധൈര്യത്തോടെയും സത്യാഭിമുഖ്യത്തോടെയുമാണ് അഹ്മദിയ്യാ ജമാഅത്തിൽ ആകൃഷ്ടനാകുന്നത്. ഇരുപക്ഷത്തിന്റേയും പ്രസംഗങ്ങൾ അദ്ദേഹം ശ്രദ്ധാപൂർവ്വം ശ്രവിച്ചു. പ്രഭാഷണ കലയുടെയും ഖുർആനിക ജ്ഞാനത്തിന്റേയും ദിവ്യാത്ഭുതമായിരുന്ന യശ്ശശരീരനായ മൗലാന എച്ച് എ അബ്ദുല്ലാഹ് മൗലവിയുടെ പ്രഭാഷണങ്ങൾ സത്യത്തിന്റെ വജ്രസൂചി പോലെ എം എ യുടെ യുവ മനസ്സിലേക്ക് തുളഞ്ഞുകയറി. അപ്രതിരോധ്യമായ സത്യത്തിന്റെ ആ വാക്ക്ധോരണി എം എയുടെ പ്രബുദ്ധമനസ്സിനെ കീഴടക്കുകയായിരുന്നു. അഹ്മദിയത്ത് സ്വീകരിച്ചതിന്റെ പേരിൽ നാട്ടിലെ ആളുകൾ അനുഭവിക്കേണ്ടിവന്ന ദാരുണമായ പലായനങ്ങളും ഭീകരമായ ഭത്സനങ്ങളും ക്രൂരമായ ബഹിഷ്ക്കരണങ്ങളും തന്റെ കണ്ണിന്റെ മുന്നിൽ അരങ്ങേറിയിട്ടും ഈ തിക്ത യാഥാർത്ഥ്യങ്ങളെല്ലാം അവഗണിച്ച് നിർഭയമായി തനിക്ക് ബോദ്ധ്യംവന്ന സത്യത്തിലേക്ക് ആ സത്യാന്വേഷി ധീരമായി നടന്നടുക്കുകയായിരുന്നു. അതും തന്റെ സ്വന്തം പിതാവും അമ്മാവനും എതിർ ചേരിയിൽ സജീവമായി നേതൃത്വം നൽകുന്ന ഒരു പ്രസ്ഥാനത്തിലേക്ക്!!. പിതാവും അമ്മാവനും ബന്ധുജനങ്ങളും സമൂഹവും സ്ഥാനമാനങ്ങളും സമ്പത്തും എല്ലാം തൃണവൽ ഗണിച്ചായിരുന്നു 1964 ൽ എം എ അഹ്മദിയ്യത്തിലേക്ക് ബൈഅത്ത് ചെയ്ത് വന്നത്. അഹ്മദിയത്തിന്റെ എതിർപ്പിന് നേതൃത്വം കൊടുത്ത ഖാളിയുടെ മകൻ തന്നെ അഹ്മദിയ്യത്തിലേക്ക് പ്രവേശിച്ച സംഭവം കൊടിയത്തൂർ പ്രദേശത്തെയാകെ ഇളക്കി മറിച്ചു. ഭൂരിപക്ഷ മുസ്‌ലിംകളിലെ പ്രമാണിമാർക്കും പണ്ഡിത കേസരികൾക്കും തലയുയർത്താനാവാത്ത കനത്ത പ്രഹരമായിരുന്നു എം എ യുടെ അഹ്മദിയ്യാ പ്രവേശനം നൽകിയത്. പിന്നീട് 1964 ജൂൺ 29-ാം തീയതിയാണ് കൊടിയത്തൂർ ജമാഅത്ത് രൂപീകരിച്ചത്. അന്ന് മുതൽ അദ്ദേഹം കോഴിക്കോട്ടേക്ക് താമസം മാറ്റുന്നത് വരെ പ്രസിഡന്റ് എം എ ആയിരുന്നു. എം സി മുഹമ്മദ് സാഹിബ് നൽകിയ സ്ഥലത്ത് മിക്കവാറും എം എ യുടെ ചിലവിലാണ് അതിന് മുമ്പ് കൊടിയത്തൂരിലെ പള്ളി നിർമ്മിച്ചത്. പ്രത്യേകമായ ഒരു കാര്യം അന്ന് എം എ ജമാഅത്തിന്റെ അനുഭാവി മാത്രമായിരുന്നു.

മതപരമായി ഇത്ര വിരുദ്ധ ധ്രുവങ്ങളിൽ കൊടിയത്തൂരിലെ ഭൂരിപക്ഷ സമൂഹം നിലയുറപ്പിച്ചിട്ടും വിസ്മയകരമായ കാര്യം പിന്നീട് എം എ അവരുടെയെല്ലാം ഏറ്റവും പ്രിയങ്കരനും കണ്ണിലുണ്ണിയുമായ നാട്ടുകാരനായി മാറി എന്നതാണ്. അത് മറ്റൊന്നുകൊണ്ടുമായിരുന്നില്ല അദ്ദേഹത്തിലെ ദൈവഭക്തിയിലധിഷ്ഠിതമായ മനുഷ്യനന്മ എല്ലാ എതിർപ്പുകളേയും വിദ്വേഷത്തെയും അലിയിച്ചു കളയുന്ന ഒരു മഹാ പ്രവാഹമായി അദ്ദേഹത്തിൽ നിന്നും ഒഴുകിയിരുന്നു എന്നതുകൊണ്ടാണ് ആ അത്ഭുതം സംഭവിച്ചത്. പരമ്പരാഗതമായി കാർഷിക കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. സാമ്പത്തികമായി സാധാരണക്കാരനായിക്കൊണ്ടാണ് അദ്ദേഹം അഹ്മദിയ്യത്തിലേക്ക് വന്നത്. അതിന് ശേഷം അല്ലാഹു അദ്ദേഹത്തിന് വലിയ തോതിൽ സാമ്പത്തികാഭിവൃദ്ധി നൽകി. അദ്ദേഹം

കേവലം ഒരു ധനികനായത് കൊണ്ടും ആളുകൾക്ക് നിർലോപം ധന സഹായം നൽകിയതുകൊണ്ടു മായിരുന്നില്ല എം എ എന്ന മഹൽ വ്യക്തിത്വം രൂപപെട്ടത്. സമ്പത്ത് കൊണ്ട് മാത്രം ആരും ഒരു വ്യക്തി വൈശിഷ്ട്യവും നേടുന്നില്ല. ദുഷിക്കാനുള്ള സാധ്യതകൾ ഏറെയുമാണ്. എം എ സാധാരണ ധനികരിൽ നിന്നും വ്യത്യസ്ത നായി നിലകൊണ്ടു. ആരോടും യാതൊരു വിദ്വേഷവും പകയും പുലർത്താതെ നിഷ്ക്കളങ്കമായും തുറന്ന ഹൃദയത്തോടും ദൈവ പ്രീതി ആഗ്രഹിച്ചുകൊണ്ടും മാത്ര മായിരുന്നു അദ്ദേഹം ആളുകളെ സ്നേഹിക്കുകയും സഹായിക്കുക യും ചെയ്തിരുന്നത്. താനൊരു ധനികനാണെന്ന ഭാവം നോക്കിലും പ്രവർത്തിയിലും അദ്ദേഹത്തിന്റെ സംസാരത്തിലും ശരീര ഭാഷയി ലും പ്രകടമായിരുന്നില്ല. വിനയാന്വി തനായിരുന്നു എപ്പോഴും അദ്ദേഹം. ദൈവത്തോടുള്ള കടമ പൂർത്തിയാ കാനുള്ള ദൈവ സൃഷ്ടികളോടു ള്ള കടപ്പാടുകളുടെ നിർവഹണ മായിട്ടായിരുന്നു അദ്ദേഹം തന്റെ എല്ലാ ദാന ധർമ്മങ്ങളെയും ജീവകാരുണ്യ പ്രവർത്തനങ്ങളേ യും കണ്ടിരുന്നത്. നിർവ്യാജവും സമർപ്പിതവുമായ കർമ്മങ്ങളുടെ ഈ ദിവ്യ പ്രചോദനം കൊണ്ടായിരു ന്നു ആ പ്രവർത്തനങ്ങൾക്കെല്ലാം ഒരു സാത്വിക മാനം കൈവന്നതും ജനങ്ങളുടെ സ്നേഹമായി അത് പരിണമിച്ചതും. കൊണ്ട്വന്ന പണം ആവശ്യക്കാർക്ക് നൽകി ഡ്രൈവ റോട് പണം കടം വാങ്ങിയിട്ടാണ് അദ്ദേഹം ചിലപ്പോൾ വീട്ടിലേക്ക് തിരിച്ച് പോയത്. റസൂൽ തിരുമേനി (സ) പറഞ്ഞത് പോലെ പ്രചണ്ഡ മാരുതനെ പോലെ അദ്ദേഹം പലപ്പോഴും ഉദാരനാകുമായിരുന്നു. രോഗാതുരമായ അവസാനനാളു കളിൽ പള്ളിയിൽ ജുമഅക്ക് വരുമ്പോൾ പാവപ്പെട്ടവർക്ക് നൽകാനായി നോട്ടുകെട്ടുകൾ കൊണ്ടു വരികയും കോഴിക്കോട് ജില്ലാ അമീർ കെ എം അഹ്മദ് കോയാ സാഹിബിന്റെ സാഹായ ത്തോടെ അത് വിതരണം ചെയ്യുക യുമായിരുന്നു ചെയ്തിരുന്നത്. സഹായം ആവശ്യപ്പെട്ടു വരുന്ന ആരോടും അദ്ദേഹം ഇല്ല എന്ന ഒരു വാക്ക് പറഞ്ഞിരുന്നില്ല. മരിക്കുന്നതിന്റെ കുറച്ച് ദിവസം മുമ്പ് കോഴിക്കോട്ടെ പാവപ്പെട്ട ഒരു അഹ്മദിക്ക് കിണർ കുഴിക്കാൻ അദ്ദേഹം വലിയ ഒരു തുക നൽകി. കൊടിയത്തൂരിലെ കണ്ണാശുപത്രി നിർമ്മിച്ചതിൽ വലിയ പങ്കും എം എ യുടെതായിരുന്നു നാട്ടിൽ നടന്നിരുന്ന നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പാലീയേറ്റീ വ് സംരംഭങ്ങൾക്കും അദ്ദേഹം കൈയയച്ചു സംഭാവനകൾ നൽകി. അനേകം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ കാലത്ത് പഠിക്കാനു ള്ള ചിലവുകൾ അദ്ദേഹമാണ് വഹിച്ചത്. അനഹ്മദികളുടെ പള്ളി കൾക്കും മദ്രസ്സകൾക്കും അദ്ദേഹം വലിയ തോതിൽ സംഭാവകൾ നൽകി. പൊതു സ്ഥാപനങ്ങൾ ക്കും വ്യക്തികൾക്കും വീട് മേയാൻ തന്റെ ഓട്ട് കമ്പനിയിൽ നിന്നും ഓട് നൽകി സഹായിക്കു മായിരുന്നു. കോഴിക്കോട്ടെ പള്ളിയുടെ മുമ്പിൽ ഉയർന്ന് നിൽക്കുന്ന ലൈബ്രറിയും റീഡിംങ്ങ് റൂമും അടങ്ങുന്ന ഇരുനില കെട്ടിടം എം എ സ്വന്തം ചിലവിൽ നിർമ്മിച്ചു നൽകിയതാണ്. അത്പോലെ കേരളത്തിലെ മിക്കവാറും എല്ലാ അഹ്മദി പള്ളികൾക്കും വലിയ തോതിൽ അദ്ദേഹം സംഭാവന നൽകി. ജമാഅത്തിന്റെ എല്ലാ സാമ്പത്തിക പദ്ധതികളിലും പൂർണ്ണമായും അദ്ദേഹം സഹകരിക്കുകയുണ്ടായി. ഖുർആൻ പറഞ്ഞത് പോലെ *'ഫമൻ സായില ഫലാ തൻഹർ* = ചോദിച്ചു വരുന്നവനെ (ഇല്ല എന്ന് പറഞ്ഞ്) അകറ്റാൻ പാടില്ല' എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. ചോദിക്കുന്നവർക്കെല്ലാം അദ്ദേഹം നൽകി. അപ്രകാരം *വ ഫീ അൻവാലിഹിം ഹഖുൻ ലിസായിലി വൽ മഹ്റൂമി* = 'അവരുടെ ധനത്തിൽ ചോദിക്കു ന്നവർക്കും ചോദിക്കാത്തവർക്കും അവകാശമുണ്ട്' എന്നത് പ്രകാരം ചോദിക്കാത്തവർക്ക് അദ്ദേഹം അങ്ങോട്ട് ചെന്ന് സഹായം നൽകി. അങ്ങനെ ധനികന്റെ കടമകൾ അദ്ദേഹം പൂർണമായും നിറവേറ്റുക യായിരുന്നു.

കോഴിക്കോട് അമീർ ആയി രുന്ന കുഞ്ഞാമു സാഹിബ് 2007 ഫെബ്രുവരിയിൽ വഫാത്തായ പ്പോൾ ജില്ലാ അമീറായും കോഴി ക്കോട് ലോക്കൽ അമീറായും അദ്ദേഹം സേവനമനുഷ്ഠിക്കുകയു ണ്ടായി. എത്ര ചെറിയവനായാലും ഉന്നതനായാലും നീതി പാലന ത്തിൽ ഒരേ പരിഗണന വെച്ചാണ് അദ്ദേഹം പെരുമാറിയിരുന്നത്. ഇസ്ലാം അനുശാസിക്കും വിധം അദ്ദേഹം രമ്യമായും സൗഹൃദത്തി ലുമായിരുന്നു പ്രശ്നങ്ങൾ പരിഹരിച്ചിരുന്നത്. ഔപചാരികവും ശുഷ്ക്കവുമായ നിയമ പരിഹാര ങ്ങളേക്കാൾ വിട്ടു വീഴ്ച്ചയുടേയും പൊറുമയുടേയും ഹൃദ്യവും സ്നേഹ മസൃണമായ പ്രായോഗിക മാർഗ്ഗമായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്. ഇരുകക്ഷികൾ ക്കും ഉണ്ടാകുന്ന ആഘാതങ്ങൾ പരമാവധി കുറച്ച് സംഘർഷരഹിത മായി പ്രശ്നങ്ങൾ ലളിതമായി പരിഹരിക്കലായിരുന്നു എം എ യുടെ രീതി. അദ്ദേഹം കാണിച്ച നേതൃത്വ പാടവം മാതൃകാപരമായി രുന്നു.എല്ലാം പ്രശ്നങ്ങളേയും നർമ്മ ബോധത്തോടെ സമീപിച്ചി രുന്ന എം എ ക്ക് ഈ പ്രവർത്തന ങ്ങളെല്ലാം എളുപ്പത്തിൽ അനായാ സം പരിഹരിക്കാനുള്ള മികവും ഉണ്ടായിരുന്നു. എം എ യുടെ ചില കുറിക്ക് കൊള്ളുന്ന ഉദീരണങ്ങളും ഉക്തികളും പലരും ആപ്തവാക്യ ങ്ങൾ പോലെ സംഭാഷണങ്ങളിൽ ആവർത്തിക്കുന്നത് കേൾക്കാമായി രുന്നു. അദ്ദേഹം കാണിച്ച നേതൃത്വ പാഠവം മാതൃകാപരമായിരുന്നു. ടെൻഷൻ മുറ്റി നിൽക്കുന്ന കാര്യഗൗരവമാർന്ന ചർച്ചകളിൽ പോലും എം എ യുടെ ചില പ്രയോഗങ്ങൾ അന്തരീക്ഷമാകെ മാറ്റി അയവുള്ളതാക്കുകയും

ചെയ്യും. സാധാരണ സംഭാഷണ ശൈലിയിൽ പ്രഭാഷണത്തിന്റെ ചമയങ്ങളോ റഫറൻസോ ഇല്ലാതെ അദ്ദേഹം നടത്തുന്ന പ്രസംഗങ്ങൾ ഇത്തരത്തിൽ ലളിതവും പ്രായോഗിക മൂല്യമുള്ളതും അനുഭവ സമ്പന്നവുമായിരുന്നു. അതുകൊണ്ട് അവ ഹൃദയത്തിൽ തട്ടുന്നതുമായിരുന്നു.

അതീവ ഭക്തനായിരുന്ന എം എ മുഹമ്മദ് സാഹിബ് നമസ്ക്കാരത്തിൽ ഏറ്റവും കൃത്യത പാലിക്കുന്ന വ്യക്തിയായിരുന്നു. ധനിക സമൂഹത്തിന്റെ ഉന്നതതലത്തിൽ ഒരു പാട് വ്യക്തിബന്ധങ്ങളും സുഹൃദ് വലയങ്ങളും ഉണ്ടായിരുന്ന അദ്ദേഹത്തിന് മറ്റു പലവിധ പരിപാടികളിലും പങ്കെടുക്കാൻ അവസരമുണ്ടായിരുന്നു. എന്നാൽ മുറതെറ്റാതെ നാട്ടിലുണ്ടാകുന്ന എല്ലാ ദിവസവും വൈകുന്നേരങ്ങളിലും ഒഴിവുകിട്ടുന്ന അവസരങ്ങളിലും കഴിയുന്നത്ര നമസ്ക്കാര സമയങ്ങളിലും അഞ്ചാറ് കിലോമീറ്ററുകളോളം ഡ്രൈവ് ചെയ്ത് അദ്ദേഹം എന്നും കോഴിക്കോട്ടെ പള്ളിയിൽ എത്തുമായിരുന്നു. മുടങ്ങാതെ ഖുർആൻ ഓതുക എന്നത് അദ്ദേഹം ഒരിക്കലും മറന്നുപോകാത്ത ശീലമായിരുന്നു. 1964 ൽ ബൈഅത്ത് ചെയ്തതിന്ന് ശേഷം 1966 ൽ പരിശുദ്ധ ഹജ്ജ് കർമം അദ്ദേഹം നിർവഹിക്കുകയുണ്ടായി.

കുഞ്ഞാമു സാഹിബിന്റെ വഫാത്തിന് ശേഷം സത്യദൂതന്റെ പ്രിന്ററും പബ്ളിഷറുമായി എം എ മുഹമ്മദ് സാഹിബ് സേവനമനുഷ്ഠിക്കുകയുണ്ടായി. 2011 ൽ കോഴിക്കോട്ട് നിന്നും എറണാകുളത്തേക്ക് സത്യദൂതൻ പ്രിന്റിംങ്ങ് മാറി ബി ബി അഹ്മദ് കബീർ സാഹിബ് ആ സ്ഥാനത്ത് വരുന്നത് വരെ ആ സ്ഥാനത്ത് എം എ സാഹിബ് തുടർന്നു. കണ്ണിന്റെ അസുഖം കലശലാവുന്നത് വരെ സത്യദൂതന്റെ മുടങ്ങാത്ത വായനക്കാരനായിരുന്നു അദ്ദേഹം. സത്യദൂതന്റെ അക്ഷരത്തിന്റെ വലുപ്പം അൽപ്പം കൂട്ടിയത് അദ്ദേഹത്തിന്റെ കൂടി അഭിപ്രായം മാനിച്ചായിരുന്നു. വായിച്ച ലേഖനങ്ങളെ പറ്റിയുള്ള അഭിപ്രായങ്ങൾ ഈ ലേഖകനുമായി കണ്ടുമുട്ടുമ്പോഴെല്ലാം ചർച്ചചെയ്യാനും അദ്ദേഹം മറക്കാറില്ല. .

കോഴിക്കോട് ജില്ലയിലെ അറിയപ്പെടുന്ന വ്യവസായിയും ബിസിനസ്സ് കാരനും പ്ലാന്ററുമായിരുന്ന എം എ 20 വയസ്സുമുതൽ ബിസിനസ്സ് രഗത്തുണ്ട്. തൊട്ടതെല്ലാം പൊന്നാക്കി മാറ്റിയ ഗ്രീക്ക് രാജകുമാരനെപ്പോലെ അദ്ദേഹം തുടങ്ങി വെച്ച സംരംഭങ്ങളെല്ലാം ഉത്തരോത്തരം പുരോഗതിയിലേക്ക് നീങ്ങി. നൂറുക്കണക്കിന് ആളുകൾക്ക് ഉപജീവനം നൽകുന്ന തൊഴിൽ ദാതാവ് കൂടിയായിരുന്നു അദ്ദേഹം. കഠിനാദ്ധ്വാനവും സമർപ്പണവും ശുഭാപ്തി വിശ്വാസവും സർവ്വോപരി ദൈവികാനുഗ്രഹവുമാണ് ഈ രംഗത്ത് അദ്ദേഹത്തെ അതികായനായി മാറ്റിയത്. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനു ഗ്രഹിക്കുമാറാകട്ടെ. അദ്ദേത്തിന്റെ വിയോഗം മൂലം കുടുംബത്തിനും ജമാഅത്തിനും നാടിനുമുണ്ടായ നഷ്ടം അല്ലാഹു പരിഹരിച്ചു തരുമാറാകട്ടെ. ആമീൻ.

**ഭാര്യമാർ**: ജമീല സാഹിബ, പരേതയായ കെ. ആസ്യ സാഹിബ.
**മക്കൾ**: പരേതനായ എം. എ അബ്ദുൾ അസീസ്, എം. എ നാസർ (കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ്), എം. എ അഷ്റഫ് (ഫറോക്ക് ബോർഡ് ഡയറക്ടർ), എം. എ ബഷീർ (ഫറോക്ക് ബോർഡ് ഡയറക്ടർ) എം. എ റുഖിയ, എം. എ നർഗീസ്, എം. എ സലീന, എം. എ നജീന, എം. എ ഷെമീന, എം. എ റഹ്ന.
**മരുമക്കൾ**: എം. എ. കുട്ടി ഹസ്സൻ, ഡോ കെ. കെ അഹ്മദ് കുട്ടി, പരേതനായ യൂസുഫ് സിദ്ദീഖ് (ജോ. ആർ ടി ഓ), ഡോ. കെ ടി സലീം, ഡോ. എം എ. മജീദ്, ഡോ. എം. നസീം, എം ഹരീറ (ഫറോക്ക്), ബി. പി സുഹ്റ, അഫ്രീൻ.

**പേജ് 35 ൽ നിന്ന് തുടർച്ച**

പോർട്ട്ലണ്ട് ജമാഅത്തിന്റെ സ്ഥാപക പ്രസിഡന്റ് ഇപ്പോൾ വിശ്രമ ജിവിതം നയിക്കുന്ന പ്രസിദ്ധ ന്യൂറോ സർജ്ജനായ ഡോ. ത്വാഹിർ സാഹിബായിരുന്നു. പ്രശസ്തരും പ്രഗല്ഭരുമായ ഇവരെല്ലാം ജമാഅത്തിന്റെ എളിയ സേവകരും വിനയാന്വിതരും ഭക്തരുമാണ്.

മുപ്പത് മുതിർന്ന അംഗങ്ങളുള്ള ഈ ജമാഅത്തിന്റെ വാർഷിക ചന്ദ (വരിപ്പണം) പത്തേകാൽ മില്ല്യൻ ഡോളറാണ്. മറ്റിനങ്ങളിലുള്ള ചന്ദകൾക്കും ദാന ധർമ്മങ്ങൾക്കും പുറമെയാണിത്.

പതിനാല് ദിവസങ്ങളോളം ഞങ്ങൾ ഹോസ്പിറ്റലിൽ ചിലവഴിച്ചു. അതിൽ 7 ദിവസത്തെ ഞങ്ങളുടെ ഫീസ് 14000 ഡോളർ ഡോ. അഫ്താബ് അഹ്മദ് സാഹിബിന്റെ സ്വാധീനം കാരണം ഹോസ്പിറ്റൽ അധികൃതർ ഞങ്ങൾക്ക് ഇളവ് അനുവദിച്ചു തരികയുണ്ടായി.

ഇവർക്കെല്ലാം അല്ലാഹു അവന്റെ സഹായവും കാരുണ്യവും അനുഗ്രഹവും ചൊരിയുമാറാകട്ടെ എന്ന് അകമഴിഞ്ഞ് പ്രാർത്ഥിക്കുന്നു. മനുഷ്യന്റെ ജീവനാഡിയേക്കാൾ അടുത്ത് തന്നെ അല്ലാഹു ഉണ്ട്. സാത്വികരായ മനുഷ്യരുടെ പ്രാർത്ഥനകൾ അല്ലാഹു ശ്രവിച്ച് ഉത്തരം നൽകുന്നുവെന്നതിന് ഒരു ജീവിക്കുന്ന ഉദാഹരണമാണ് ഞാൻ. എനിക്ക് വേണ്ടി ദുആ ചെയ്യുകയും മറ്റു പലവിധത്തിലും സഹായിക്കുകയും ചെയ്ത എല്ലാവർക്കും പ്രത്യേകിച്ച് എന്റെ ചികിത്സക്ക് കളമൊരുക്കിയ ബശീർ സാഹിബിനും എന്റെ ബന്ധു മിത്രാദികൾക്കും ലോകത്തെങ്ങുമുള്ള അഹ്മദികൾക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. അല്ലാഹു അവരെയെല്ലാം അനുഗ്രഹിച്ച് പ്രതിഫലം നൽകുമാറാകട്ടെ. അല്ലാഹു എന്നും നമ്മോടൊപ്പം ഉണ്ടാവട്ടെ. ആമീൻ

കുറിപ്പുകൾ

# ആർക്കും വേണ്ടാത്ത പെൺകുട്ടികൾ

*ജീവനനോടെ കുഴിച്ചു മൂടപെട്ട പെൺകുഞ്ഞിനെപറ്റി അവൾ എന്തുകുറ്റം കാരണത്താലാണ് വധിക്കപ്പെട്ടതെന്ന് ചോദിക്കപ്പെടുമ്പോൾ (വിശുദ്ധ ഖുർആൻ 81: 8 –9)*

## മുസാഫിർ

പെൺകുഞ്ഞുങ്ങളുടെ തരുണ പ്രകൃതി കാരണം അവരെ പ്രത്യേക പരിഗണനയും സ്നേഹ വാത്സല്യങ്ങളും നൽകി വളർത്താനാണ് മതങ്ങളും മനുഷ്യത്വവും ആവശ്യപ്പെടുന്നത്. അത്തരത്തിൽ ദൈവം വിശ്വാസപൂർവ്വം മനുഷ്യനെ ഏൽപ്പിച്ച മനുഷ്യശിശുവിനെ ആചാര പിശാചും സ്വാർത്ഥതയും ബാധിച്ച ഇന്ത്യൻ സമൂഹം വിരിയുന്നതിന് മുമ്പ് ഗർഭപാത്രത്തിൽ വെച്ചുതന്നെ ചതച്ചരക്കപ്പെടുന്ന ഭീകരവും ഭീമവുമായ കണക്കുകളാണ് വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്. 2011 ലെ ഇന്ത്യൻ ജനസംഖ്യാ സ്ഥിതി വിവരക്കണക്കുകൾ മെഡിക്കൽ രേഖകളും പരിശോധിച്ച് വിശകലനം ചെയ്ത വിദഗ്ധന്മാർ ആൺപെൺ അനുപാതത്തിലെ ഭീമമായ അന്തരം ചൂണ്ടിക്കാട്ടിയതിന്റെ റിപ്പോർട്ട് കൽക്കത്തയിൽ നിന്നും പുറപ്പെടുന്ന 'ദ ടെലഗ്രാഫ്' (ജൂലായ് 26ന്) പ്രസിദ്ധീകരിച്ചിരിക്കുന്നു. വ്യാപകമായ പെൺഭ്രൂണ ഹത്യ മൂലം സ്ത്രീകളുടെ ജനസംഖ്യ ഗണ്യമായി കുറഞ്ഞു വരികയാണ്. സമൂഹത്തിലെ പൈശാചികമായ ആചാരങ്ങളുടെയും മനുഷ്യത്വഹീനമായ മൂല്യങ്ങളുടെയും കരാള ഹസ്തങ്ങൾ സ്ത്രീയുടെ ഗർഭപാത്രത്തിൽ കടന്ന് ചെന്ന് നിഷ്ക്കളങ്കയും നിസ്സഹായയുമായ മനുഷ്യ ശിശുവിനെ അറുകൊല ചെയ്യുകയാണ്. എല്ലാ നാടുകളിലെ കുടുംബങ്ങളിൽ നിന്നും അവൾ നിലവിളിക്കുകയാണ്. അബലയുടെ ഈ മൂക രോദനം ദൈവശിക്ഷ ക്ഷണിച്ചു വരുത്തുന്ന ഒരു ഭീകര പാതകമാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

അമേരിക്കയിലെ ടൊറണ്ടോ യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ ഗ്ലോബൽ ഹെൽത്ത് വാച്ച് എന്ന അന്തർ ദേശീയ സംഘടനയുടെ ആഭിമുഖ്യത്തിൽ പ്രഭാത് ജ്ഝായുടെനേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ട് വിശ്വപ്രസിദ്ധ മെഡിക്കൽ ജേർണലായ **'ലാൻസെറ്റ്'** പ്രസിദ്ധീകരിച്ചതിന്റെ സംക്ഷിപ്ത വിവരണമാണ് ദ ടെലഗ്രാഫ് റിപ്പോർട്ട് ചെയ്തത്.

1980 ന്നും 2010 നും ഇടയിൽ 12 ദശലക്ഷം പെൺഭ്രൂണ ഹത്യകളാണ് ഇന്ത്യയിൽ നടന്നിട്ടുള്ളതെന്നാണ് അവർ കണ്ടെത്തിയത്. 1991 ൽ ഇന്ത്യയിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ കുറവ് 4.2 ദശലക്ഷമായിരുന്നു. 2001 ൽ ഈ വ്യത്യാസം 6 ദശലക്ഷമായി വർദ്ധിച്ചു. 2010 ൽ ഇന്ത്യയിൽ 2 മുതൽ 4 ശതമാനം വരെ ഗർഭിണികൾ ലിംഗനിർണ്ണയം നടത്തി പെൺകുട്ടിയാണെന്നറിഞ്ഞ് ഗർഭഛിദ്രം നടത്തി (Selective abortion). ഈ സംഖ്യ 3 ലക്ഷം മുതൽ മുതൽ 4 ലക്ഷം വരെ വരും. ഇതേവർഷം മൊത്തം ജനിച്ചത് 13. 3 ദശലക്ഷം മുതൽ 13.7 ദശലക്ഷം വരെ പെൺകുട്ടികളാണ്. 2001 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ പെൺ ഭ്രൂണഹത്യയും ഗർഭഛിദ്രവും വീണ്ടും വർദ്ധിച്ചു 170 ശതമാനമായെന്നാണ് പഠനം വ്യക്തമാക്കുന്നത്.

ആൺ പെൺ ജനനത്തിലെ അന്തരം പഠിക്കാനായി 1990 ൽ നടന്ന 2,50,000 ജനനങ്ങൾ അവർ പരിശോധിച്ചു. ആദ്യ ശിശു പെൺകുട്ടിയായുള്ള സ്ത്രീകളുടെ രണ്ടാമത്തെ പ്രസവത്തിൽ 1000 കുട്ടികൾക്ക് 906 പെൺകുട്ടികൾ എന്ന അനുപാതമാണ് കണ്ടത്. 2005 ൽ അത് 1000 ആൺകുട്ടികൾക്ക്

836 പെൺകുട്ടികളായി കുത്തനെ വീണ്ടും താഴ്ന്നു. ആദ്യ ശിശു ആൺ മക്കളായ സ്ത്രീകളുടെ രണ്ടാമത്തെ പ്രസവത്തിൽ ഈ ഭീമമായ അന്തരം ദൃശ്യമല്ല. ഇതിൽ നിന്നും മനസ്സിലാവുന്നത് ആദ്യം പെൺകുട്ടി പിറന്നാൽ രണ്ടാമത്തെ തെങ്കിലും ആൺകുട്ടിയായിരിക്കണം എന്ന നിർബന്ധത്തിൽ ഗർഭകാലത്ത് ലിംഗപരിശോധ നടത്തുകയും പെൺഭ്രൂണത്തെ ഇല്ലാതാക്കുകയുമാണ് മനുഷ്യ കശാപ്പുകാരും കശാപ്പുകാരികളും ചെയ്യുന്നത്.

1990 മുതൽ ഇന്ത്യയിലെ ഗ്രാമങ്ങളിൽ പോലും അൾട്രാ സൗണ്ട് സ്കാനിംഗ് വ്യാപകമായ തോടെയാണ് ഈ പ്രവണത ഗുരുതരമായി വർദ്ധിച്ചത് എന്ന് പഠനം ചൂണ്ടികാണിക്കുന്നു. മറ്റൊരു പ്രധാന കാര്യം ഇന്ത്യയിൽ സമ്പന്നർക്കും വിദ്യാഭ്യാസം ലഭിച്ച വർക്കുമിടയിലാണ് പെൺ ഭ്രൂണ ഹത്യയും ഗർഭഛിദ്രവും കൂടുതൽ കാണുന്നത്. ഇതിന് കാരണം ആധുനിക മെഡിക്കൽ സംവിധാനങ്ങൾ ഉപയോഗിക്കാൻ ഈ വിഭാഗത്തിന് എളുപ്പത്തിൽ സാദ്ധ്യമാവുന്നു എന്നതാണ്. പാവങ്ങൾക്കിടയിലും വിദ്യാഹീനർക്കിടയിലും ഈ സൗകര്യം കുറവാണ് അത് കൊണ്ട് മധ്യവർഗ്ഗത്തെയും സമ്പന്നരെയും അപേക്ഷിച്ച് പാവങ്ങളിൽ ഈ പ്രവണത കുറവാണ്.

മറ്റൊരുകാരണം ചൂണ്ടി കാണിക്കപെടുന്നത് ഗവൺമെന്റ് ഇക്കാര്യത്തിൽ കാണിക്കുന്ന ഉദാസീന മനോഭാവമാണ്. ഗവൺമെന്റിന്റെ ജനസംഖ്യാനയത്തിൽ എങ്ങനെയെങ്കിലും ജനസംഖ്യ കുറക്കണമെന്ന വ്യഗ്രതയാണ് കാണുന്നത്. അതിനാൽ ഭ്രൂണഹത്യയോടും ഗർഭഛിദ്രത്തോടും അയഞ്ഞ നിലപാടാണ് ഈ കാര്യത്തിൽ സർക്കാർ സ്വീകരിച്ചു വരുന്നത്. 1971 വരെ ഇന്ത്യയിൽ Medical Termination of Pregnacy Act (MTP) നിയമ പ്രകാരമായിരുന്നു ഗർഭചിദ്രം അനുവദിച്ചത്. ആ നിയമ പ്രകാരം ഗർഭിണിയുടെ ജീവൻ രക്ഷിക്കാനൊഴികെ ഗർഭഛിദ്രം നടത്തിയാൽ ഗർഭിണിക്ക് 7 വർഷം തടവും പിഴയും ഡോക്ടർക്കോ ഗർഭഛിദ്രത്തിന്ന് സഹായിച്ച സൂതികർമിണിക്കോ 3 വർഷം തടവും പിഴയും ശിക്ഷലഭിക്കും. 1971 ൽ ഇന്ത്യൻ പാർലമെന്റ് ഈ നിയമം ഭേദഗതി ചെയ്ത് ഉദാരമാക്കി. അതിൽ ഗർഭധാരണം കാരണമായി സ്ത്രീയുടെ മാനസികവും ശാരീരികവുമായ നില അപകടപ്പെടൽ, അംഗവൈവകല്യങ്ങളോടെ ശിശു ജനിക്കുമെന്ന ഭീതി, ബലാൽസംഗം മൂലമുണ്ടായ ഗർഭം, 18 വയസ്സിന് മുകളിലുള്ള അവിവാഹിതയായ സ്ത്രീയുടെ ഗർഭം (അവരുടെ സ്വന്തം സമ്മതത്തോടെ), 18 വയസ്സിനു താഴെയുള്ള അവിവാഹിതയായ സ്ത്രീയുടെ ഗർഭം (രക്ഷിതാവിന്റെ സമ്മതത്തോടെ), മാനസിക രോഗിയുടെ ഗർഭം (രക്ഷിതാവിന്റെ സമ്മതത്തോടെ), വന്ധ്യകരണം നടത്തിയിട്ടും യാദൃച്ഛികമായുണ്ടാകുന്ന ഗർഭം മുതലായവ ഗർഭഛിദ്രത്തിനു വിധേയമാക്കാവുന്നതാണ്. ഈ നിയമത്തിന്റെ സൂക്ഷ്മമായ നൈതികവും ധാർമികവുമായ വശം ഇവിടെ പരിശോധിക്കാൻ മുതിരുന്നില്ല. ഏതായാലും ചികിത്സക്കും മനുഷ്യ ജീവന്റെ രക്ഷക്കും വേണ്ടിയുള്ള ഇത്തരം നിയമങ്ങൾ പരക്കെ ദുരുപയോഗം ചെയ്യുന്നതായാണ് കാണുന്നത്. ഗർഭധാരണം പോലെ ഗർഭഛിദ്രവും സ്ത്രീയുടെ കേവലാവകാശമാണെന്ന് ഈ നിയമത്തിലെ പഴുതുപയോഗിച്ച് അധാർമിക വാദമുയർത്തുന്ന സ്ത്രീ സ്വാതന്ത്ര്യ വാദികളുമുണ്ട്.

1990 കളിൽ ശബ്ദ തരംഗങ്ങളുപയേഗിച്ചുള്ള അൾട്രാ സോണാർ പരിശോധന പ്രചാരത്തിലായതിന് ശേഷമാണ് ഇത്ര വ്യാപകമായ തോതിൽ പെൺഭ്രൂണഹത്യ വർദ്ധിച്ചത്. ഈ ആവശ്യത്തിന് വേണ്ടി പ്രസ്തുത നിയമം എളുപ്പത്തിൽ ദുരുപയോഗം ചെയ്യാമായിരുന്നു. .സോണാർ ടെസ്റ്റ് കൂടാതെ ഗർഭസ്ഥ ശിശുവിന്റെ ജനിതക പരവും ഉപാപജയപരവുമായ (Matabolic) വൈകല്യങ്ങൾ, ക്രോമോസോം വൈകല്യങ്ങൾ, ചില ജന്മജാത രോഗങ്ങൾ മുതലായ വൈകല്യങ്ങൾ തിരിച്ചറിയാൻ ഗർഭപാത്രത്തിൽ നിന്ന് അമിയോട്ടിക് ദ്രവം കുത്തിയെടുത്ത് കൂടുതൽ സൂക്ഷ്മതയോടെ പരിശോധന നടത്തുന്ന സമ്പ്രദായവുമുണ്ട് ആദ്യത്തെ ആഴ്ച്ചകൾക്കുള്ളിൽ തന്നെ ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയം നടത്താൻ ഈ പരിശോധനയിലൂടെ സാധിക്കും. സാമൂഹ്യ സംഘടനകളും ഗവൺമെന്റിതര സംഘടനകളും ഈ പൈശാചിക കൃത്യത്തിനെതിരെ മുറവിളികൂട്ടിയതിന്റെ ഫലമായി ഇന്ത്യൻ പാർലമെന്റ് ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയ പരിശോധന നിയന്ത്രിക്കാനും അതിന്റെ ദുരുപയോഗം തടയാനും 1994ൽ Pre-Natal Diagnostic Techniques Act (Regulation and Prevention -PNDT Act) പാസ്സാക്കി. 1996 ജനുവരി 1 മുതൽ അത് പ്രാബല്യത്തിൽ വരികയുണ്ടായി. ഇതിനകം ലിംഗനിർണ്ണയം നടത്താൻ അത്യന്താധുനികമായ പല രീതികളും നിലവിൽ വന്നു. സമൂഹത്തിന്റെ ഹീന മനോഭാവം ചൂഷണം ചെയ്ത് ഈ കശാപ്പു വ്യവസായം കൊഴുപ്പിക്കാൻ ചില ഡോക്ടർമാർ വൈകിയില്ല. ഗർഭധാരണത്തിന് മുമ്പ് തന്നെ ലിംഗനിർണ്ണയം നടത്തി പെൺ ഭ്രൂണത്തിന്റെ സാദ്ധ്യത ഇല്ലാതാക്കുന്ന സ്പേം സപറേഷൻ ടെക്നിക് (Sperm Seperation Technic) ടെസ്റ്റ്ട്യൂബ് ബീജസങ്കലനം മുതലായ ആധുനിക സങ്കേതങ്ങൾ വളരെ സൂക്ഷ്മവും പ്രാഥമികവുമായ അവസ്ഥയിൽ ഗർഭധാരണം നടക്കുന്നതിന് മുമ്പ് തന്നെ ലിംഗം തിരിച്ചറിയാനോ നിയന്ത്രിക്കാനോ സാധിക്കുന്നതാണ്. വളരെ പ്രാഥമിക ഘട്ടത്തിൽ ഇത്തരം നശീകര

ണം നടത്തുമ്പോൾ അതിന്റെ സാമൂഹികവും നൈതികവുമായ പ്രത്യാഘാതം കുറഞ്ഞുകിട്ടുമെന്ന സൗകര്യവുമുണ്ട്. ഗർഭധാരണ ത്തിന് മുമ്പുള്ള അവസ്ഥയിൽ നിർണ്ണയം നടത്തി ദുരുപയോഗം ചെയ്യുന്നത് തടയാൻ മേൽപറഞ്ഞ നിയമത്തിനാകുമായിരുന്നില്ല. അത്കൊണ്ട് ഗർഭധാരണത്തിന് മുമ്പും ലിംഗനിർണ്ണയ പരിശോധന യും ദുരുപയോഗവും തടയാൻ '*ഗർഭധാരണത്തിന് മുമ്പും*' (Pre-Conception) എന്ന വാക്ക് കൂട്ടി ചേർത്ത് പ്രസ്തുത നിയമം PC & PNDT Act എന്ന് ഭേദഗതി ചെയ്യുകയുണ്ടായി. 2003 ഫെബ്ര: 14 മുതൽ രാജ്യത്തെ നിയമം അതാണ്. നിയമങ്ങൾ എത്രയുണ്ടാ യിട്ടും അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധമായ ഈ കുറ്റകൃത്യം നിർബാധം തുടരുകയാണ്. ഇതിന് മുഖ്യമായ കാരണം ലിംഗ നിർണ്ണയം നടത്തി പെണ്ണിനെ തിരിച്ചറിഞ്ഞ് നശിപ്പിക്കുന്ന ഈ കിരാത കൃത്യം ഒരു ക്രിമിനൽ കുറ്റമായി കണ്ട് ഇന്ത്യൻ പീനൽ കോഡിന്റെ കീഴിൽ കൊണ്ടു വരാൻ നിയമം വ്യവസ്ഥ ചെയ്തി ട്ടില്ല. മെഡിക്കൽ പ്രൊഫഷന്റെ ഒരു ചട്ട ലംഘനം എന്ന നിലക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ് ഈ കാര്യത്തിൽ തീരു മാനമെടുക്കുന്നത്. അത്കൊണ്ട് വളരെ അപൂർവ്വമായേ ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യുന്ന ക്രിമി നലുകൾ ശിക്ഷിക്കപ്പെടുന്നുള്ളൂ. മത്രമല്ല വ്യഭിചാരം പോലെ ആ കൃത്യം നിർവ്വഹിക്കുന്ന ഡോക്ട റും അതിന് വിധേയമാവുന്ന സ്ത്രീയും ഒത്തു ചേർന്നുള്ള കുറ്റകൃത്യമാണ്. ഈ കുറ്റകൃത്യ ത്തിൽ അന്യായക്കാരൻ പ്രതിക്കെ തിരെ നീതിപീഠങ്ങൾക്ക് മുമ്പിൽ പരാതിയുമായി പോവുന്ന പ്രശ്നം ഉദിക്കുന്നില്ല. പിടികൂടേണ്ട പോലീ സാവട്ടെ ഇത്തരം കാര്യങ്ങൾ ക്കൊന്നും മിനക്കെടാറുമില്ല. പിന്നെ സാമൂഹിക സംഘടനകളും മനുഷ്യ സ്നേഹികളുമാണ് ഈ പ്രശ്നം ഉന്നയിച്ച് ബഹളം വെക്കുന്നത്. സമൂഹത്തിൽ ഉന്നത ങ്ങളിൽ പിടിപാടുള്ള ഡോക്ടർ മാരും അധികാരികളും ചേർന്നുള്ള മാഫിയാ സംഘങ്ങളാണ് ഇത്തരം ക്ലിനിക്കുകൾക്ക് പല സംസ്ഥനങ്ങ ളിലും കൂട്ടനിൽക്കുന്നത്. ത്യാഗനിർ ഭരമായ സേവനം നടത്തുന്ന ഡോക്ടർമാരിൽ നിന്ന് ഈ കശ്മലന്മാരെ സമൂഹം തിരിച്ചറി യേണ്ടിയിരിക്കുന്നു.

ദരിദ്ര കുടുംബങ്ങളേക്കാൾ സമ്പന്ന ഇടത്തരം കുടുബങ്ങളി ലാണ് പെൺഭ്രൂണഹത്യ കൂടുതൽ നടത്തുന്നതെന്ന് പഠനങ്ങൾ വ്യക്ത മാക്കുന്നു. ആധുനിക മെഡിക്കൽ സൗകര്യങ്ങൾ പ്രാപിക്കാനുള്ള കഴിവും പണവും അതിനുള്ള മിടുക്കും അവർക്കാണുള്ളത്. ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ വിഭാഗവും ഐക്യരാഷ്ട്ര സഭയും ചേർന്ന് പ്രസിദ്ധീകരിച്ച Pre-conception and Pre-Natal Diagnostic Techniques (Regulation and Prevention of Misuse) Act, 1994 -Answer to Frequent ask Questions എന്ന ലഘുലേഖയിൽ ഇന്ത്യയിൽ പല സ്ഥലങ്ങളിലും സ്ത്രീകളുടെ കുറവ് അനുഭവപ്പെട്ടി രിക്കുന്നു എന്ന് കണക്കുകളു ദ്ധരിച്ച് പറയുന്നു. അതിനാൽ പല സ്ഥലങ്ങളിലും ബഹു ഭർതൃത്വ സമ്പ്രദായം തിരിച്ചുവരികയാണെ ന്ന് പറയുന്നു. 2001 Oct 28 Pioneeer പത്രത്തിൽ അരുണാദ ത്ത് എഴുതിയ ലേഖനത്തിൽ പടിഞ്ഞാറൻ രാജസ്ഥാനിലെ ബാർമർ ജില്ലയിലെ രജപുത്രന്മാർ ക്ക് പ്രാമുഖ്യമുള്ള റത്തോർ ജാതിയിലെ ഒരു കൂട്ടുകുടുംബ ത്തിൽ ഓരോ കുടുംബത്തിലും രണ്ടോ മൂന്നോ ആൺകുട്ടികളാണു ള്ളത് 400 കുടുംബാംഗങ്ങളുള്ള ആ കൂട്ടുകുടുംബത്തിൽ കേവലം 2 പെൺകുട്ടികൾ മാത്രമേയുള്ളൂ. ആ ലഘുലേഖയിൽ ജെയ്സൽമിൽ ജില്ലയിലെ ദേവ്റ വില്ലേജിൽ 110 വർഷങ്ങൾക്ക് ശേഷം 1997 ലാണ് ഒരു പെൺകുട്ടിയുടെ വിവാഹ ത്തിന് സാക്ഷ്യം വഹിച്ചത്. ആ ലഘു കൃതിയിൽ 8 സഹോദരന്മാർ വിവാഹം കഴിച്ച് ഒരു പെൺകുട്ടി യുടെ ഭർതൃ സംഘത്തോടൊപ്പം നിൽക്കുന്ന ഫോട്ടോയും ലഘു ലേഖയിലുണ്ട്.

മിക്ക ഇന്ത്യൻ കുടുംബങ്ങളി ലും മക്കളെ വളർത്തുന്നത് പോലും ലാഭനഷ്ടങ്ങളുടെ കണക്കനുസിച്ചാ ണ്. സ്ത്രീ വിവാഹ ശേഷം സ്വകുടുംബത്തിൽ നിന്ന് വിട്ടു പോയി ഭർത്താവായ അന്യപുരുഷ ന് സേവനം ചെയ്യേണ്ടവളാകയാൽ അവളെകൊണ്ട് തങ്ങൾക്ക് യാതൊ രു പ്രയോജനവും ലഭിക്കില്ല എന്ന ചിന്തയുടെ അടിസ്ഥാനത്തിലുള്ള സമീപനമാണ് ചെറുപ്പത്തിലെ പെൺശിശുവിനോടുള്ള അവഗണ നയുടെ ഒരു കാരണം. പ്രായമാ യാൽ തങ്ങളെ സംരക്ഷിക്കേണ്ടത് ആൺ സന്തതിയാണെന്ന ചിന്ത യിൽ കുടുംബത്തിന്റെ പരിഗണന മുഴുവൻ ആൺ സന്തതിക്ക് പോകുന്നു. സ്ത്രീധനാധിഷ്ഠിത വിവാഹം നടക്കുന്ന സമൂഹങ്ങളിൽ പെൺകുഞ്ഞ് ഭാരം പേറുന്ന ഒരു ദുശ്ശകുനമായിട്ടാണ് കുടുംബത്തി ൽ വളരുന്നത്. മിക്ക ഇന്ത്യൻ കുടുബങ്ങളിലുംആൺ സന്തതിയെ പോലെ നല്ല പോഷണമോ വിദ്യാ ഭ്യാസമോ ശ്രദ്ധയോ പെൺകുട്ടി കൾക്കും കുടുംബങ്ങളിൽ ലഭിക്കാ റില്ല. ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് പെൺ കുഞ്ഞ് ജനിച്ച ഒരു മനുഷ്യന്റെ അവസ്ഥ വിശുദ്ധ ഖുർആൻ വരച്ചുകാട്ടുന്നു. ***അവരിലൊരാൾക്ക് പെൺകുട്ടി ജനിച്ചുവെന്ന സന്തോഷ വാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കരുവാളിച്ചു പോകുന്നു. അവൻ കോപം ഉള്ളിലടക്കി നിർത്തുന്ന വനായിരിക്കും. അവന് അനുമോദ നം നൽകപ്പെട്ടതിന്റെ ദോഷം നിമിത്തം അവൻ ജനങ്ങളിൽ നിന്നും ഒളിക്കുന്നു. അപമാനം സഹിച്ചു കൊണ്ട് അവൻ അതിനെ (പുത്രിയെ) വെച്ചു കൊണ്ടിരിക്കു മോ? അതല്ല, അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ എന്ന് ആലോചി ക്കുന്നു. അറിയുക അവർ വിധി ക്കുന്നത് വളരെ വിചിത്രം തന്നെ (വി: ഖുർആൻ 16: 59)***




യുകെ ടിൽഫോഡിലെ ഇസ്‌ലാമാബാദിൽ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) ഉദ്ഘാടനം ചെയ്ത മുബാറക്ക് മോസ്ക്.



മജ്‌ലിസ് അൻസാറുല്ലായുടെ എറണാകുളം - ആലപ്പുഴ ജില്ലാ ഇജ്തിമ മജ്‌ലിസ് അൻസാറുല്ലാ സൗത്ത് ഇന്ത്യ നായിബ് സദർ യു. മൻസൂർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. എറണാകുളം ജില്ലാ അമീർ ടി. കെ.അബൂബക്കർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. സൗത്ത് ഇലാഖാ നാസിം എം. താജുദ്ദീൻ സാഹിബ്, മാലിക്ക് അമീൻ സാഹിബ്, റിയാസ് ഫിർദൗസ് സാഹിബ്, മൗലവി സി.എൻ.താഹിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.



Published on 7.07.2019
Pages 44
Vol: 91 Issue. 07
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly



INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org